1.EXT കടപ്പുറം സന്ധ്യ

അന്തിവെയില്ല പരന്ന കടപ്പുറം. കടൽ ശാന്തമാണ്.പോക്കുവെയിലിൽ ഭൌതീകാതീതമായ കാഴ്ച പോലെ കടൽ . അകലെ നിന്ന് നേരിയ ക്ളാരനറ്റ് സംഗീതം കേൾക്കാം.കടപ്പുറത്തു ജീവിക്കുന്ന ഒരു നാടൻ പട്ടി കുറുകെ കടന്നു പോകുന്നു.

CUT TO

2. EXT റോഡ് സന്ധ്യ

റോഡിലൂടെ പതുക്കെ വരുന്ന സ്വകാര്യ ബസ്സ്. ആളൊഴിഞ്ഞ ബസ്സിലെ അരികു സീറ്റിലിരുന്ന് ഉറക്കത്തിലമർന്ന വാവച്ചൻ (60).ക്ളാരനറ്റ് സംഗീതം നേർത്ത സ്വരത്തിൽ കേൾക്കാം.സ്വപ്നത്തിലേക്കു സഞ്ചരിക്കുന്നതു പോലെ.

CUT TO

വാവച്ചന്റെ സ്വപ്നം.

3.EXT കടൽ തീരം സന്ധ്യ

മനോഹരമായ കടൽത്തീരം. നീണ്ട കറുത്ത അങ്കിയണിഞ്ഞ പുരോഹിതന്മാരേ പോലെയുള്ള ഒരു സംഘം നടന്നു വരുന്നു.ഗാംഭീര്യം നിറഞ്ഞ കാഴ്ചയാണത്. അവർക്കു മുന്നിലായി വെളുത്ത അങ്കിയണിഞ്ഞ മാലാഖമാരെ ഓർമ്മപ്പെടുത്തുന്ന കന്യകമാർ ലില്ലിപ്പൂക്കൾ നിറച്ച ഒരു ശവമഞ്ചം ചുമന്നു വരുന്നു. ശവമഞ്ചത്തിൽ കിടക്കുന്നത് വാവച്ചനാണ്. ക്ളാരനറ്റ് സംഗീതം നേർത്ത സ്വരത്തിൽ വളരുന്നു.

4.EXT കവല സന്ധ്യ

ബസ്സ്സ്റ്റോപ്പും പള്ളിയും കുറേ ചെറിയ കടകളും ക്ളബ്ബുമുള്ള കവലയിൽ നിന്ന് ക്ളാരനറ്റ് സംഗീതം കൂടുതൽ ഉച്ചത്തിൽ കേൾക്കാം.

CUT TO

4A.INT ക്ളബ്ബ് സന്ധ്യ

ചെറിയ ക്ളബ്ബിലെ സ്റ്റൂളിലിരുന്ന് കൊച്ചാൽബി എന്നു പേരുള്ള കുറിയ മെലിഞ്ഞ ആൽബി (33)യാണതു വായിക്കുന്നത്. പിന്നിലിരുന്ന് പരദൂഷണം പറയുന്ന ചൌരോയും (60) വേലായിയും (55).ചൌരോ ഈർഷ്യയോടെ കൊച്ചാൽബിയെ നോക്കി.

ചൌരോ
പണ്ടാരംപിടിക്കാൻ ഈ കാലനെന്തിനാടാ ചത്തവീട്ടിലപ്പാട്ട് പാടണത്..

വേലായി
ഒന്നു മുണ്ടാണ്ടിരി ചൌരോച്ചേട്ടാ അവൻ പാടട്ടേന്ന്... ആ ചെക്കന് പാടാനൊരവസരം കൊട്..

ചൌരോ
ഈ ഇവന്റ മരണം എൻറ കൈകൊണ്ടായിരിക്കുന്നാണ് തോന്നണത്..

വായ്പൊത്തി ചിരിയമർത്തുന്ന വേലായി.

CUT TO

5.EXT കടപ്പുറം സന്ധ്യ

ആളൊഴിഞ്ഞ കടപ്പുറത്ത് വഞ്ചിയിൽ ചാരിയിരിക്കുന്ന ശിവനപ്പൻ (22). ഇത്തിരി മാറി അഗ്നീസ (18).പ്രേമത്തേക്കാളുപരി കാമബന്ധരാണവർ . ശിവനപ്പൻ ആർത്തിയോടെ അവളെ നോക്കിയിട്ട്

ശിവനപ്പൻ
എടീ അഗിനീസേ ഇങ്ങാട്ടട്ത്തിരിക്കെന്ന്

നിസ
നിസേന്ന് വിളിച്ചാമതിയെടോ..എന്തിനാണിത്രേം നീട്ടിപ്പരത്തി വിളിക്കണത്..

ശിവനപ്പൻ
നിസക്കൊച്ചിങ്ങോട്ടടുത്ത് വാടോ..

നിസ നാണത്തോടെ ചുറ്റും നോക്കി ആരുമില്ലെന്ന് ഉറപ്പുവരുത്തി അവൻറെ അരികിൽ വന്നിരിക്കുന്നു.ശിവനപ്പനവളെ കെട്ടിപ്പിടിക്കുന്നു.പട്ടിയുടെ സ്വരം കേൾക്കാം.

നിസ
എടോ ആരെങ്കിലും കാണോട്ടാ

ശിവനപ്പൻ മറുപടി പറയാതെ അവളെ കെട്ടിപ്പിടിച്ചും ഉമ്മവച്ചും കൊണ്ടിരിക്കുന്നു.ക്യാമറ അവരിൽ നിന്ന് ഉയർന്ന് ദൂരെ അവരുടെ പിന്നിലൂടെ കടലരികിലൂടെ ഒരു വൃദ്ധനും മദ്ധ്യവയസ്കനും നടന്നു വരുന്നത് പകർത്തുന്നു.നെറുകയിൽ തീരെ മുടിയില്ലാത്ത വൃദ്ധൻ ചെവിക്കു മേലെ വളരുന്ന നരച്ച മുടി നീട്ടി വളർത്തിയിരിക്കുകയാണ്. പൌരാണികനായ ഒരു പുണ്യാത്മാവിനെ ഓർമ്മപ്പെടുത്തുന്ന രൂപം. മദ്ധ്യവയസ്കക്കൻ കറുത്ത കുറിയാൻ .അവരുടെ വരവ് കമിതാക്കളറിഞ്ഞതേയില്ല. ആ രണ്ടുപേർ വഞ്ചിയുടെ മറുവശത്ത് കുത്തിയിരിക്കുന്നു. മദ്ധ്യവയസ്കൻ വഞ്ചി ഉലയുന്ന മട്ടിൽ അമർന്നിരുന്ന് ഒരു കുസൃതിച്ചിരി ചിരിക്കുന്നു. വഞ്ചി ഉലഞ്ഞതും നിസയും ശിവനപ്പനും ഞെട്ടിയെണീറ്റു. നിസ ആ അപരിചിതരെ കണ്ടതും ഇടം വലം നോക്കാതെ പായുന്നു. പിന്നാലെ ശിവനപ്പനും. പൊട്ടിച്ചിരിക്കുന്ന ആ രണ്ടുപേർ ചീട്ടു കളി തുടങ്ങുന്നു. നാടൻ പട്ടി വഞ്ചിയിൽ നിന്ന് തല പൊക്കി അവരെ നോക്കുന്നു.

CUT TO

6.EXT കവല സന്ധ്യ

ജെട്ടിയിൽ നിന്നു വരുന്ന ആളുകളുടെ കൂട്ടത്തിൽ വാവച്ചനേയും കാണാം.ബോട്ടിലിരുന്നുറങ്ങിയിരുന്ന വാവച്ചൻ അതേ അഴുക്കുള്ള മുണ്ടും കുപ്പായവും അണിഞ്ഞ് കൈയ്യിൽ നീളൻ സഞ്ചിയുമായി നടക്കുന്നു.സഞ്ചിയിൽ നിന്നു നീണ്ടു നില്ക്കുന്ന താറാവിൻറെ തല കാണാം. അയാൾ നടന്നു വരുന്ന വഴി ക്ളബ്ബിലിരിക്കുന്ന ചൌരോയേയും വേലായിയേയും കണ്ടു. കൊച്ചാൽബിയുടെ പാട്ടും കേൾക്കുന്നുണ്ടയാൾ . കൈവീശി കടന്നു പോയ വാവച്ചനെ ചൌരോ വിളിക്കുന്നു.

ചൌരോ
വാവച്ചാ...നിക്കടാവട..നീയെങ്ങാട്ടാണീ പാഞ്ഞുപിടിച്ച് പോണത്

വാവച്ചൻ ക്ളബ്ബിൻറെ മുന്നിലേക്കു വന്ന് ഈർഷ്യയോടെ ചൌരോയെ നോക്കി

വാവച്ചൻ

അന്തിക്കരിപ്പലായല്ലാ, നിന്റൊട്ടക്കത്ത
വായീനോട്ടം നിർത്തി വീട്ടീപ്പോടാ ചൌരോ..

ചൌരോ
പോടാപ്പനേ, ചെറുപ്പക്കാരിങ്ങനേക്കേണ്..അല്ലേ,
കൊറേ കാലമായല്ലാ നെന്ന
കണ്ടട്ട്..എവടപ്പോയ് കെടക്കേയിരുന്നടാ..

വാവച്ചൻ
നിന്നാട് വർത്താനിക്കാൻ എനിക്ക്
നേര്യല്ല..ഞാൻ വീട്ടിലാട്ട് പോട്ടേ..

ചൌരോ
ങ്ഹാ വല്ലപ്പളം വീട്ടീക്കേറണ
നല്ലതാണ്..അല്ലേച്ചെലപ്പ കണ്ട അരേമ്മാർട
കൊച്ചിന്റപ്പ്പനാകും നീ പറഞ്ഞില്ലന്ന വേണ്ട.

ക്ഷുഭിതനായ വാവച്ചൻ മുന്നോട്ടു കേറി വന്നു. കൊച്ചാൽബി ക്ളാരനറ്റു വായന നിർത്തി.

വാവച്ചൻ
എന്താടാ പറഞ്ഞത്..

ചൌരോ
സംശയൊണ്ടങ്കി മോളോട്ട ചെന്ന
ചോദിക്കടാ..കടപ്പൊറത്തു പാട്ടാണ്..നിന്റ മോക്ക
വയറ്റിലെണ്ട്ന്നാണെല്ലാരും
പറേണത്..അതെങ്ങനേണ് പുള്ളാര് കാരണോമ്മാര
കണ്ടുപടിക്കേല്ലേ..

വാവച്ചൻ
പുണ്ടച്ചി മോനേ..നിന്റമ്മക്കാടാ വയറ്റിലായത്..

ക്ളബ്ബിലേക്കു കയറി വന്ന വാവച്ചൻ ക്ളാരനറ്റു പിടിച്ചു വാങ്ങി ചൌരോയുടെ മുഖത്ത് ആഞ്ഞടിച്ചു. മുഖം നിറയെ ചോരയുമായി ചൌരോ വീണു.വാവച്ചന്റെ സഞ്ചി തെറിച്ചു വീണപ്പോൾ അതിൽ നിന്നു പഴയ 500ന്റെ നോട്ടുകൾ ചിതറി. ഒടിഞ്ഞുപോയ ക്ളാരനറ്റ് വലിച്ചെറിഞ്ഞ്,നോട്ടുകൾ സഞ്ചിയിലേക്കു വാരിക്കൂട്ടി കടന്നു പോകുന്ന വാവച്ചൻ . കൊച്ചാൽബി പൊട്ടിയ ക്ളാരനറ്റ് നോക്കി വിഷമിച്ചു നിന്നു.

CUT TO

7. EXT വാവച്ചന്റെ വീട് രാത്രി

താഴ്ന്ന ഇടത്തരം ലത്തീൻ ക്രിസ്ത്യാനി വീട്. നീളൻ വരാന്ത അരമതിലോടു കൂടിയത്. പെയിൻറു ചെയ്തിട്ട് കാലങ്ങളായി. മതിലിൽ ധാരാളം പഴയ ഫോട്ടോഗ്രാഫുകൾ പണ്ടത്തെ മോഡൽ കറുത്ത ഫ്രെയിം ചെയ്ത് തൂക്കിയിട്ടിട്ടുണ്ട്.വാവച്ചൻ തുണി സഞ്ചിയുമായി വരുന്നു. വഴിയേ വലയിൽ തടഞ്ഞ മീനുമായി പോകുന്ന നാണുവിനെ 40, കണ്ട് വാവച്ചൻ കുശലം ചോദിച്ചു.

വാവച്ചൻ
നാണുവേ.മീന് വല്ലോം തടഞ്ഞോടാ..

നാണു
ഒ◌ാ..കടലു കരിഞ്ഞുകെടക്കേണപ്പാ,
പച്ചതൊട്ടില്ല..

വാവച്ചൻ ഒരു നൊടി വീടിലേക്കു നോക്കി നിന്നു. പരിശുദ്ധാത്മാവിയുടെ വരവു പോലെ, വാതില്ക്കലെ ട്യൂബ് ലൈറ്റ് തെളിയുന്നു. വാവച്ചൻ അകത്തേക്കു കയറുന്നു. ചവിട്ടു കയറാനൊരുങ്ങിയ വാവച്ചൻ പെട്ടെന്ന് ഒന്നു നിന്നു. അകമുറിയിൽ അയാളുടെ വരവും നോക്കി നില്ക്കുന്ന ഭാര്യ പെണ്ണമ്മ (55) നൈറ്റിയാണിട്ടിരിക്കുന്നത്.

പെണ്ണമ്മ
എവിടായിരുന്നു ആന്പ്രന്നോര്..എറങ്ങി പോകുമ്പ
ഒന്നു പറഞ്ഞിട്ട് പണ്ടാരടങ്ങിക്കൂടായിരുന്നോ...

വാവച്ചൻ
അതിനിപ്പ ഞാൻ വന്നില്ലേ പെണ്ണമ്മേ..

പെണ്ണമ്മ
കുടുമത്തിന്റെ കാർന്നോരാണ്, പറഞ്ഞട്ടെന്താണ്
കാര്യം..പുള്ളകളി
മാറിയട്ടില്ല..കണ്ണൊന്നടച്ചാലപ്പ
മുങ്ങും...ആക്കടെ മറ്റോടത്തേക്കാണീ കാലമാടൻ
പോണതാവോ

വാവച്ചൻ
ഈ കരിപ്പലായ സമേത്ത് നീയീ
വായീത്തോന്നിയതക്ക വിളിച്ചു പറേല്ലേ..

വാവച്ചൻ അകത്തേക്കു കയറുന്നു.

CUT TO

7A. INT വാവച്ചന്റെ വീട് ഹാൾ രാത്രി

വാവച്ചൻ അകത്തേക്കു കയറി. ഹാളിൽ ചുമരിൽ തിരുക്കുടുംബ ചിത്രത്തിനിരുവശവും പുണ്യാളന്മാരുടെ ചിത്രം തൂക്കിയിരിക്കുന്നു. വാവച്ചൻ സഞ്ചിയിൽ നിന്ന് താറാവിനെ എടുത്ത് പെണ്ണമ്മയ്ക്ക് കൊടുത്ത് കൂടുതലൊന്നും ഉരിയാടാതെ അവളുടെ മുന്നിൽ നിന്നു രക്ഷപ്പെടുന്നു.

പെണ്ണമ്മ
മൊഹം തരാണ്ടു വിട്ടോ ..അപ്പടീം കള്ള
ലക്ഷണോണ്..

വാവച്ചൻ കടന്നു പോയ മുറിക്കു നേരെ നോക്കി എന്തൊക്കെയോ പിറുപിറുക്കുന്ന പെണ്ണമ്മ. ഈ സമയത്ത് അടുക്കളയിൽ നിന്ന് കടന്നു വരുന്ന നിസയും മരുമകൾ സബേത്തും (28) രണ്ടു പേരും നൈറ്റിയാണ് ഇട്ടിരിക്കുന്നത്

നിസ
അമ്മിച്ചിയൊന്നു മുണ്ടാണ്ടിരിക്ക്ന്ന്..അപ്പൻ വന്നു
കേറുമ്പത്തൊടങ്ങും പിന്നെങ്ങനേണിങ്ങോട്ട്
വരണത്..

പെണ്ണമ്മ
മുണ്ടാണ്ട് പൊയ്ക്കോ മുമ്പിക്കേന്ന്..

സബേത്ത് മുന്നിലേക്കു വന്ന് പെണ്ണമ്മയുടെ തോളിൽ പിടിച്ച്

സബേത്ത്
അമ്മയിങ്ങോട്ട് വന്നേ..

താറാവിനെ സബേത്തിനെ ഏല്പിക്കുന്ന പെണ്ണമ്മ.

CUT TO

8.INT വാവച്ചന്റെ വീട് അടുക്കള രാത്രി

അടുപ്പിലെ വലിയ ബർണറിൽ വട്ടപ്പാത്രത്തിൽ താറാവിനെ മുഴുവനോടെ വെള്ളത്തിലിട്ട് തിളപ്പിക്കുന്ന നിലയിൽ കാണാം.പെണ്ണമ്മയും സബേത്തും ഗൂഢാലോചന നടത്തുന്ന മൂഡിൽ കുശുകുശുക്കുന്നു. ചെറിയ ബർണറിൽ കടും ചായയ്ക്കു വെള്ളം വയ്ക്കുന്ന നിസ ഒന്നും മിണ്ടാതെ കാതോർത്തു കേൾക്കുന്നു.

സബേത്ത്
അമ്മക്കിപ്പെന്താണു വേണ്ടത്..അപ്പനെങ്ങോട്ടും പോകരുത്..അതല്ലേ..

അതെ എന്ന് തലയാട്ടുന്ന പെണ്ണമ്മ.

സബേത്ത്
ഒരു സലത്തും പോകാത്ത പണി നമ്മക്ക് കൊടുക്കാന്ന് അമ്മ ഒന്നടങ്ങ്..

പെണ്ണമ്മ
അയാള പിടിച്ചു നിർത്താൻ ദൈവം തമ്പുരാനു പോലും പറ്റൂല്ല..പത്തുമുപ്പത്തഞ്ചു കൊല്ലമായട്ട് ഞാൻ കാണണേല്ലേ..

സബേത്ത്
അമ്മേ ഇത് സബേത്താണ് പറേണത്..ഇഞ്ഞിയീ അപ്പനിവടന്നു പോകൂല്ല...ഉം..ഒറപ്പിച്ചോ

വിശ്വാസം വരാത്തതുപോലെ പെണ്ണമ്മ നില്ക്കെ കടുംചായ ഗ്ലാസ്സിലേക്കു പകർന്നു പുറത്തേയ്ക്കിറങ്ങുന്ന നിസ.

പെണ്ണമ്മ
എന്റ മോളേ..എങ്കിലാ മനിഷേന ചെംത്തേരീലേക്കെടുക്കണെ പണി തന്ന ചെയ്യണം

സബേത്ത്
അങ്ങനേങ്കി അങ്ങന.അല്ല പിന്നാ

പെണ്ണമ്മയുടെ ആലോചന നിറഞ്ഞ മുഖം.

CUT TO

8A INT വാവച്ചന്റെ വീട് രാത്രി

ചവിട്ടു പടിയിൽ വീട്ടു വേഷമണിഞ്ഞ് പുറത്തെ ഇരുട്ടിലേക്കു നോക്കി സ്വയം സംസാരിക്കുന്ന വാവച്ചൻ .ആംഗ്യങ്ങളോടെ,തികഞ്ഞ സംഭാഷണമാണത്. സ്വരം അത്ര വ്യക്തമല്ലെന്നു മാത്രം. കടലിന്റെ നേർത്ത സ്വരം കേൾക്കാം . നിസ കടുംചായ ചവിട്ടിൽ വയ്ക്കുന്നു. അയാളത് അറിഞ്ഞിട്ടേയില്ല.

നിസ
അപ്പാ..

വാവച്ചൻ കേട്ടില്ല.

നിസ
അപ്പളേക്കും വർത്താനം
തൊടങ്ങി...ഇതാരോടാണീയപ്പനിങ്ങന
മുണ്ടണത്...അപ്പോ...

വാവച്ചൻ അവളെ നോക്കി. ചായ ചൂണ്ടിക്കാണിക്കുന്ന നിസ. അയാൾ ചെറു ചിരിയോടെ ചായ എടുത്തു നെഞ്ചിൽ വച്ച് ചൂട്ട പകർന്നു പിന്നെ ഒരിറക്കു കുടിച്ചു.

നിസ
അപ്പാ നമ്മട ത്രുപക്കൂട്
മാറ്റന്പോണേണ്..അറിഞ്ഞാ..

വാവച്ചൻ
ഏതു ത്രുപക്കൂട്..

നിസ
പള്ളീല..അല്ലാണ്ടെവടേണ് ത്രുപക്കൂട്..അപ്പൻ
മരപ്പണി പഠിക്കണ കാലത്തല്ലേ
അതെണ്ടാക്കിയത്..

വാവച്ചൻ തലയാട്ടി. വലിയ താല്പര്യമില്ലാത്ത പോലെ.

നിസ
ആ മരത്തീക്കൊത്തിയ പഴേ മുന്തിരിവള്ളിയക്ക
മാറ്റിയട്ട് മോഡേണാർട്ടാക്കാന്പോകേണ്..

വാവച്ചൻ
ആണാ..

നിസ
അതേന്ന്..അതു സമ്മതിക്കരുതെട്ടാ...നാളത്തന്ന
അച്ചനക്കണ്ട് പറേണം...അപ്പൻ പറയ്യോ..

വാവച്ചൻ
എന്തിനാണ് മോളേ..അതക്ക പഴകിയല്ലാ..
അവര് മാറ്റട്ടേന്ന്...

നിസ
ഈയപ്പൻ ..

വാവച്ചൻ
പഴക്കം വന്നാല് മനിഷേനപ്പോലും
വച്ചേക്കരുത്..

നിസ
ഒ◌ാ..ഇതെന്തൊരപ്പനാണ്..

വാവച്ചൻ ചെറുചിരിയോടെ ചായ ഊതിയാറ്റിക്കുടിക്കുന്പോൾ

നിസ
അല്ലാ..പരാതീംകൊണ്ട് പള്ളീച്ചെന്നട്ടും വെല്ല്യ
കോര്യോന്നൂല്ല..ചെലപ്പ നല്ല പണീം
കിട്ടും..ഞാറാഴ്ചേം കൂടി പള്ളീപ്പോകാത്തോണ്ട്
വികാരിയച്ചന് നിങ്ങളേന്നും കണ്ണെടുത്താ
കണ്ടൂടാ..

നിസ അകത്തേക്കു പോകുന്പോൾ എന്തോ ചോദിക്കാനയാൾ ആഞ്ഞു.

വാവച്ചൻ
മോളേ..

നിസ
എന്താണ്..

ചോദ്യം വേണ്ടെന്നു തീരുമാനിച്ച് വിളിച്ച സ്ഥിതിക്ക് എന്തെങ്കിലും ചോദിക്കണമല്ലോ എന്നു വിചാരിച്ച് വാവച്ചൻ ചോദിച്ചു

വാവച്ചൻ
ഈശിയെന്തിയേടീ..

നിസ
അപ്പനതല്ലല്ലാ ചോദിക്കാൻ വന്നത്...

വാവച്ചൻ
ഹേയ്..അത് തന്നേണ്..നീ പറ
അവനെന്ത്യേയ്...

നിസ
ഈശിച്ചേട്ടൻ സൊസൈറ്റീല് പണിക്കു
പോയേക്കേല്ലേ... ഇപ്പ വരും..

വാവച്ചൻ മുഖം ഇരുട്ടിലേക്കു തിരിച്ചു.

CUT TO

9.EXT ബീവറേജസ് ഷോപ്പ് രാത്രി

അത്ര നീളമില്ലാത്ത ക്യൂവിൽ നിന്നു പണം കൊടുത്തു കുപ്പി വാങ്ങുന്ന ഈശി (32). കുപ്പിയുമായി പുറത്തിറങ്ങി തന്റെ പഴകിയ സ്കൂട്ടറിൽ കയറി സ്റ്റാർട്ടാക്കി പറപ്പിച്ചു വിടുന്ന ഈശി.

CUT TO

10.EXT കവല രാത്രി

ഒാട്ടോ റിക്ഷയിൽ സ്പീക്കർബോക്സുകൾ വച്ചു കെട്ടി, ക്യാൻസർ രോഗിയും തൊഴിലാളിയുമായ ബാബൂട്ടൻറെ ചികിത്സയ്ക്ക് ഉദാരമായി സംഭാവന ചെയ്യുക എന്നെഴുതിയ ഫ്ളെക്സ് വച്ച് കരോകെ ഗാനമേള നടത്തുന്ന ഒരു ഗായകൻ . ബക്കറ്റുകളുമായി വഴിപോക്കരെ തടഞ്ഞു പിരിവു നടത്തുന്ന യുവാക്കൾ . സ്കൂട്ടറിൽ വരുന്ന ഈശി അതു കണ്ടു നിന്നു ഫ്ളെക്സു വായിക്കുന്നു. അവന്റെ മുന്നിലു വന്നു നിന്ന സംഘത്തെ ഈശി ഈർഷ്യയോടെ നോക്കി.ഒരാൾ സ്കൂട്ടറിന്റെ ഹാന്റിലിൽ പിടിക്കുന്നു.

ഈശി
എന്റെ കൈയ്യീ കാശൊന്നുല്ലട്ടാ..നമ്മള വിട്

കൂട്ടത്തിൽ ഈശിയോട് കൂടുതൽ സ്വാതന്ത്ര്യമുള്ള ലാസർ അവന്റെ ഷർട്ടിൽ കേറിപ്പിടിച്ചപ്പോൾ കുപ്പി തടഞ്ഞു

ലാസർ
പൈന്റ് മേടിക്കാനക്ക കാശെണ്ട് ഒരു

പാവപ്പെട്ടോന സഹായിക്കാന്പറ്റൂല്ല..പരനാറി.

ഈശി
ലാസറേ പടിയായിക്കോട്ടാ..കാശില്ലന്നു പറഞ്ഞാ കാശില്ല..

ലാസർ
ഇങ്ങന കണ്ണീച്ചോരയില്ലാണ്ടാകരുതട്ടാ ഈശീ..

ഈശി
കുറിയടിച്ചട്ട് കാശും കൊണ്ടു മുങ്ങിയ നീ വർത്താനം പറേണ്ടട്ടാ...അധികം മൂച്ചെടുത്താ സൊസൈറ്റി എടപെടും പറഞ്ഞില്ലന്ന് വേണ്ട.

ലാസർ
പോടാപ്പനേ..ആ കാശക്ക കറക്കിനടച്ചട്ട്ണ്ട് ഞാൻ .അല്ലാ നീയെന്തിനാണ് കെടന്നാളാകണത് ..സൊസൈറ്റി നിന്റമ്മേട വകേന്നുമല്ലല്ലാ..പോടാപ്പനേ.

ഈശി
സമേൻ വരട്ട ഞാൻ കാണിച്ച് തരാട്ടാ..

ലാസർ
എങ്കി വെക്കം വീട്ടിലാട്ട് ചെല്ല് നിനക്ക്ള്ള പണി അവടെണ്ട്..അവടച്ചെന്നട്ട് പറ്റണതക്ക കാണിക്ക്

ഈശി ആകാംഷയോടെ നോക്കിയപ്പോൾ ആസ്വദിച്ച് ലാസർ പറഞ്ഞു

ലാസർ
വാവച്ചനാശാൻ വന്നട്ട്ണ്ട്... ചൌരോച്ചേട്ടന തല്ലിയട്ടാണ് പോയേക്കണത്...പണി കിട്ടും മോനേ..അപ്പനും മോനും കിട്ടും..ചൌരോച്ചേട്ടന്റ മോന അറിയാല്ലാ..തോട്ടുങ്ങലെ ഗുണ്ടേയ്ട്ട് ചാർജെടുത്തട്ടേയൊള്ള്..

ഈശി
ഒഞ്ഞു പോടാപ്പനേ..

ലാസറിന്റെ കൈ തട്ടിമാറ്റിയിട്ട് സ്കൂട്ടറിൽ പായുന്ന ഈശി.

CUT TO

11.EXT വാവച്ചന്റെ വീട് രാത്രി

സ്കൂട്ടർ പറമ്പില് നിർത്തിയിട്ട് അകത്തേക്ക കയറാനൊരുങ്ങിയ ഈശി ചവിട്ടിലിരിക്കുന്ന വാവച്ചനെ കണ്ടു.അയാൾ ചിന്തകളിൽ മുഴുകി ബീഡി വലിച്ചിരിക്കുകയാണ്. ഈശി മുന്നില്ല വന്നു നിന്നിട്ടും അയാൾ ശ്രദ്ധിച്ചില്ല.

ഈശി
വല്ലപ്പോഴും കേറി വന്നട്ട് ഈ നാട്ടുകാര്ടടുത്ത് മെക്കിട്ട് കേറിയതെന്തിനാണ്..എന്ത് കാര്യത്തിനാണപ്പാ നമ്മളേയിട്ട് മക്കാറാക്കണത്.

ഒരക്ഷരം മിണ്ടാതെ ബീഡിവലി തുടരുന്ന വാവച്ചൻ .മറുപടിക്കായി ഈശി കാത്തു. അനക്കമില്ല.

ഈശി
അപ്പാ....അപ്പാ..

വാവച്ചന്റെ ഇരിപ്പ് കണ്ട് പന്തികേട് തോന്നിയ ഈശി അകത്തേക്ക് കയറുന്നു.

CUT TO

11A. INT വാവച്ചൻ വീട് കിടപ്പ് മുറി രാത്രി

മുറിയിലു വന്ന ഈശി ഷർട്ടും മുണ്ടും മാറുന്നു. മദ്യക്കുപ്പി മേശപ്പുറത്തു വയ്ക്കുന്നതും കണ്ട് കറുപ്പിച്ച മുഖവുമായി വരുന്ന സബേത്ത്.

ഈശി
എടീ ഈ അപ്പനെന്താണ
പറ്റിയേക്കണത്..മുണ്ടണില്ലല്ലാ..

സബേത്ത്
അതെന്താണാവോ, അമ്മ കൊറേ പണിയെടുത്തിട്ടും
കാര്യോന്നുമൊണ്ടായില്ല, എന്താണ്ടും പറ്റിയിട്ട്ണ്ട്..

ഈശി
ങ്ഹാ..അതിപ്പ ശരിയാക്കിത്തരാല്ലാ..

ഈശി മേശപ്പുറത്തു നിന്ന് പൈൻറു കുപ്പി എടുക്കുന്നു.

ഈശി
നീ പോയട്ട് ഇച്ചിരി വെള്ളോം എറച്ചി
വിന്താലീമെടുത്താണ്ട് വാ..

സബേത്ത്
കൊറച്ചും കൂടി കാക്കാങ്കി താറാവും
കൂട്ടിയടിക്കാം...അപ്പൻ കൊണ്ടുവന്നതാണ്..

ഈശി
അതു ചാറിനു കൂട്ടാനായ്ക്കോട്ടേ..ഇപ്പ നീ
വിന്താലിയെട്..

സബേത്ത് പതുക്കെ പിൻവലിയുന്നു.കുപ്പിയെടുത്ത് മൂടി തുറക്കുന്ന ഈശി.

CUT TO

12. വാവച്ചൻ വീട് വരാന്ത രാത്രി

രണ്ടു ഗ്ലാസ്സിലേക്കു മദ്യം പകർന്ന നിലയിൽ . ഒരു ഗ്ലാസ്സെടുത്തു വാവച്ചനു നീട്ടുന്ന ഈശി. അയാളതു വാങ്ങുന്നില്ലെന്നു കണ്ട് കൈയ്യിൽ പിടിപ്പിക്കുന്ന ഈശി.

ഈശി
വിട്...അത് മനസ്സീന്ന് കളേന്ന്...ചൌരോന
തല്ലിയത് കൊന്പത്ത പ്രശനോന്നുമല്ല..ഒരു
പുല്ലും വരികേല..വന്നാത്തന്നെ തടയിടാൻ നമ്മട
മെംബറയ്യപ്പനില്ലേ..അവനേറ്റോളൂന്നേ..

വാവച്ചൻ
ഹാ..അതിലൊന്നും കാര്യമില്ലടാ ഈശി..

ഈശി

പിന്നെന്താണ കാര്യം..അതു പറ..

വാവച്ചൻ ആലോചനയോടെ ഇരുന്ന് ഗ്ളാസ്സ് മൊത്തിക്കുടിച്ചു. പിന്നെ ഒറ്റവലിക്കതു തീർത്തു.ഈശി അന്തം വിട്ടു നോക്കുന്പോൾ പിഞ്ഞാണത്തിലെ ഇറച്ചി വിന്താലു എടുത്ത് വായിലിട്ട് ചവയ്ക്കുന്നു.ഒന്നുകൂടി ആലോചിച്ചിട്ട് ഗ്ളാസ്സിലേക്ക് ഒരെണ്ണം സ്വയം ഒഴിച്ച്

വാവച്ചൻ
മോനേ  ഈശുക്കുട്ടീ..നീ എൻ്റപ്പൻ്റ ചവമടക്ക്
കണ്ടിട്ട്ണ്ടോ..

ഈശി പൊട്ടിച്ചിരിച്ചു.

ഈശി
എൻ്റപ്പാ ആനേരത്ത് ഞാൻ കുപ്പീലു
പോലുമൊണ്ടായിരുന്നില്ല..പിന്നല്ലേ..

വാവച്ചൻ ആലോചനയിൽ മുഴുകിയിരിക്കുന്നതു കണ്ട് ഈശി തുടർന്നു

ഈശി
അപ്പൻ പറ, സങ്ങതി ജോറായിരുന്നാ..

വാവച്ചൻ ഒരു നൊടി ആലോചനയിലമർന്നു. ആ നിമിഷം അയാൾ ദുഖാകുലമായ ബാൻ്റുവാദ്യം പോലും കേട്ടു.ഈശി തന്റെ ഗ്ളാസു കാലിയാക്കി മറ്റൊന്നു നിറച്ചു.

വാവച്ചൻ
അങ്ങനൊരു ചവമടക്ക് ഈ കരേല് ഒരു
കാലത്തുമൊണ്ടായട്ടില്ല..ബാൻ്റുമേളോം കണ്ണാക്കു
പാട്ടും മെത്രാൻ്റ ആശിർവ്വാദോം..ഒന്നും പറേണ്ടടാ
ഈശുക്കുട്ടീ..അതു നടത്തിച്ച ഈ ഞാൻ പോലും ഒന്നു
മരിക്കാൻ കൊതിച്ചുപോയി..

ഈശി
അതോർത്തട്ടപ്പൻ പേടിക്കണ്ടട്ടാ..അതിനേം വെട്ടണ
ആലവട്ടോം വെഞ്ചാമരോം വെടിക്കെട്ടുമൊക്കേള്ള
ഫസ് ക്ളാസ് ചവമടക്ക് അപ്പനു ഞാൻ തരും

വാവച്ചൻ ഊറിച്ചിരിച്ചു

വാവച്ചൻ
പോടാ പോഴച്ചാരേ..ചവമടക്കിനാരാടാ വെടിക്കെട്ടും
വെഞ്ചാമരോമക്ക വെക്കണത്..നെനക്കൊരു
കോഞ്ഞാട്ടേമറിയാമ്പാടില്ല..

ഈശി
എൻ്റപ്പാ ഞാൻ ചുമ്മാ പറഞ്ഞതല്ല ഒരു
ലത്തീൻകാരനു പറഞ്ഞട്ട്ള്ള സകല  കലാപരിപാടീം
പാട്ടുകുർബ്ബാനേം കൂട്ടിച്ചേർത്ത് ശൌര്യാരു
പുണ്യളൻ്റ എട്ടാമിടത്തിനേം വെട്ടണ മട്ടില് ഞാനതു
നടത്തും..ഒന്നാംക്ളാസു ശവപ്പെട്ടി, ഒന്നാംക്ളാസ്
ബാൻ്റുസെറ്റ്..വെള്ളിക്കുരിശും തോച്ചക്കാലും പിടിച്ച്
പത്തുപതിനെട്ട് ദരിശനക്കാര്..വെള്ളിക്കുരിശല്ല
സ്വർണ്ണക്കുരിശു തന്ന ആയ്ക്കോട്ടേ...പിന്ന
മെത്രാൻ , നമ്മക്കതുമൊന്നു നോക്കാമെന്ന്..

വാവച്ചൻ വേവലാതിയോടെ എണീറ്റ് മേശപ്പുറത്തു നിന്ന് നീളൻ സഞ്ചിയെടുത്ത്

തുറന്നു. അതിലെ നീളൻ കുപ്പിയിലെ വാറ്റു ചാരായം കണ്ട് കൊതിയോടെ കൈനീട്ടുന്ന ഈശി.

ഈശി
ഇതു വാറ്റാണല്ലാ..

കൈ നിട്ടി തടയുന്ന വാവച്ചൻ

വാവച്ചൻ
അതുമ്മേ തൊട്ട്ള്ള കളി വേണ്ട..

വാവച്ചൻ സഞ്ചിയിൽ നിന്ന് ഒരു കെട്ട് പഴയ 500 ന്റെ നോട്ടെടുത്തു പുറത്തിട്ടു.

വാവച്ചൻ
ചവമടക്ക് നടത്താൻ ഇതുകൊണ്ടു നെനക്കു
പറ്റ്വാടാ..അപ്പന്റെ ആകെള്ള സമ്പാദ്യോണ്....

ഈശി പൊട്ടിച്ചിരിച്ചു.

ഈശി
ഇതു നിരോധിച്ചതല്ലേ, ഇഞ്ഞി കൊണ്ടോയ്
കത്തിച്ചുകളേണ് നല്ലത്..വെറുതേ കൊടുത്താ പട്ടി
പോലും തിരിഞ്ഞു നോക്കൂല്ല..എന്തിന് പശൂം കൂടി
തിന്നൂല്ല..

വാവച്ചൻ
നിങ്ങട സൊസൈറ്റീലതു മാറ്റാൻപറ്റൂല്ലേ...

ഈശി
ബെസ്റ്റ്, ഈ മുടിഞ്ഞ നോട്ട് നിരോധനം
വന്നേപ്പിന്ന നമ്മട പാവപ്പെട്ട സൊസൈറ്റീട ചീട്ടും
കൂടി കീറാൻപോണേണ്ന്നാണ് കേട്ടത്...എങ്കിപ്പിന്ന
നമ്മട വയറ്റത്തടിച്ചതു തന്ന..കുത്തുപാളയെടുക്കും
കുത്തുപാള..

വാവച്ചൻ
പിന്നെങ്ങനാടാ നീയപ്പന്റെ ചവമടക്ക്
നടത്താൻപോണത്..

ഈശി ഒരു ഗ്ളാസ്സിൽ മദ്യം നിറച്ച് വാവച്ചനെ നിർബന്ധിച്ച് കുടിപ്പിച്ചിട്ടു പറഞ്ഞു

ഈശി
അപ്പാ അപ്പന്റെ മകനാണീ ഈശിയെങ്കി ദേ ഈ
തിരുക്കുടുംബത്തിന്റെ മുൻപീന്നു ആണയിട്ടു
പറയേണ്..ഈ എടവകേല കാറല്സ്മാൻ
എംപ്രദോരപ്പോലെ, അല്ല പോട്ടേ
മഹാരാജാവിനപ്പോലെ എന്റപ്പന്റെ ശവമടക്ക് ഞാൻ
നടത്തും..പാട്ടും ബാന്റും കണ്ണോക്കുമൊക്കേള്ള
വെടിക്കെട്ട് ചവമടക്ക്..

വാവച്ചൻ ദീർഘശ്വാസം കഴിച്ചു.കണ്ണുകളിൽ ഈർപ്പം

ഈശി
ഇഞ്ഞിയെന്തിനാണപ്പൻ വെഷമിക്കണത്

വാവച്ചൻ
എന്റ പൊന്നു മോനേ..നാലു കാശ്
എണ്ടാക്കിത്തരാണ്ടാണല്ലാ പോണേന്നോർക്കുന്പ
അപ്പന്ര താങ്ങാന്പറ്റണില്ലടാ...

വീണ്ടും ഒരെണ്ണം കൂടി വാവച്ചനേക്കൊണ്ടു കുടിപ്പിക്കുന്ന ഈശി.

ഈശി
അപ്പാ..എല്ലാം ഞാനേറ്റുകേട്ടാ..ഡോണ്ട് വറി..

വാവച്ചൻ
ഒറപ്പാണാ..

ഈശി
അതേന്ന്...

വാവച്ചൻ
എങ്കി ഞാനൊന്നു മുള്ളിയേച്ചും വരാം

ഈശി
യേസ് ഒാൾറൈറ്റ്..

വാവച്ചൻ കഷ്ടപ്പെട്ട് എണീറ്റ് ആടിയാടി പുറത്തേക്ക് നടന്നു പോകുന്നു.

CUT TO

13.EXT വാവച്ചൻറെ വീട്, പറന്പ് രാത്രി

വീടിന്റെ അതിരിലുള്ള ഇരുട്ടു മൂടിയ കുറ്റിക്കാട്ടിനടുത്തേക്കു വരുന്ന വാവച്ചൻ . അയാൾ മൂത്രമൊഴിച്ചുകൊണ്ടിരിക്കെ പതിവു പോലെ ആരോ മുന്നിലു വന്നു നില്ക്കുന്ന പോലെയുണ്ടെന്ന മട്ടിലയാൾ സംസാരിക്കാൻ തുടങ്ങി.

വാവച്ചൻ
അല്ലാ...ആരാന്നാ പറഞ്ഞത്..

പിന്നെ കുറച്ചു നേരം കാതോർത്തു നിന്നിട്ട് ചിരിച്ച്

വാവച്ചൻ
ആര് ശവടക്കിന്റ പുണ്യാളനെന്നാ..അതു ഞാനിതു
വരേക്കും കേട്ടട്ടില്ലല്ലാ ...നേരു
പറേട്ടേ..അത്രങ്ങാട് വിശ്വാസം
വരണില്ലട്ടാ...അല്ലാ...പേരെന്താണെന്നാണു
പറഞ്ഞേ..

വാവച്ചൻ പിന്നെയും കാതോർത്തിട്ട് തുടർന്നു

വാവച്ചൻ
അല്ലാ ഇപ്പ നിങ്ങെന്തിനാ വന്നേന്നു
പറഞ്ഞേ..എന്റ
നേരമടുത്താ..ഇല്ലേ..പിന്നെന്തിനാണിപ്പ
വന്നേക്കണത്..ചുമ്മാണ്ടാ...

13A.EXT വീടിന്റെ മുൻഭാഗം രാത്രി

മുൻ വശത്ത് നിന്നിരുന്ന ഈശി അപ്പന്റെ സ്വരം കേൾക്കുന്നു. അയാൾ പറന്പിലൂടെ വന്ന് എത്തി നോക്കുന്നു. അയാളുടെ കാഴ്ചയിൽ ഭയഭക്തിയോടെ

പറന്പിൽ കൈകുപ്പി മുട്ടുകുത്തി നില്ക്കുകയാണ് വാവച്ചൻ . ഈശി അടുത്തേക്കു വന്നു

ഈശി
അപ്പനെവടേണ് മുട്ടുകുത്തിയേക്കണത്..ആ
മുണ്ടുമ്മലക്ക മൂത്രമാക്കിയല്ലാ..ഇങ്ങാട്ട് വന്നേ..

ഈശി വാവച്ചനെ താങ്ങിയെണീപ്പിക്കുന്നു. പതുക്കെ നടത്തിക്കുന്പോൾ വാവച്ചൻ തിരിഞ്ഞ് നോക്കിയിട്ടു പറഞ്ഞു.

വാവച്ചൻ
അപ്പേല്ലാം പറഞ്ഞപോലെ
പുണ്യാളച്ചോ..രാത്രി യാത്രയില്ലട്ടാ..

ഈശി
അപ്പാ... അപ്പന്റപ്പനും ഇങ്ങന തന്നത്താൻ
വർത്താനം പറയോയ്രന്നാ...

വാവച്ചൻ
തന്നത്താനാണ്ന്ന് നെന്നോടാരാടാ പറഞ്ഞത്..

14.INT വരാന്ത തളം രാത്രി

ഈശി തമാശ കേട്ടതു പോലെ ചിരിച്ച് വാവച്ചനെ നടത്തിച്ച് വരാന്തയിലൂടെ തളത്തിലേക്കു കയറ്റിവിടുന്നു. ഈ സമയം സബേത്ത് അകത്ത് ഇരുട്ടിലേക്കു മാറിനിന്ന് കൈയ്യും കലാശവും കാട്ടി ഈശിയെ വിളിക്കുന്നു.

സബേത്ത്
ശ്ശ്ശൂ..

ഈശി എന്താണെന്ന് കൈയ്യാംഗ്യം. ഇങ്ങോട്ടു വന്നേ അത്യാവശ്യമാണെന്ന് ആംഗ്യത്തിലവതരിപ്പിക്കുന്ന സബൈത്ത്. വാവച്ചനെ തിണ്ണയിലിരുത്തിയിട്ട് അകത്തേക്കു തിരിയുന്ന ഈശി. വാവച്ചൻ ആലോചനയോടെ

വാവച്ചൻ
എന്നാലുമാ ശവടക്കിന്റ പുണ്യാളന്റ
പേരെന്തായിരുന്നു..അപ്പളേക്കും അതു
മറന്ന്..ശ്ശേ..

CUT TO

14A.INT അടുക്കള രാത്രി

സബേത്ത് ഈശിയെ വട്ടം പിടിച്ചു നിർത്തിയിരിക്കുന്നു. മുന്നിൽ പെണ്ണമ്മ.ദേഷ്യത്തിൽ കുതറുന്ന ഈശി

ഈശി
ഇല്ല..അതു മാത്രം പറേണ്ട..അപ്പന്റ കള്ളില്
വെഷമിടാൻ ഞാൻ സമ്മതിക്കുല്ലാ..

പെണ്ണമ്മ
എടാ കാലമാടാ വെഷമല്ല വയറെളക്കാനെള്ള
മരുന്നാണ്..

സബേത്ത്
എന്റീശിച്ചേട്ടാ അതു കുടിനിർത്താനെള്ള

മരുന്നാണെന്ന്..കരിസ്മാറ്റിക്ക് കഴിഞ്ഞു വന്ന
റജീനച്ചേച്ചി തന്നേണ്..

ഈശി
ഒഞ്ഞു പോടിയപ്പനേ..അയിനെന്റപ്പനത്ര വല്ല്യ
കുടിയനൊന്നുമല്ലല്ലാ..

സബേത്ത്
എങ്ങനേങ്കിലും അപ്പന വീട്ടീപ്പിടിച്ചു
നിർത്തണ്ടേ..അല്ലേല് നാളത്തന്നെ ആളിവടന്നു
സലം വിടൂല്ലേ..

ഈശി
അതക്ക അപ്പന്റിഷ്ടോണ്..നിങ്ങ നിങ്ങട പാടു
നോക്കെന്ന്..വിടടീ സവേത്തേ..ഒരു ചവിട്ടു വെച്ചു
തന്നാലെണ്ടല്ലാ..

കൈ കുടഞ്ഞു വിട്ടുവിച്ച് കടന്നു പോകുന്ന ഈശി. അവൻ പോയതിന്റെ പിന്നാലെ
പെണ്ണമ്മ സബേത്തിന്റെ കാതിലെന്തോ പറയുന്നു. അതൊരു ഉഗ്രൻ
പണിയാണെന്ന മട്ടിൽ തലയാട്ടുന്ന സബേത്ത്.

CUT TO

15.EXT പറന്പ് രാത്രി

പറന്പിലെ വേലിയ്ക്കരികിലെ പൂപ്പരത്തിയുടെ മറവിലേക്കു വന്ന് നിന്ന് സിഗരറ്റിനു തീ
കൊളുത്തുന്ന ഈശി.രണ്ടു പുക ഊതി വിട്ടപ്പോഴേക്കും അയാളുടെ
മൊബൈലിലേക്ക് ഒരു ബെല്ലടിച്ചു നിന്നു. അതെടുത്തു നോക്കിയിട്ട് മന്ദഹസിച്ചു
സ്വയം പറയുന്നു

ഈശി
ഉം മിസ്സ്ക്കോള്..അതും ലാസറ്..ബെസ്റ്റ്, തിരിച്ചു
വിളിച്ചത് തന്നെ നമ്മളോടാണു കളി..

ഫോൺ തിരിച്ചു കീശയിലിടുന്ന ഈശി.മുന്നിലേക്ക് വരുന്ന സബേത്ത്. കൈയ്യിൽ
കറിയിളക്കുന്ന തവി.അതിലിത്തിരി താറാവിറച്ചിയും ചാറും.അവളെ കണ്ട്
ഈർഷ്യയോടെ നോക്കിയ ഈശി.

ഈശി
എന്താടീ എറച്ചീല് മരുന്നു കലക്കിയാ..

സബേത്ത്
ഇതിനെന്തിന്റ കേടാണ്..ദീ താറാവിന്റ വേവു
മതിയാന്ന് നോക്ക്..

ഈശി താറാവ് രുചിച്ചു നോക്കുന്നു.

ഈശി
വേവക്ക മതി...ഇച്ചിരി കുരുമൊളകും കൂടിയിട്ട്
വച്ചോ..എന്നാലേ അതിന്റയാ കുമിട്ട് മണം
പോകോള്ളു

പോകുന്ന വഴി അയാളുടെ കൈയ്യിൽ പുകയുന്ന സിഗരറ്റ് നോക്കി അമർത്തി മൂളി.

സബേത്ത്
ഈയെടേയട്ട് വലീം കുടീം കൂടണ്ണ്ടട്ടാ...

ഈശി ആഞ്ഞു വലിച്ചു പുകയൂതി വിടുന്നു.

CUT TO

15A INT ഹാൾ രാത്രി

ഹാളിലേക്കു വന്ന വാവച്ചൻ ആലോചനയിൽ നിന്നുണർന്ന് സഞ്ചിയിൽ നിന്നു കുപ്പിയെടുക്കുന്നു. കൊതിയോടെ മടമടാന്നു വാറ്റു ചാരായം കുടിക്കുന്നു. ആസ്വദിച്ച് അയാൾ ചവിട്ടു നാടകത്തിലെ ആശാനുള്ള സമർപ്പണം പാടുന്നു.

വാവച്ചൻ
മന്നിടത്തിലെന്നെയിന്ത തന്തയാർക്കും,മാറ്റിയെന്നെ
വളർത്ത തായാർക്കും അൻപു മികും മെനതുടയ
ഗുരുനാഥനുക്കും ആദിപരൻ യഹേവയ്ക്കും
സ്തോത്തിരം പണിന്ത് നാനിതാ തുടങ്കപ്പോറേൻ
.....

ആസ്വദിച്ചു ചിരിച്ച് വീണ്ടും രണ്ടു കവിൾ കൂടി കുടിക്കുന്നു.

വാവച്ചൻ
ഈശീ..ഈശുട്ടിയേ..വാടാ..കാറല്സ്മാന്റ
ചവിട്ടുനാടകം നീ കണ്ടട്ടില്ലല്ലാ...ബാ..
അപ്പൻ കാട്ടിത്തരാടാ..

മറുപടിയില്ലെന്നു കണ്ട് വാവച്ചൻ പറമ്പിലേക്ക് എത്തിനോക്കുമ്പോൾ പൂപ്പരത്തിയുടെ ചോട്ടിലിരുന്നു സിഗരറ്റു വലിക്കുന്ന ഈശിയെ കണ്ടു. അയാൾക്കു ചിരി വന്നു.

വാവച്ചൻ
ഓ അപ്പന്റ കൂടിരുന്നു കള്ളുകുടിക്കാം സീറട്ട്
വലിക്കാമ്പാടില്ല..ഇതെവ്ടത്ത നെയമമാടാ..

എന്നിട്ടും ഈശി കേട്ടില്ല. വാവച്ചൻ വീണ്ടും ഒരു കവിള് കൂടി കുടിച്ചു.

വാവച്ചൻ
നീ കുപ്പീലായിരുന്നപ്പ മുണ്ടംവേലിപ്പള്ളീല് ഞങ്ങ
കാറൽസ്മാൻ കളിച്ച്..9 മണിക്ക് തൊടങ്ങ്യട്ട്
പിറ്റേന്ന് പൊലച്ച 6 മണി വരെ കളി നീണ്ടപ്പ
വികാരിയച്ചൻ വന്നട്ട് കളി
നിർത്താമ്പറഞ്ഞ്..പുള്ളിക്കാരന് കുറുവാന
ചൊല്ലണോന്ന്..അപ്പനന്നേരം ഗൊയ്
വേറ്കുഞ്ഞിന്റ വേഷോണ്..അപ്പനെണ്ടാ
വിട്ട്കൊടുക്കണ് ഗൊയിവേറുകുഞ്ഞിന്റ കവിത്തം
ആടിത്തിമർത്തട്ടാണ് കളി നിർത്തിയത്..

ചുവടുവച്ച് പാടുന്ന വാവച്ചൻ

വാവച്ചൻ
താകുടജം തരികുട യുഗിതകി- താതിത്താതി
തീനതാരതിത്തം- തിനാതാരതാ തം തരികിട തകി-
തച്ചം തകചം തരികുട യുഗിതകി- തലങ്ക് തച്ചമി
തരികിട തിമൃതക..

CUT TO

15B.INT കിടപ്പുമുറി  രാത്രി

അടച്ചിട്ട കിടപ്പുമുറിയിൽ കമിഴ്ന്നു കിടന്ന് മൊബൈലിൽ ശിവനപ്പനുമായി ശൃംഗരിക്കുന്ന നിസ.പശ്ചാത്തലത്തിൽ വാവച്ചന്റെ പാട്ട് കേൾക്കാം.

നിസ
എന്റ ശിവനപ്പഞ്ചേട്ടാ താനിങ്ങാട്ട്
വരണ്ടട്ടാ..ഇവടിപ്പം അപ്പനും ചേട്ടായീം കൂടി കുടിച്ച്
നല്ല സ്റ്റീമില് നിക്കേണ്..തന്നക്കണ്ടാ അവരു
വെട്ടിത്തുണ്ടമാക്കിക്കളയും കേട്ടാ..

ശിവനപ്പൻ (ഫോൺ സ്വരം)
അതു നീ പേടിക്കണ്ടന്ന്..ഞാൻ പടിക്കേല് വന്നട്ട്
കാലങ്കോഴി കരേണ പോലെ കരയുമ്പ നീ എറങ്ങി
വന്നാമതി..

നിസ
നടക്കൂല്ല..

ശിവനപ്പൻ (ഫോൺ സ്വരം)
അങ്ങന പറേല്ലേ മോളേ..ഇന്നു നിന്ന
കണ്ടില്ലങ്കി ഞാഞ്ചത്തുപോകുമെടീ..

നിസ
എങ്കിപ്പിന്ന താമ്പോയി ചാക് അതാണ് നല്ലത്..

നിസ സ്വരമടക്കി ചിരിക്കുന്നു

CUT TO

15C.EXT മുറ്റം  രാത്രി

മുറ്റത്ത് ഇത്തിരി നീങ്ങി നിന്നു മൂത്രമൊഴിക്കുന്ന ഈശി. അവനൊരു പാട്ടു മൂളാൻ ശ്രമിക്കുന്നുണ്ട്. മൂത്രമൊഴിച്ച ശേഷം അവൻ വീട്ടിനകത്തേക്കു കയറുന്നു.

CUT TO

15D. INT ഹാൾ  രാത്രി

വാറ്റുചാരായക്കുപ്പി തറയിൽ ഒഴുകിപ്പരന്ന നിലയിൽ . കുപ്പിയിൽ നിന്ന് അവസാനത്തെ തുള്ളിയും ഒഴുകി തിണ്ണയിലേക്കു വീഴുന്നു. അരികിലായിത്തന്നെ കിടക്കുന്ന വാവച്ചനാശാൻ . ഈശി വന്ന് അയാളെ നോക്കി നിന്നു.

ഈശി
അപ്പനിതെന്തപ്പനാണ്..ഒരു തുള്ളി ചെന്നപ്പളേക്കും
കെടപ്പായാ..അപ്പന്റ പഴയ ഫോമൊന്നു
പൊറുത്തെടുത്തേ..ഇനീം ചെല്ലും ഒരു
മൂന്നാലെണ്ണം..

അനക്കമറ്റു കിടക്കുന്ന വാവച്ചൻ . ഈശി കുലുക്കി വിളിക്കുന്നു.

ഈശി
ദേ, ഇങ്ങന ഫിറ്റാകണത് നമ്മ
സത്യക്രിസ്ത്യാനികൾക്ക്

ചേർന്നതല്ലട്ടാ..എണീക്കെണീക്ക്..

ഈശി വാവച്ചനെ ഇക്കിളിയിടുന്നു.പക്ഷെ വാവച്ചന് അനക്കമില്ല.ഈശി തന്റെ ശ്രമം തുടരുന്നു.ആ നേരത്ത് ഫോൺ റിംഗ് ചെയ്തു. ഈശി ആളെ നോക്കി അറ്റന്റ് ചെയ്യുന്നു.

ഈശി
ഹലോ.....ആ ലാസറേ,ങ്ഹാ..കുറീട
കണക്കാ..അങ്ങന വഴിക്കു വാ.. എടാ ഞാനൊന്നു
നോക്കിയട്ടിപ്പ പറയാട്ടാ..

തറയിൽ കുത്തിയിരുന്ന് കടലാസ്സിൽ ചില കണക്കു കൂട്ടലുകൾ നടത്തുന്നു.

CUT TO

15E. INT അടുക്കള രാത്രി

പെണ്ണമ്മ കറി താളിച്ച് അടുപ്പിൽ നിന്നിറക്കി പാത്യന്പുറത്തു വെയ്ക്കുന്നു. സബേത്തു വരുന്നു.

പെണ്ണമ്മ
നീയപ്പഴേക്കുമങ്ങാട് മുങ്ങിയാ..

സബേത്ത്
അതിന് എന്നക്കൊണ്ടൊന്നും
ചെയ്യിക്കുല്ലല്ലാ..എല്ലാം കൂടി നിങ്ങക്ക്
ചെയ്യണ്ടേ..

പെണ്ണമ്മ
മരുമോള പണിയെടുപ്പിക്കാണ്ട് പൂപോല കൊണ്ടു
നടക്കണ അമ്മായമ്മേണീ പെണ്ണമ്മ..

സബേത്ത്
ചാവുന്പ കുഴിമാടത്തുമ്മ ഞാൻ
വെണ്ണക്കല്ലിലെഴുതിപ്പിച്ചു വെക്കാം..പോരേ..

പെണ്ണമ്മ അതു കേട്ട് ആസ്വദിച്ചു ചിരിച്ചു.

പെണ്ണമ്മ
എല്ലാരേം വിളിക്ക് കൊച്ചേ..ഒള്ള നേരത്തേ
വല്ലോം കഴിച്ചട്ടങ്ങാട്
കെടക്കാല്ലാ..അവളെവടപ്പോയ്ക്കെടക്ക്ണ്..നിസ..

സബേത്ത് അകമുറിയിലേക്കു നോക്കി ഉച്ചത്തിൽ വിളിക്കുന്നു.

സബേത്ത്
നിസ്സേ..എടി നിസ്സേ..

പെണ്ണമ്മ
അവള് കെടന്നൊറങ്ങിയട്ട്ണ്ടാകും..നീ ചെന്നു വിളി
കൊച്ചേ..

സബേത്തു അടുത്ത മുറിയിലേക്കു പോകുന്നു.

CUT TO

15F.INT നിസയുടെ മുറി രാത്രി

മുറിവാതിൽക്കൽ മുട്ടുന്ന സബേത്ത്.അകത്തു നിന്ന് നിസയുടെ കാമാതുരമായ ചിരിയൊച്ചകളും മന്ത്രണങ്ങളും കേൾക്കാം. വാതിലിൽ ആഞ്ഞിടിക്കുന്ന സബേത്ത്.

സബേത്ത്
നിർത്തടി നിന്റെ ഒടുക്കത്തെ പഞ്ചാരടി..

നിസ
ഒന്നു പതുക്കനെപ്പറ ചേച്ചീ..

സബേത്ത്
ഇതു പഞ്ചാരയല്ല, മറ്റേപ്പരിപാടിയാണെന്നക്ക എനിക്കറിയാംകേട്ടാ..

പെട്ടെന്ന് വാതിലു തുറന്ന് ഒരു കൈ ഫോണിലും മറ്റേ കൈ തലയിലും തൊട്ട്

നിസ
പൊന്നു ചേച്ചീ ചതിക്കല്ലേ..

സബേത്ത്
കൊച്ചിനക്കെട്ടിക്കാറായെന്ന് അപ്പനുമാങ്ങളേം അറിയട്ടടീ..

നിസ പെട്ടെന്ന് മാറി നിന്ന് തിരക്കിട്ട് ഫോണിനു രണ്ടുമ്മയൊക്കെ കൊടുത്ത് പിന്ന വിളിക്കാമെന്നു പറഞ്ഞ് കട്ടു ചെയ്യുന്പോൾ സബേത്ത് ചിരിച്ചു.

സബേത്ത്
വന്നു ചോറ് തിന്ന്..നല്ല ക്ഷീണം കാണും പെണ്ണിന്..

നിസ
ഒോ..ഇതിനക്കൊണ്ട് തോറ്റ്..

സബേത്ത് കടന്നു പോകുന്നു.

CUT TO

15G.INT ഹാൾ രാത്രി

തിണ്ണയിൽ അനക്കമില്ലാതെ കിടക്കുന്ന വാവച്ചൻ . ചവിട്ടിലിരുന്നു കടലാസു നോക്കി ഫോണിലൂടെ സംസാരിക്കുന്ന ഈശി.

ഈശി
ങ്ഹാ ലാസറേ..ഞാൻ കൂട്ടിയട്ട് ഇഞ്ഞി നീ നാലായിരത്തിച്ചില്ല്വാനം രൂപേടച്ചാലേ തടി വട്ടമാകോള്ളെട്ടാ

ലാസർ (ഫോണില്)
പോടാപ്പനേ..വെറ്തെ കള്ളക്കണക്കെണ്ടാക്ക്യട്ട് കാശടിക്കാൻ നോക്കേണാ..നടക്കൂല്ല മോനേ..ഈ കളി ലാസറ് കൊറേ കണ്ടതാണ്..

ഈശി
കുറിക്കാശീന്ന് പിടിക്കാന്പോയപ്പ അമ്മ ചാകാങ്കെടക്കേണ്ന്നുന്പറഞ്ഞ് കാലു പിടിച്ചട്ടല്ലേടാ

മുഴുനും കുടിയങ്ങാട് കൊണ്ട്പോയത്. എന്നട്ടിപ്പ
ഒരുവക മററോടത്ത വർത്താനം പറയേണാ..

ലാസർ (ഫോണില്)
വച്ചട്ട് പോടാപ്പനേ

ഈശി
എടാ പരമനാറീ..നിന്റ പള്ളക്കിട്ട് കുത്തി കാശ്
മേടിക്കാനറിയാന്പാടില്ലാഞ്ഞട്ടല്ല..

ലാസർ (ഫോണില്)
വാടാ വന്ന് മേടീര്ടാ..ചൊണയെണ്ടേ കാണട്ടേ..

അയാൾ ഫോണിൽ സംസാരിച്ചുകൊണ്ടിരിക്കെ പിന്നിൽ നിന്ന് പെണ്ണമ്മയുടെ ആർത്തലച്ചുള്ള നിലവിളി കേട്ട് തിരിഞ്ഞു നോക്കി. പെണ്ണമ്മ പാഞ്ഞു വന്ന് വാവച്ചന്റെ നെഞ്ചിൽ വീണു പൊട്ടിക്കരയാൻ തുടങ്ങിയിട്ടും ഈശിക്കൊന്നും മനസ്സിലായില്ല.അവൻ ഫോൺ കട്ട് ചെയ്തു നോക്കുന്നു. വാവച്ചന്റെ മരണം സംഭവിച്ചുകഴിഞ്ഞുവെന്ന തീർച്ചയിലവർ ആർത്തലറുകയാണ്.വാവച്ചന്റെ കണ്ണുകൾ തുറന്നിരിക്കുകയാണ്.

പെണ്ണമ്മ
അപ്പാ..ഞങ്ങളയിട്ടേച്ച് പോണേണാ
പൊന്നേ...എടീ നിസേ സവേത്തേ ഓടി വാടീ ദേ
നമ്മടപ്പൻ ...

ഈശി അന്തം വിട്ടു നോക്കി. വാവച്ചന്റെ തല തറയിലിടിച്ച് അവിടമാകെ ചോര ഒഴുകിപ്പരന്നത് ഈശി കണ്ടു. പിന്നിലു നിന്ന് നിസയും സബേത്തും കരഞ്ഞുകൊണ്ടു വന്നു.അവരും വാവച്ചനു ചുറ്റമിരുന്നു കരയാൻ തുടങ്ങി. പുറത്തു നിന്നു പാഞ്ഞു വരുന്ന ചട്ടയും മുണ്ടുമണിഞ്ഞ് 65 നു മേൽ പ്രായമുള്ള തേത്തോത്താത്തിയും മകൻ പാഞ്ചിയും മരുമകൾ കറുത്ത മോളിയും.തേത്തോ വിശദമായി വാവച്ചനെ നോക്കിയിട്ട് പെണ്ണമ്മയോടു പറഞ്ഞു

തേത്തോ
പെണ്ണമ്മേ..വാവച്ചന്റ ആത്മം
പോയട്ടില്ലകേട്ടാ..അവനു ചവിട്ടോർമ്മ
കൊടുക്കടീ...വെക്കം..വെക്കം

കേട്ടപാടെ പെണ്ണുങ്ങളെല്ലാം ഈശിയെ തിക്കിമാറ്റി വാവച്ചനു ചുറ്റം കൂടി.ഈശി പെണ്ണമ്മ വാവച്ചന്റെ കാതിൽ വായ് അടുപ്പിച്ചു വച്ച് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

പെണ്ണമ്മ
അപ്പാ..ഈശോ..മറിയം
ഔസേപ്പേ..പറയപ്പാ..ഈശോ മറിയം
ഔസേപ്പേ..ഈയാത്മത്തിന് കൂട്ടായിരിക്കണേ..

വാവച്ചൻ നിശ്ചലം കിടക്കുന്നതു കണ്ട് അയാളെക്കൊണ്ടു പറയിച്ചേ അടങ്ങൂ എന്നമട്ടിൽ തേത്തോ താത്തി മുന്നിലേക്കു കേറി വന്ന് വിളിച്ചു കൂവി

തേത്തോ
വാവച്ചാ..ഈശോന
ഓർക്കണണ്ടാ..വാവച്ചാ...ഈശോ
മറിയം..ഔസേപ്പേ..

സബേത്ത്
അപ്പാ..ഈശോന ഓർക്കപ്പാ...

പെണ്ണമ്മ
ഈശോ മറിയം ഔസേപ്പേ...

തേത്തോ
വാവച്ചാ..ഈശോന ഓർക്കണേ..ഈശോ മറിയം
ഔസേപ്പേ ഈയാത്മത്തിനു കൂട്ടായിട്ടിരിക്കണേ

ഈശി മരവിച്ചിരിക്കുകയാണ്. ഒരു നൊടി അവന്റെ ഇന്ദ്രീയങ്ങളെല്ലാം അണഞ്ഞു പോയി. ഒന്നും കാണാനും കേൾക്കാനും കഴിയാത്തതു പോലെ മരവിച്ചിരിക്കുകയാണവൻ .തേത്തോ തൻറ മകനായ പാഞ്ചിയെ നോക്കിയിട്ട് ഈശിയെ കൈകാര്യം ചെയ്യാൻ ആംഗ്യം കാണിച്ചു. പാഞ്ചി ഈശിയെ തോണ്ടി വിളിച്ചു. അവനനങ്ങുന്നില്ലെന്നു കണ്ട പാഞ്ചി അവനെ വട്ടം പിടിച്ച് പുറത്തേക്കു നടത്തി.

CUT TO

15H.EXT വാവച്ചൻ വീട് രാത്രി

ഈശിയെ പുറത്തു നിർത്തി പാഞ്ചി പറഞ്ഞു

പാഞ്ചി
ഡാ ഈശി നീ ഒച്ചപ്പാടെണ്ടാക്കരത്.. നമ്മട
വാവച്ചനാശാൻ തീർന്നു പോയടാ..

ഈശി അന്തം വിട്ടു നില്ക്കെ പാഞ്ചി തുടർന്നു.

പാഞ്ചി
അതേടാ..പോയി..ശരിക്കും മരിച്ചുപോയട്ടാ..

കേട്ടപാടെ ഈശി പാഞ്ചിയെ തള്ളി നീക്കി. ആ നിമിഷം മുതൽ ഈശി ചെവിട്ടോർമ്മയുടെ സ്വരം മാത്രംകേൾക്കാൻ തുടങ്ങി.

പെണ്ണമ്മ
ഈശോ മറിയം യൌസേപ്പേ..ഈയാത്മാവിനു
കൂട്ടായിരിക്കണേ..

ഈ സ്വരം ഇരട്ടി സ്വരത്തിൽ ഈശിയെ വേട്ടയാടുന്നു. ആ സ്വരത്തിൻറെ ആഘാതത്തിൽ പ്രതികരണശേഷി നഷ്ടപ്പെട്ട് അയാൾ വീടിനകത്തേക്കു നടക്കുന്നു. തളത്തിൽ കരച്ചിൽ അതിശക്തമായി തുടരുന്നു.ചെവിട്ടോർമ്മയുടെ വിശദാംശങ്ങൾ . പെണ്ണമ്മയും തേത്തോയും ചേർന്ന് വാവച്ചന് ചെവിടോർമ്മ കൊടുക്കുന്നു. വിലാപത്തിന്റെ പരകോടി.

16.EXT വാവച്ചൻ വീട് പിന്നിലെ മുറ്റം രാത്രി

പിൻമുറ്റത്തേക്കു തിരക്കിട്ടു നടന്നു വരുന്ന സബേത്ത്. അലക്കുകല്ലിൽ ഇരിക്കുന്ന ഈശിയെ കാണാം. അയാൾ മരവിച്ചതു പോലെ. സബേത്ത് അരികിലേക്കു വന്ന്

സബേത്ത്
ഈശിച്ചേട്ടാ എന്തൊരിരിപ്പാണ്..ആളുകളേക്കെ
അറീക്കണ്ടേ..

ഈശി സബേത്തിനെ വെറുതെ നോക്കി.

സബേത്ത്
എടോ..അങ്ങാട് ചെല്ല്ന്ന്..

ഈശി എണീറ്റു.

ഈശി
ആ വെച്ച തീറാവുകറീം ചോറും കറുത്തമോളീട വീട്ടീ
കൊടുത്തേക്കട്ടാ..

സബേത്ത് ഒന്നും മനസ്സിലാകാത്ത മട്ടിൽ ഈശിയെ നോക്കി നിന്നു. അയാളാകട്ടെ മുന്നിൽ കണ്ട വട്ടപ്പാത്രത്തിൽ നിന്ന് വെള്ളം കോരി മുഖം കഴുകുകയാണ്. എത്ര കഴുകിയിട്ടും തീരാത്ത പോലെ. തലമുടിയിലൂടെ നനഞ്ഞ കൈ കോതി. പിന്നെ പതുക്കെ അകത്തേക്ക് നടന്നു.സബേത്ത് ആ പോക്കു നോക്കി നിന്നു.

CUT TO

16A.INT വാവച്ചൻ വീട്, മുറി രാത്രി

അയയിൽ നിന്ന് ഒരു ഷർട്ടെടുത്ത് അണിയുന്ന ഈശി. മുടി ഒന്നു കോതി, പിന്നെ ഫോണെടുത്ത് ഡയൽ ചെയ്തു.

ഈശി
ഹലോ..അയ്യപ്പാ...

CUT TO

17.INT ഹാൾ രാത്രി

തറയിൽ കിടക്കുന്ന വാവച്ചന്റെ അരികിലിരുന്ന് നെഞ്ചത്തടിച്ചു കരയുന്ന പെണ്ണമ്മ. പുറത്തു നിന്നു പരിസരവാസികൾ കയറി വരുന്നു. എത്തിനോക്കുന്നു. കാര്യം തിരക്കുന്നു. ആളു കൂടിയതു തിരിച്ചറിഞ്ഞിട്ടാവണം പെണ്ണമ്മ സ്വന്തം നെഞ്ചിൽ ആഞ്ഞിടിച്ച് കണ്ണോക്കു പാടി കരയുകയായി.

പെണ്ണമ്മ
അന്നംപുന്നാരമായട്ട് ചോറും വാരിത്തിന്ന്
കെടന്നൊറങ്ങാമെന്നുംപറഞ്ഞ്
വന്നതല്ലേ..എന്നിട്ടെന്തിനാണപ്പാ ഇങ്ങന
പോണത്...താറാവെറച്ചീല് ഉരുളക്കെഴങ്ങിട്ട്
വേവിക്കടീ പെണ്ണമ്മേന്നും പറഞ്ഞ്
കുടിക്കാനിരുന്നതല്ലേ അപ്പാ..

പെണ്ണമ്മയുടെ കണ്ണോക്കിന് കോറസ്സു പോലെ അപ്പാ..അപ്പാ..എന്ന് ഇടക്കിടെ കരയുന്ന നിസയും സബേത്തും.

CUT TO

18.EXT കവല  രാത്രി

ഓട്ടോക്കാരുടെ പിരിവ് അവസാനിപ്പിച്ച് മടങ്ങുകയാണവർ . ആ കൂട്ടത്തിലേക്കു വരുന്ന അയ്യപ്പൻ 35 പഞ്ചായത്തംഗം. കൂട്ടത്തിൽ നിന്നിരുന്ന ലാസറെ പിടിച്ചു മാറ്റി നിർത്തിയിട്ട്

അയ്യപ്പൻ
ലാസറ് അറിഞ്ഞാടാ ..നമ്മട വാവച്ചനാശാൻ
പോയട്ടാ..

ലാസർ
സന്ധ്യക്കു വന്നല്ലേള്ള് അപ്പളേക്കും പോയാ..

അയ്യപ്പൻ
അങ്ങനേള്ള പോക്കല്ലിത്..ശരിക്കിനും..

ലാസർ
അയ്യോ പഹയൻ വടിയായാ..

അതെയെന്നു തലയാട്ടുന്ന അയ്യപ്പൻ .ലാസറിന് എന്തോ ശങ്ക.

ലാസർ
ഇപ്പേന്ന വിളിച്ചട്ടവനൊന്നും പറഞ്ഞില്ലല്ലാ..

അയ്യപ്പൻ
ആര് ഈശിയാ..

ലാസർ
അതേന്ന്..ദേ ഫോൺ
വെച്ചേള്ള്..അവന്പറഞ്ഞത് മുഴുവനുമാ കാശിന്റ
കാര്യമാണ്..കൊറേ കള്ളക്കണക്കും പറഞ്ഞ്..

അയ്യപ്പൻ
അതെന്താണാവോ..നീ വന്നേ നമ്മക്കങ്ങാട്ട്
പോകാടാ..

ലാസർ
ഇതിലെന്താണ്ടും കൊഴപ്പോണ്ട്ട്ടാ..

അയ്യപ്പൻ
എന്തു കൊഴപ്പം..

ലാസർ
ഒരു ഫൌള് നടന്നട്ട്ണ്ട്..അതൊറപ്പ് ...നല്ല
ഇടിവെട്ട് പോല നടന്നു  വന്ന മനിഷേനല്ലേ..

അയ്യപ്പൻ ഒരു പിടിയും കിട്ടാതെ അവനെ നോക്കി

ലാസർ
എനിക്കു നല്ല സംശയോണ്ട്... ഇനീപ്പ
കൊന്നതാരിക്കുമാ..

അയ്യപ്പൻ
ആര്..

ലാസർ
ഒന്നുകിൽ ചൌരോച്ചേട്ടൻ അല്ലേലയാള്ട മോൻ
ഒരുത്തനെണ്ട്ല്ലാ  ഗുണ്ടേയ്ട്ട് നടക്കണവൻ
അതുമല്ലങ്കില് ഈശി..ഈശി കലിപ്പായട്ടാണ്
വീട്ടിലാട്ട് പോയത്..പിന്ന അപ്പഞ്ചുത്തു കെടക്കുന്പ
ആരെങ്കിലും കുറിക്കണക്കു പറയുമാ..ആകക്കൂട ഒരു
പെശക് ലെക്ഷണം..

അയ്യപ്പൻ
നിനക്കക്ക് പ്രാന്താണാ..വീട്ടീക്കെടന്ന് ചൊവ്വിനു
മരിച്ച മനിഷന കൊന്നട്ട് നെനക്കക്കെന്ത് കോപ്പ്
കിട്ടാനാടാ..

ലാസർ

അത് വിട് മെംബറ് വാ..നമ്മക്ക് ചവം കണ്ടട്ട്
വരാം..

അയ്യപ്പൻ
വാ..

അവരിരുവരും തിരക്കിട്ടു നടക്കുന്നു.

CUT TO

19.EXT കടപ്പുറം രാത്രി

കടപ്പുറത്തു കൂടി നടന്നു വരുന്ന അയ്യപ്പനും ലാസറും.

ലാസർ
ഇതു പണിയാകും കേട്ടാ..ഇന്നത്ത ഒറക്കം
കൊളമാകുനെന്നാണ് തോന്നണത്..

അയ്യപ്പൻ
നിനക്കൊന്നു മുണ്ടാണ്ടിരിക്കാമോ..

ലാസറിനതത്ര പിടിച്ചില്ല. എങ്കിലും അയാൾ മിണ്ടാതെ നടന്നു. വള്ളപ്പുരേല് വെളിച്ചം കണ്ട് അയ്യപ്പനൊന്നു നിന്നു.

അയ്യപ്പൻ
ആരാണവട...പതിവില്ലാത്ത വെട്ടമെണ്ടല്ലാ..

ലാസർ
അതു പൊന്നപ്പനും കൊച്ചാൻറീം കൂടി സ്മോളിംഗ്
നടത്തണേരിക്കും... വേണേല് നമ്മക്കൊന്നു
മുട്ടാടോ..

അയ്യപ്പൻ
ഒന്നു പോടാ..വെക്കം നടന്നോ..

കാഴ്ച വള്ളപ്പുരയിൽ തങ്ങിനില്ക്കേ അയ്യപ്പനും ലാസറും കടന്നു പോകുന്നു.ക്യാമറ മുന്നോട്ടു നീങ്ങി വള്ളപ്പുരയിലെ ഇത്തിരി വെട്ടത്തിൽ ചീട്ടുകളിക്കുന്ന 2 പേരെ പകർത്തുന്നു. സന്ധ്യക്ക് വഞ്ചിയിൽ ചാരിയിരുന്നു ചീട്ടുകളിച്ചിരുന്ന വൃദ്ധനും മധ്യവയസ്കനുമാണത് അവർ കളി തുടരുന്നു. നാടൻ പട്ടി അവർക്കരികിൽ കിടന്നുറങ്ങുന്നു.

കിഴവൻ
കളീല് ജയിച്ചാപ്പിന്ന നിനക്ക് തന്നെ
എടുക്കാന്നായിരിക്കും വിചാരം..

മധ്യവയസ്കൻ
അതു പിന്ന എനിക്കെള്ളത് തന്നേണ്ന്ന്..

കിഴവൻ
ങ്ഹാ..നമ്മക്ക് നോക്കാന്ന്..കളി
തൊടങ്ങ്യട്ടല്ലേള്ള്...

അവരിരുവരും ചീട്ടിട്ട് വലിച്ച് കളി തുടരുന്നു.

CUT TO

20.INT വാവച്ചന്റെ വീട് വരാന്ത രാത്രി

വാവച്ചന്റെ ശവമിപ്പോഴും തറയിൽ കിടക്കുകയാണ്. അയലത്തെ വീട്ടിലെ മുക്കുവനായ മനീക്ക്, ( 47 വയസ്സ്, ആരോഗ്യവാൻ )വരുന്നു.അയാൾ പരിസരമാകെ നിരിക്ഷിക്കുന്നു. തലയില് കൈവച്ചു കുത്തിയിരിക്കുന്ന ഈശിയേ തോണ്ടി വിളിച്ചു. ഈശി ഈർഷ്യയോടെ അയാളെ നോക്കി.

മനീക്ക്
എന്താടാ ഇങ്ങന അനാതച്ചവമായിട്ട്
കെടത്തിയേക്കണത്..തലേല ചോരേക്ക തൊടച്ച്
കെടത്ത്ന്ന്..

ഈശി പെട്ടെന്ന് ഉഷാറായി ശവത്തിനരികിലേക്കു ചെന്നു. കസേരക്കാലിലിട്ടിരുന്ന തോർത്തെടുത്ത് വാവച്ചന്റെ തലയിലെ ചോര തുടക്കാൻ തുനിഞ്ഞപ്പോൾ നിസ അതു വാങ്ങി തുടക്കുന്നു. അടുത്തിരുന്നു കരഞ്ഞുകൊണ്ടിരുന്ന പെണ്ണമ്മ വീണ്ടും കണ്ണ്ണോക്കു തുടങ്ങി.തേത്തോയും പാഞ്ചിയും മാറി നില്ക്കുകയാണ്. വേറെയും ആളു കൂടിയിട്ടുണ്ട്.

പെണ്ണമ്മ
കുട്ടുകാരന്റ കെടപ്പ് കണ്ടാ മനീക്കേ..എന്തോരം
ചോരേണ് കർത്താവേ ...ചുമ്മാണ്ട് പാട്ടം
പാടിയിരുന്ന മനിഷ്യനിങ്ങന ഉരുണ്ടുംകെട്ടി
വീഴുമെന്നറിഞ്ഞേച്ചങ്കി ഞാനടുത്ത്ന്ന്
പോകുല്ലായിരുന്നല്ലാ പൊന്നേ..

നിസ
അപ്പാ..അപ്പാ..

നിസയും സബേത്തും കൂടി ലയിച്ചു കരഞ്ഞു. ആ നേരത്ത് അയ്യപ്പനും ലാസറും കേറി വന്നു . അയ്യപ്പൻ ഈശിയുടെ തോളിൽ കൈവച്ച് അനുകമ്പ കലർ ന്നൊരു ഭാവം കാണിച്ചിട്ട് ശവത്തിനു നേരെ നടക്കുന്പോൾ ലാസർ ഈശിക്കരികിൽ ആകാംഷയോടെ നിന്നു. അയ്യപ്പൻ ശവത്തിനു മുന്നിൽ കൈകൂപ്പി നിന്നു

ലാസർ
ഈശി എന്താണപ്പന് പറ്റിയത് പെട്ടന്നിങ്ങന വരാൻ

ഈശി എന്തു മറുപടി പറയണമെന്നറിയാതെ നില്ക്കുന്പോൾ മനീക്ക് അരികിലേക്കു വന്നു.ഈശിയെ വീണ്ടും തോണ്ടി വിളിച്ചിട്ട് പറഞ്ഞു.

മനീക്ക്
ഈശീ തറേ കെടത്ത്യാലെങ്ങനേണ്
ശര്യാകണത്..നീ വന്നേ നമ്മക്കാ കട്ടില്
പിടിച്ചിടാന്ന്..

ലാസർ
അതക്ക ഞങ്ങേറ്റ്..ഡാ പാഞ്ചീ..നോക്കിനിക്കാണ്ട്
വാടാ...ലാ..ജോപ്പനേം കൂട്ടിക്കോ

മനീക്കും ചെറുപ്പക്കാരും അകത്തേക്കു കയറിയപ്പോൾ അയ്യപ്പൻ ഈശിയെ തോണ്ടി വരാന്തയിലേക്കു നയിച്ചു.ലാസറും പാഞ്ചിയും മറ്റാരൊക്കെയോ ചേർന്ന് ശവം കട്ടിലിലേക്കു കിടത്താനുള്ള ശ്രമത്തിൽ .

വരാന്ത

അയ്യപ്പൻ ഈശിയെ മാറ്റി നിർത്തിയിട്ടു പറഞ്ഞു.

അയ്യപ്പൻ
ഈശിയേ പള്ളീലറിയിച്ചാടാ..

ഈശി
ഇല്ല..സ്വന്തക്കാരോടും കൂടി പറഞ്ഞട്ടില്ല

അയ്യപ്പൻ
പറേണം.നിങ്ങ മരണഫണ്ടില് മെംബറാണാ..

ഈശി
അവരൊന്നും വരൂല്ലയ്യപ്പാ..കാശു
കൊടുക്കാത്തോണ്ട് പേരു വെട്ടിയേക്കേണ്..

അയ്യപ്പൻ
സാരൂല്ല അതിനക്ക
പരിഹാരമെണ്ടാക്കാം..അതിനുംമുന്പ് ചെയ്യണ്ട
കാര്യമൊണ്ട്..എത്രേം വെക്കം ഗർവാസീസു ഡോക്ടറ
വിളിക്കണം..

ഈശി
അതിന്റാവിശോന്നല്ല...ആളുപോയില്ലേ
ഇഞ്ഞീപ്പെന്തുകാര്യത്തിനാണ്..

അയ്യപ്പൻ
അതു വേണം. പഴേ കാലമല്ല..വീട്ടീവച്ച് ആരു
മരിച്ചാലും ഡോക്ടറ് എഴുതണം..അല്ലേ
പുലിവാലാടാ..

ഈശി മിണ്ടിയില്ല. ഈ നേരത്ത് ശവം കട്ടിലിൽ കിടത്തിക്കഴിഞ്ഞ പാഞ്ചിയും ലാസറും കൂടി ഇറങ്ങി വന്നു.അയ്യപ്പൻ അവരുടെ അടുക്കലേക്കു ചെന്ന് സ്വകാര്യം പറഞ്ഞു.

പാഞ്ചി
അയിനിപ്പെന്താണ്.ഞാൻ ബൈക്കിന് പോയട്ട്
ഡോക്ടറ കൊണ്ടരാല്ലാ..

അയ്യപ്പൻ
ഡാ ലാസറേ നീയുംപോ..പോണ വഴി
പള്ളീലെറങ്ങി ആ വികാരിയച്ചനാടുമൊന്ന്
പറഞ്ഞേക്ക്..

ലാസർ
ഒാക്കെ..

പാഞ്ചിയും ലാസറും കൂടി വരാന്തയിൽ നിന്നുമിറങ്ങുന്പോൾ പിന്നിലു നിന്ന് മനീക്ക് വിളിച്ചു പറഞ്ഞു

മനീക്ക്
തലക്കേ വെക്കാൻ പള്ളീന്ന് കുരിശും മെഴുതിരിക്കാലും
മേടിച്ചേക്കണേട്ടാ..

കൈവീശി സമ്മതിക്കുന്ന ലാസർ

CUT TO

20A.EXT മുൻവശത്തെ മുറ്റം രാത്രി

വണ്ടിയിൽ ടർപ്പായയും മുളം കുറ്റികളും കൊണ്ടുവന്നിടുന്ന പണിക്കാർ .ഇരുന്പു കസേരകളും ഒരു മേശയും പിടിച്ചിടുന്ന ചെറുപ്പക്കാർ .ശവം കണ്ടു വന്ന വലക്കാരൻ നാണുവും ഒന്നു രണ്ടു വയസ്സന്മാരും ഇരിന്പു കസേരയിൽ വന്നിരുന്ന് ബീഡി വലിച്ച് കുശുകുശുക്കുന്നു.

നാണു
ഇച്ചിരി മുന്പ് ഞാനാശാന കാണുതല്ലേ ഒരു കൊഴപ്പോമെണ്ടായിര്ന്നില്ലന്നേ..മീന് വല്ലോം കിട്ടിയാടാ നാണൂന്ന് ചോദിക്കേം കൂടി ചെയ്തേണ്..

മരണത്തിലെന്തോ പന്തികേടുണ്ടന്ന മട്ടിൽ ചുറ്റും നോക്കിയ ഒരു കിഴവൻ അടക്കിപ്പറഞ്ഞു

കിഴവൻ
എന്താണ്ടും കൈപ്പെഴ പറ്റിയട്ട്ണ്ട്..തല പൊട്ടി ചോര വരണ കണ്ടാ..ആകക്കൂട ഒരു പെശക് ലെക്ഷണമാണ് കേട്ടാ..

തൊട്ടപ്പുറത്തായി ഇരിന്പു മേശ നിവർത്തിയിടുന്ന അയ്യപ്പൻ . പിന്നിലായി ഒരു കസേരയിട്ട് അതിലിരിക്കുന്ന അയ്യപ്പൻ . വെള്ളപ്പേപ്പറിൽ എന്തോ കുത്തിക്കുറിക്കുന്നു. അകത്തുനിന്ന് ഒരു പഴയ ഫ്രെയിമോടു കൂടിയ ഫോട്ടോഗ്രാഫുമായി വരുന്ന ഈശി. അയ്യപ്പനെ അതു കാണിച്ചു. അയളതു വാങ്ങി നോക്കി. ബന്ധുക്കളെല്ലാവരും കൂടി നിൽക്കുന്ന ഗ്രൂപ് ഫോട്ടോയാണത്. അതിൽ യുവാവായ വാവച്ചനെ കാണാം.

ഈശി
പഴേതാണ്..അപ്പന്റ വേറെ പടോന്നൂല്ല..

അതിൻറെ ഫ്രെയിം അഴിച്ചുകൊണ്ട് അയ്യപ്പൻ

അയ്യപ്പൻ
ചാവറീപ്പിനിതക്ക മതി..

അയ്യപ്പൻ കീശയിൽ നിന്നു ഫോണെടുക്കുന്നു. അതോഫാണ്. അതു കണ്ട് ഈശി തന്റെ ഫോൺ നീട്ടി.

ഈശി
ഇതീന്നു വിളി..

ഫോൺ വാങ്ങി അയ്യപ്പൻ ഡയൽ ചെയ്യുന്നു.

അയ്യപ്പൻ
ഹലോ..എട പ്രതീപേ..അയ്യപ്പനാണ്..നമ്മട ഈശീടപ്പൻ മരിച്ചുപോയടാ..അതെ.. നോട്ടീസടിക്കാനാണ്..പടം ഒടനെ എത്തിച്ച്ചേക്ാളാം ..മാറ്ററെഴുതണ്ടേ..

പ്രദീപ് (ഫോണിൽ )
പതിവെള്ള മാറ്ററക്ക പോരേ..വിത്യാസോന്നും വേണ്ടല്ലാ..

അയ്യപ്പൻ
നീയതൊന്നു വായിച്ചേ..

ഫോൺ സ്പീക്കറിലിടുന്ന അയ്യപ്പൻ .ഈശിക്കു കേൾക്കാൻ

പ്രദീപ്
എന്റെ പ്രിയങ്കരനായ ഭർത്താവും കുടുംബനാഥനുമായ മുണ്ടംവേലി വലിയപറന്പിലെ വർഗ്ഗീസാന്റണി മകൻ ...

ഈശി
അതു മാറ്റണം വാരിയത്തുകുളത്തിൽ ചോറി മകൻ വാവച്ചനെന്നാക്കണം...

അയ്യപ്പൻ
പ്രതീപേ കേട്ടാടാ...വാരിയത്തുകുളത്തിൽ ചോറി മകൻ വാവച്ചൻ മേശിരി...അല്ല മേസ്തിരി.

പ്രദീപ്
ഓാകെ..കർത്താവിൽ നിദ്രപ്രാപിച്ച വിവരം വ്യസനസമേതം അറീച്ചുകൊള്ളുന്നു...അല്ലയ്യപ്പാ ശവടക്ക് എത്ര മണിക്കാണ്..

അയ്യപ്പൻ ഈശിയെ നോക്കുന്നു. ഈശിയുടെ മുഖം ശൂന്യമാണ്.

അയ്യപ്പൻ
നീയതു വിട്ടേക്ക് നാള കാലത്തതു വിളിച്ചു പറഞ്ഞേക്കാട്ടാ...

പ്രദീപ് (ഫോണിൽ )
സന്തപ്ത കുടുംബാംഗങ്ങളായിട്ടാരക്ക വേണം..ഈശി, പിന്ന ഭാര്യ ..

അയ്യപ്പൻ
ഈശി, ഭാര്യ സബേത്...എടാ സബേത് ബീയേയാണാ ബിഎസ് സിയാണാ..

ഈശി
അതൊന്നും വേണ്ടടാ...പേര് എലിസബത്ത്ന്ന് വച്ചാ മതി...പിന്ന നിസട പേരും വെക്കണം...അഗ്നീസ..

അയ്യപ്പൻ
പ്രതീപേ കേട്ടല്ലാ..

പ്രദീപ്
കേട്ട്..അമ്മേട പേര് പെണ്ണമ്മേന്നല്ലേ..

ഈശി
അതു വീട്ടില് വിളിക്കണതാണ്..ശരിക്കിനും പേര് മറിയം ത്രേസ്യേന്നാണ്

പ്രദീപ്
ഓാകെ..മാറ്ററിപ്പത്തന്ന റെഡീയാക്കാട്ടാ..നാള ഭയങ്കര തെരക്കായിരിക്കും...അർജന്റായട്ട് തീർക്കണ്ട ഒരു സുവനീറിന്റ പണിയെണ്ട്. രാവിലെ വന്ന് ചവടക്കിന്റ ടൈംപറഞ്ഞ് അടിപ്പിച്ച് മേടിച്ചേക്കണം..

അയ്യപ്പൻ
ആ കാര്യം ഞാനേറ്റന്നേ...

ഫോൺ കട്ട് ചെയ്ത് പാഞ്ചിക്കു കൊടുത്ത് ഫോട്ടോയുമായി എണീക്കുന്ന അയ്യപ്പൻ .

CUT TO

21.EXT ഗർവാസീസ് ഡോക്ടറുടെ വീട് രാത്രി

ബൈക്ക് വന്നു നിൽക്കുന്നു. ഇറങ്ങുന്ന പാഞ്ചിയും ലാസറും. പാഞ്ചി പിന്നോക്കം നില്ക്കുന്നതു കണ്ട് ലാസർ ഗേറ്റു തുറന്നു കേറി ബെല്ലടിക്കുന്നു. വെളിച്ചം തെളിഞ്ഞു. തടിച്ചു വെളുത്ത ഷേളി 55 വാതില്പു തുറന്നു. അവർ പരിചിത മുഖങ്ങളെ കണ്ട ഭാവം

ഷേളി
എന്താണീ പാതിരാക്ക്

ലാസർ
ഷേളിയാന്റീ നമ്മട വാവച്ചനാശാൻ
ചത്തുപോയെന്നേ..

ഷേളി
അയ്യോ ഒറ്റത്തടീല് നമ്മടൾത്താര
പണിതാശേരിയല്ലേ..എന്തു പറ്റിയതാണ്..

ലാസർ
അതറിയാന്പാടില്ല..വീണങ്ങാട് ചത്ത്..

പാഞ്ചി
അതല്ല..കുടിച്ച്ചെട്ടുണ്ടായിര്ന്ന്..

ഷേളി
ഇനീപ്പെന്തു ചെയ്യാനാണ്..

ലാസർ
ഡോക്ടറ ഒന്നു വിളിക്കാൻ ...

ഷേളി
ചത്താൾക്കെന്തിനാടാ ഡോക്ടറ്..

പാഞ്ചി
അയ്യോ..അതു വേണം..മരണം ഒറപ്പിക്കാൻ
ഡോക്ടറു വേണ്ടേ...

ലാസർ
എന്റെ ഷേളിയാന്റീ ആ ഡോക്ടറ ഒന്നു വിളീന്ന്..

ഷേളി
പറ്റൂല്ല..ഒറക്കമായി...

ലാസർ
അതു സാരൂല്ല..ഞാൻ കേറി വിളിക്കാല്ലാ..

മുന്നോട്ടു കയറാനാഞ്ഞ ലാസറെ തടയുന്ന ഷേളി.

ഷേളി
എടാ എടാ ഒരു കൊഴപ്പമൊണ്ട് ...പുള്ളിക്കാരനവട

ചവമായട്ട് കെടക്കേണ്...ഗൾഫീന്ന് കുട്ടാരൻ
കൊണ്ടന്ന ഫുള്ളടിച്ചട്ട് വെളിവില്ലാണ്ട്
വീണുപോയെന്നേ...ഇഞ്ഞി ആന പിടിച്ചാ
പൊങ്ങൂല്ലാ..

ലാസർ
ഓ..വെല്ല്യ ചതിയായല്ലാ..ഇനീപ്പെന്താണ്
ചെയ്യണ്ടത്..

ഷേളി ഒന്നു ചിരിച്ചു. മണമടിച്ചപ്പോൾ ലാസറിനു ചിരിപൊട്ടി

ലാസർ
ആന്റീമടിച്ചട്ട്ണ്ടല്ലാ...

ഷേളി
പിന്നല്ലാണ്ട് എത്ര നേരോണെന്നും വച്ചാണ്
നോക്കിയിരിക്കണെ.. ഞാനുമടിച്ച് മൂന്നെണ്ണം

ലാസർ
ഇഞ്ഞിപ്പേന്തു ചെയ്യും അതു പറ..

ഷേളി
നിങ്ങാ ഹെഡ് നേഴ്സ് സാറാമ്മനേം
കൂട്ടിപ്പോന്ന്..ചത്താന്ന് നോക്കാനക്ക അവരു
മതി..

പാഞ്ചി
പക്ഷെ അവര് ഡോക്ടറല്ലല്ലാ..

ഷേളി
അവരു കാലത്ത് വന്നു പറയുന്പ ഡോക്ടറ്
ഒപ്പിട്ടോളൂടാ..വെക്കം ചെല്ല്..

പാഞ്ചിയും ലാസറും മുഖത്തോട്ടു മുഖം നോക്കി യാത്ര പറയാനൊരുങ്ങിയപ്പോഴേക്കും പുറത്തെ വാതിടഞ്ഞു. പിന്നെ ലൈറ്റുമണഞ്ഞു.ഗേറ്റടക്കുന്നതിനിടയിൽ ലാസർക്ക് സംശയം

ലാസർ
എടാ..ഈ ഡോക്ടറും സാറാമ്മ സിസ്റ്ററും കൂടി
മുടിഞ്ഞ പരിപാടിയാണ് കേട്ടാ...പോരാത്തതിന്
ഒടുക്കത്തെ ലപ്പം.. അതൊന്നുമീ പാവം
ഷേളിയാന്റിക്കറിയാന്പാടില്ലേ..

പാഞ്ചി
ആ..ആക്കറിയാം...ഇതക്ക നിന്റ
സ്വപ്നോല്ലേ...ഇല്ലാ വചനം പറേല്ലേ
ലാസറേ നാക്കുപുഴുത്തു പോകും..

ബൈക്ക് കിക്ക് ചെയ്യുന്ന പാഞ്ചി.

CUT TO

22.EXT സാറാമ്മ വീട് രാത്രി

കൊമ്പൻ മീശക്കാരനായ മീങ്കു 50 മീശ ഒന്നു കൂടി തലോടി പൂമുഖ വാതില്പ്പടിയില് നിന്ന് മദാലസയായ സാറാമ്മ 40 യെ നോക്കി പറഞ്ഞു,

മീങ്കു
സാറാക്കൊച്ച് ഒന്ന് പോ..ഗറ്വാസീസ് ഡാക്ടറ്
പറഞ്ഞതല്ലേ..പോരാത്തതിന് വാവച്ചനാശാൻ
നമ്മട എടവകക്കാരനും..ചെല്ല്..

സാറാമ്മ വളരെ കനപ്പിച്ച് ലാസറിനേയും പാഞ്ചിയേയും ഒന്നു നോക്കി. തീരെ രസിക്കാത്ത മട്ടിൽ

ലാസർ
വരൂല്ലാന്ന് പറേര്ത്..ചവം അങ്ങനതന്ന
കെടത്തിയേക്കേണ്..പിന്ന ഡോക്ടറ് പ്രത്യേകം
പറയേം ചെയ്തു സാറാമ്മ സിസ്റ്ററ് വന്നാ
മതീയെന്ന്..

സാറയ്ക്ക് അതു രസിച്ചു.

സാറ
കാറെണ്ടാ..

ലാസർ
കാറില്ല ബൈക്കെണ്ട്..

സാറ
അയ്യേ ഈ പെണ്ണായ ഞാൻ പാതിരാക്ക് നിങ്ങട
കൂട ബൈക്കീക്കേറാനാ..നടക്കൂല്ല..

ലാസറിന്റെ പിന്നില്നു നിന്ന് വെളിച്ചത്തേക്കു വന്ന പാഞ്ചി ഭവ്യതയോടെ പറഞ്ഞു

പാഞ്ചി
വണ്ടി തരാം..മീങ്കുച്ചേട്ടനും ചേച്ചീം കൂടി..

മീങ്കു
എനിക്കു വണ്ടിയോടിക്കാനറിയാന്പാടില്ലല്ലാ..

ലാസർ
പിന്നെന്തു ചെയ്യും പ്രശനമായല്ലാ..

സാറ കനപ്പിച്ചു തന്നെ നിന്നു.

ലാസർ
ഡോക്ടറോട് ഞങ്ങേന്തു പറയും..പുള്ളിക്കാരൻ
പ്രത്യേകം പറഞ്ഞട്ടാണ് ഞങ്ങ വന്നത് തന്നെ..

മീങ്കു
സാറക്കൊച്ചേ..

സാറ
ഉം..ശേരി..ഡോക്ടറിങ്ങന കല്പിച്ചാപ്പിന്ന കേക്കാണ്ടു
പറ്റൂല്ലല്ലാ..വാ..

കേട്ടപാടെ ലാസർ കൊതിയോടെ ഡ്രൈവിംഗ് സീറ്റിലേക്കിരുന്നു, പിൻ സീറ്റ് തുടച്ച് വൃത്തിയാക്കി. ഇറങ്ങി വന്ന സാറ ദ്വേഷ്യത്തിലവനെ നോക്കി.

സാറ
വല്ല്യ പൂതിയാണല്ലാ..എറങ്ങടാ..

ചമ്മലോടെ ലാസർ വണ്ടിയിൽ നിന്നുമിറങ്ങി. തൽക്ഷണം കായികാഭ്യാസിയേപ്പോലെ സാറ ഡ്രൈവിംഗ് സീറ്റിലിരുന്ന് മീങ്കുവിനെ കൈ നൊടിച്ചു കാണിച്ചതും വാതിലടച്ച് മീങ്കു പിൻ സീറ്റിൽ ചാടിക്കേറിയിരുന്നു. വണ്ടി പുക പരത്തി കത്തിച്ചു പായുന്നു.

പാഞ്ചി
നീ പറഞ്ഞത് നേരാണ്കേട്ടാ..ആ സാറാമ്മ പറ വെടിയാണ്..

അതു കേട്ട് പൊട്ടിച്ചിരിക്കുന്ന ലാസർ .

CUT TO

23.INT വാവച്ചന്റെ വീട് രാത്രി

കട്ടിലിൽ തുറന്ന വായും മുഴുവനായി അടയാത്ത കണ്ണുമായി കിടക്കുന്ന വാവച്ചൻ . കൈലിമുണ്ടും കീറഷർട്ടുമണിഞ്ഞു കിടന്നിരുന്ന അയാളെ പുതപ്പുമായി വന്ന സബേത്ത് പുതപ്പിക്കുന്നു. അരികിൽ പെണ്ണമ്മ,നിസ തേത്തോ കറുത്തമോളി തുടങ്ങിയ അയലത്തുകാർ അന്തരീക്ഷത്തിലെ ശോകം മൂക്കു ചീറ്റിയും തേങ്ങിയുമൊക്കെ നിലനിർത്തിയിട്ടുണ്ട്.

വരാന്ത

വരാന്തയിൽ തലയിൽ കൈകൊടുത്തു തളർന്നിരിക്കുന്ന ഈശിയുടെ അരികിലിരുന്ന് ചാർജിലിട്ട തന്റെ ഫോണിൽ ചരമ അറിയിപ്പു നടത്തുന്ന അയ്യപ്പൻ

അയ്യപ്പൻ
ഹലോ..കേൾക്കാമോ..അതെ വാവച്ചഞ്ചേട്ടന്റ കാര്യം പറയാൻ തന്നേണ്..ങ്ഹാ
അറിഞ്ഞാ..ഞാനാ..ഞാനയലോക്കക്കാരനാണ്...എന്തേ..പിടിച്ചില്ലേ,അതേ ചേട്ടാ..ബന്ധുക്കള് വന്ന് നേരിട്ട് ക്ഷണിക്കാനിതു കല്യാണോന്നുമല്ല..നിങ്ങ നല്ല സൌകര്യമൊണ്ടങ്കി വന്നാമതി..അല്ല പിന്ന..

അയ്യപ്പൻ സെൽ ഒാഫ് ചെയ്ത് ക്രൂദ്ധനായി ഈശിയെ നോക്കുന്നു.

അയ്യപ്പൻ
നിന്റപ്പന്റനിയനാണ്..ആ നാറിന ചെന്നറിയിക്കണോന്ന്..

ഈശി
ആ ചവത്തിനാട് പോയ് ചാകാന്പറേടാ..

അയ്യപ്പൻ ഈശിയുടെ കാതിനടുത്തേക്കു മുഖം വച്ച് സ്വകാര്യം പോലെ ചോദിച്ചു.

അയ്യപ്പൻ
ഡാ..പട്ടാണിത്തുരുത്തുകാര അറിയിക്കണ്ടേ..

ഈശി
അതൊന്നും വേണ്ട... ആകെ കൊളമാകും..

ആ നേരത്ത് ഈശിയുടെ ഫോണും ബെല്ലടിച്ചു. ഈശി അറ്റന്റ് ചെയ്യുന്നു.

ഈശി
ഹലോ..പ്രസ്സീന്നാ..ങ്ഹാ എന്താണ് പ്രതീപേ..

പ്രദീപ് (ഫോണിൽ )
വാവച്ചനാശാന്റ ശവടക്കിന്റ ടൈം
ഒറപ്പിച്ചട്ടില്ലല്ലാ..

ഈശി
ഇല്ല..നാളെ വൈകീട്ടായിരിക്കും..പള്ളീപ്പറഞ്ഞട്ടു
വേണം ഒറപ്പിക്കാൻ

പ്രദീപ് (ഫോണിൽ )
ദേ മാറ്ററടിച്ച് വച്ചട്ട്ണ്ട്...ഒറപ്പിച്ചാലൊടന പ്രസ്സീ
വിളിച്ച് പറേണ്ടേട്ടാ..അല്ലേ
പണിയാകും..എനിക്ക് സോവനീറടിക്കണ്ടതാണ്..

ഈശി
ശരി.

ഈശി ഈർഷ്യയോടെ ഫോൺ കട്ട ചെയ്യുന്നു. ഈ സമയത്ത് പുറത്ത് ബൈക്കു കയറി വരുന്ന സ്വരം കേട്ട് ഈശിയും അയ്യപ്പനുമെത്തി നോക്കി. ബൈക്കിന്റെ ഒച്ച കേട്ടതും പെണ്ണമ്മ വാവിട്ടു കരയാൻ തുടങ്ങി.

പെണ്ണമ്മ
അപ്പാ..ആരക്കേണ്ണപ്പന കാണാൻ വരണേന്ന്
നോക്കപ്പാ...ഒന്നും മുണ്ടാണ്ടങ്ങാട്
പോയിക്കളഞ്ഞല്ലാ അപ്പാ..

വരാന്തയിലേക്ക് കയറി വരുന്ന സാറാമ്മയും മീങ്കുവും. അയ്യപ്പൻ ഭവ്യതയോടെ അകത്തേക്കു നയിക്കുന്ന നേരത്ത് ആരാണെന്നറിയാതെ പെണ്ണമ്മ നെഞ്ചത്തടിച്ചു കരയാൻ തുടങ്ങി. അതു കണ്ട സാറാമ്മ പുച്ഛത്തിലൊന്നു ചിരിച്ചിട്ടു പറഞ്ഞു

സാറ
പെണ്ണമ്മച്ചേടത്തിയേ..ഇതു ഞാനാ കാനാത്ത
സാറാമ്മ വെർതെയാ ചങ്കിടിച്ചു പൊടിക്കണ്ട..

സാറാമ്മയെ കണ്ട് പെണ്ണമ്മ ഒന്നു നാണിച്ചുവെങ്കിലും തേങ്ങലു തുടർന്നു.

സാറ
വാവച്ചഞ്ചേട്ടന്റട്ത്ത്ന്ന് എല്ലാരുമൊന്നു മാറിത്തന്നേ
എനിക്കു പരിശോധിക്കണം..

ഒരു ഡോക്ടറുടെ അധികാരത്തോടെയുള്ള കല്പന കേട്ട് എല്ലാവരും ഒതുങ്ങി മാറി നിന്നു. മീങ്കു മാത്രം സാറയുടെ സഹായിയെപ്പോലെ അരികിൽ നിന്നു. വിശദമായി പരിശോധിക്കുന്നു. തുറന്നിരിക്കുന്ന വായ് നോക്കി. കണ്ണിലേക്കു നോക്കിയിട്ട് തിരുമി അടക്കുന്നു. സാറയും മീങ്കുവും തലയിലെ മുറിവു കാണുന്നു. രണ്ടു പേരും അസ്വസ്ഥതയോടെഒരു നോട്ടം കൈമാറി. ഈശിയും അയ്യപ്പനും അവിടെ വരുന്നു.തലയിലെ മുറിവും ചോരയും ചൂണ്ടി സാറ സംശയത്തോടും ആശങ്കയോടും കൂടി ചോദിച്ചു

സാറ
ഇതെന്തു പറ്റിയേണ്..

സബേത്ത്
കുടിച്ചിരിക്കേയിരുന്നു..ഇച്ചിരി
ഒാവറായ്പോയി..വീണതാണ്..

സാറ
തനിച്ചാണാ കുടിച്ചത് അല്ലേ കൂട്ടത്തീ
ആരെങ്കിലും..

ഈശിക്ക് ഈർഷ്യയായി

ഈശി
ഇതക്കിപ്പ അറിഞ്ഞട്ടെന്തിനാണ്..

സാറയ്ക്ക് ദ്വേഷ്യം വന്നു.അവര് രൂക്ഷമായവനെ നോക്കി.

സാറ
പിന്നെന്തിനാണെന്ന വിളിപ്പിച്ചത്

അയ്യപ്പൻ
സിസ്റ്ററേ സോറി..ഡാ ഈശി മര്യാദക്ക്
പറഞ്ഞുകൊടുക്കടാ..

സാറ രൂക്ഷമായി ഈശിയെ ഒന്നു നോക്കിയിട്ട് തുടർന്നു.

സാറ
ചാരായോണാ റമ്മാണാ കുടിച്ചത്

ഈശി
ഒാസിയാറാണ്..

സാറ
എന്നട്ട് വാറ്റിന്റ മണമാണല്ലാ..

ഈശിക്കു ദ്വേഷ്യം വന്നു. അയ്യപ്പൻ അവന്റെ കൈയ്യിൽ കേറിപ്പിടിച്ചു മറുപടി പറയാനാംഗ്യം കാണിച്ചു.

ഈശി
ഞാൻ മുള്ളാനും സീററ്റ് വലിക്കാനും പോയപ്പ
അപ്പൻ കുടിച്ചട്ടുണ്ടാകും..

സാറ
ഒറപ്പില്ലേ..

തോളു കുലുക്കി ഇല്ല എന്നാംഗ്യം കാണിക്കുന്ന ഈശി.

സാറ
അത് പ്രശ്നമാകുമല്ലാ..

എല്ലാവരുമൊന്നു പകച്ചു നില്ക്കെ

അയ്യപ്പൻ
സിസ്റ്ററേ..ഞാൻ ഗ്യാരണ്ടി ഒരു
കൊഴപ്പോമില്ലെന്നേ..

സാറ
മെംബറ് കണ്ടോ

അയ്യപ്പൻ
അതില്ല..എന്നാലും..

സാറയുടെ കാതിൽ മീങ്കു എന്തോ വന്നു പറഞ്ഞു. തലകുലുക്കി പുറത്തേയ്ക്കിറങ്ങുന്ന സാറ.ആ പോക്ക് എല്ലാവരിലും ടെൻഷനുണ്ടാക്കി. അയ്യപ്പൻ പിന്നാലെ ചെല്ലുമ്പോൾ അയാളെ ഒഴിവാക്കാൻ ഫോണെടുത്ത് ഇപ്പോൾ വരാം എന്ന് ചെറുവിരലുയർത്തിക്കാണിക്കുന്ന സാറ.അയ്യപ്പനവിടെ തന്നെ നിന്നു.

വരാന്ത

പറമ്പിലെ മരങ്ങളിൽ കാറ്റു പിടിച്ചിരിക്കുന്നു. വരാന്തയിൽ നിന്ന് കാറ്റൊന്നു നോക്കി സാറ ഫോണിൽ ഡയലു ചെയ്ത് സംസാരിക്കുന്നു

സാറ
ഹലോ ഡോക്ടറേ ഇതു സാറാമ്മേണ്

മറുതലയ്ക്കൽ ഡോക്ടറുടെ ഭാര്യ ഷേളിയാണ്

ഷേളി
ങ്ഹാ സാറാമ്മേ..ഡോക്ടറ
വിളിക്കാമ്പറ്റൂല്ല..നല്ല പറ്റാണ്, എന്താണു
വേണ്ടതെന്ന് പറഞ്ഞാ മതി..

എല്ലാവരും ശ്രദ്ധിക്കുന്നതു കണ്ട് സാറ മുറ്റത്തേയ്ക്കിറങ്ങി സംസാരിക്കുന്നു.അന്തരീക്ഷത്തിൽ നല്ല കാറ്റ്. അയ്യപ്പനും ഈശിയും നോക്കി നില്ക്കുന്നു ഒന്നും കേട്ടൂകൂട. ഇപ്പോൾ ഇരുവർക്കും ശകലം ടെൻഷനുണ്ട്. ഫോൺ കട്ടു ചെയ്ത് സാറാമ്മ കേറി വരുന്നു.മീങ്കുവിനോടെന്തോ സ്വകാര്യം പറയുന്നു. മീങ്കുവും എന്തോ പറയുന്നു.

സാറ
അയ്യപ്പാ..കണ്ടതെല്ലാം ഡോക്ടറോടു നാള നേരിട്ടു
പറഞ്ഞോളാം..ഞങ്ങ പോട്ടേ..

അയ്യപ്പൻ
അയ്യോ..ഒരു തീരുമാനമാക്കാണ്ട്

സാറ
ഇഞ്ഞിയെന്തു തീരുമാനമാക്കാനാണ്..പരിപാടിയക്ക
കഴിഞ്ഞില്ലേ..

സാറ പോകാനൊരുങ്ങിയപ്പോൾ മനീക്ക് വന്നടുത്തു നിന്നു.

മനീക്ക്
ചവത്തിന്റ താടി കൂട്ടിക്കെട്ടിയട്ട് പോ
സിസ്റ്ററേ..അലേല് വെളുക്കുമ്പ പാതാളക്കരണ്ടി
പോലേകും കേട്ടാ..

സാറ മീങ്കുവിനെ ഒന്നു നോക്കി. അയാൾ മൌനം. സാറാമ്മ ശങ്കയിൽ ശവത്തെ ഒന്നു കൂടി നോക്കി. അവർ ആശങ്കയിലാണ്.ഗാഢമായ ചിന്തയിൽ .

CUT TO

24.EXT പള്ളിമേട രാത്രി

വാതിലിൽ തട്ടുന്ന ലാസർ . പിന്നിലായി നിഴലു പോലെ പാഞ്ചിയുമുണ്ട്.

ലാസർ
അച്ചോ...അച്ചോ..

പാഞ്ചി
ചെലപ്പ വികാരിയച്ചൻ ഒറങ്ങിയട്ട്ണ്ടാകും..നമ്മക്ക്
നാള വന്നു പറയാടാ

ലാസർ
അതു പറ്റല്ല..ഇന്നന്നെ പറഞ്ഞില്ലങ്കില് ഇയാള്
കേറി ഒടക്കും പഹേനൊരു കാരണം കാത്തു
നടക്കേണ്..

ലാസർ വീണ്ടും മുട്ടാൻ കൈ ഉയർത്തിയ നേരത്ത് വാതില്വ തുറക്കപ്പെടുകയും 50 ലേറെ പ്രായമുള്ള പരുക്കൻ മുഖമുള്ള ദീർഘകായനായ അച്ചൻ വാതില്വ തുറന്ന് ആ കൈയ്യില്വ കേറി പിടിക്കുകയും ചെയ്യത്. അച്ചന്റെ ഇടതു കൈയ്യിൽ ഹോംസിന്റെ എ സ്റ്റഡി ഇൻ സ്കാർലെറ്റ് എന്ന പുസ്തകമുണ്ട്.

അച്ചൻ
ഈ പാതിരാക്കെന്തിനാടാ മനിഷ്യന
കുത്തിപ്പൊക്കൃത്..

ലാസർ
ഓ പിന്നേ..അച്ചൻ ഡിറ്റക്ടീവ് നോവലും
വായിച്ചോണ്ടിരിക്ക്യായിര്ന്നല്ലാ..

അച്ചൻ
നെനക്കിപ്പെന്താണ് വേണ്ടത്..

ലാസർ
ദേ ഇതിലും കെമണ്ടൻ കൊലക്കേസും കൊണ്ടാണ്
ഞാൻ വന്നേക്കണത്..നമ്മട
വാവച്ചനാശാരിയെണ്ടല്ലാ അയാള ആരാണ്ടും
തട്ടി..എന്റ സംശയമാണ് കേട്ടാ..എന്നാലും
സത്യോണെന്നാണ് മനസ്സു പറേണത്..

പാഞ്ചി
ഇവൻ വെർതേ പറേണച്ചാ..ചുമ്മാണ്ട്
ചത്തതാണ്..കൊലയൊന്നുമല്ല..

അച്ചൻ ഒന്നു പാഞ്ചിയെ നോക്കി. പിന്നെ ലാസറിനോടു പറഞ്ഞു

അച്ചൻ
നീ കാര്യന്പറ എന്താണെണ്ടായത്...

ലാസർ
ഒന്നും പറേണ്ടച്ചാ..സന്ധ്യക്ക് ബസ്സെറങ്ങി വരണ
വഴി വാവച്ചനാശാൻ ക്ളബ്ബിലിരുന്ന
ചൌരോച്ചേട്ടനപ്പഞ്ഞിക്കിട്ടു.

അച്ചൻ
അതെന്തിനാടാ..

ലാസർ
അതല്ലേ ദുരൂഹത..ഇക്കാര്യം കള്ളും മേടിച്ചാണ്ടു
വന്ന ഈശിയാട് ഞാന്പറഞ്ഞപ്പ അപ്പന്റ പണി
ഇന്നത്തോട തീർക്കുന്ന് പറഞ്ഞവനൊറ്റ
പോക്കാണ്...

അച്ചൻ

ഉം..എന്നട്ട്..

പാഞ്ചി
ഇതക്ക വെറുത കെട്ടുകഥേണച്ചാ..

അച്ചൻ
നീ മുണ്ടാണ്ടിരി..അവന്പറേട്ടെന്ന്..

ലാസർ
ചൌരോച്ചേട്ടന്റ മോൻ ഗുണ്ടേം വാവച്ചന
തട്ടാനായട്ട് നടക്കണ്ണ്ണ്ട്ന്ന് ഓർക്കണം..അതിനം
പൊറമേ പെണ്ണമ്മ താത്തിക്ക് ഈ മുങ്ങിനടക്കണ
ദുരൂഹക്കെട്ട്യാന കണ്ണ്ണെട്ത്താ കണ്ടൂടാ..

അച്ചൻ
എങ്ങന, എങ്ങനാ..തെളിച്ചു പറഞ്ഞണ്ടേ..

ലാസർ
ഒന്നും പറേണ്ട,ഈ വാവച്ചനാശാന എടക്കെടക്ക്
കാണാണ്ടാകും..എവടേണ് പോണേന്നു ചോദിച്ചാ
ആരും ഒന്നും പറയൂല്ല..അറിയണ്ടവരിക്കക
അറിയേം ചെയ്യാം..അതോണ്ടല്ലേ
പെണ്ണമ്മത്താത്തി എന്റമ്മനാട് പച്ചക്ക പറഞ്ഞത്..

അച്ചൻ
എന്ത്ന്ന്

ലാസർ
ഒരു നിവർത്തിയെണ്ടേല് വാവച്ചനാശാനക്കൊണ്ട്
പരാമറു തീറ്റിക്കുമെന്ന്...

അച്ചൻ കൌതുകത്തോടെ ലാസറെ നോക്കി.

അച്ചൻ
എന്നട്ട്

ലാസർ
ഒരു നെലോളി കേട്ട് നാട്ട്കാര് ചെന്നപ്പ ആശാൻ
ചത്ത് കെടക്കണ്..തലേല് മുറിവെണ്ട്..തറേല്
ചാരായോം..അതു വേറൊരു ദുരൂഹത..

അച്ചൻ പാഞ്ചിയെ നോക്കി ചോദിച്ചു

അച്ചൻ
ആരാടാ കൊന്നത്..

പാഞ്ചി
അയ്യോ..ആരും കൊന്നതല്ല..തന്നത്താനങ്ങാട്...

വികാരി ലാസറെ നോക്കി

വികാരി
ആരാടാ..പറ

ലാസർ
അതച്ചൻ കണ്ട്പിടിക്ക്..അല്ലങ്കിപ്പിന്ന ഈ

ളോഹേമിട്ട് നടക്കണതെന്തിനാണ്..

പാഞ്ചി
എന്റച്ചോ ഇതക്ക ഈ ലാസറിന്റ
ഭാവനേണ്..ഇങ്ങനേന്നല്ല നടന്നത്..

അച്ചൻ
നീയിവനേം കൊണ്ട്
പോയേ..ഞാനൊറങ്ങാൻപോണേണ്

ലാസർ
അപ്പ അച്ചൻ ചത്തവീട്ടില് വരണില്ലേ..

അച്ചൻ
അതക്ക നേരം വെള്തത്ട്ട്..മക്കള് പോ..

ലാസർ
അപ്പ വന്നതും പറഞ്ഞതും വെർതേയാ..

അച്ചൻ
പോടാ..

വികാരിയച്ചൻ വാതിലടച്ചു. പിന്നാലെ വെളിച്ചവും കെട്ടു. പാഞ്ചി ലാസറെ ക്രൂരമായിട്ടു നോക്കി

പാഞ്ചി
അതു കൊലക്കേസ്സാക്കിയതോണ്ട് നെനക്കെന്താടാ
ഗുണം

ലാസർ
ഒരു രസം..വാടാ..സാറാമ്മട വീട്ടീപ്പോയട്ട് നമ്മട
വണ്ടിയെടുക്കാം..

അവർ ഇരുട്ടിലേക്കു നടക്കുന്നു. മുകളിൽ നിന്ന് അച്ചനവരെ നോക്കുന്നു. അച്ചൻ ഗാഢമായ ചിന്തയിൽ

CUT TO

25.INT വാവച്ചന്റെ വീട് രാത്രി

സബേത്തു നീട്ടിയ വെള്ളമുണ്ട് വാങ്ങുന്ന സാറാമ്മ സിസ്റ്റർ . അവരതു വട്ടം കീറുന്നു. പിന്നെ വാവച്ചന്റെ തുറന്നു കിടക്കുന്ന താടിയും തലയും കൂട്ടിക്കെട്ടാനൊരു ശ്രമം നടത്തുന്നു.വലിച്ചു കെട്ടിയപ്പോഴേക്കും തുണി കീറിപ്പോകുന്നു. ദ്വേഷ്യത്തോടെ സാറാമ്മ ആ തുണി സബേത്തിനു നേരെ ഇട്ടുകൊടുക്കുന്നു. അതെടുക്കുന്ന സബേത്ത്.എല്ലാവരും അതും ശ്രദ്ധിച്ചിരിക്കുന്നു.കാറ്റടിച്ച് അണഞ്ഞു പോയ മെഴുതിരി കൊളുത്തുകയാണു നിസ. സബേത്ത് അനങ്ങാതെ നില്ക്കുന്നതു കണ്ട്

സാറാമ്മ
ദേ ഞാൻപോണേണ്..കെട്ടണോങ്കി വേറെ
തുണിയെടുക്കണോട്ടാ.

സബേത്ത് കേട്ടപാടെ തിരക്കിട്ട് അകത്തേക്ക്.കാറ്റ് ആഞ്ഞു വീശുന്നു. എല്ലാ മെഴുതിരികളും കെട്ടുപോകുന്നു. എല്ലാവർക്കും ഒരു വല്ലായ്ക.

CUT TO

25A.EXT പറന്പ് രാത്രി

പറന്പിലിട്ട ഇരുന്പു കസേരയിലിരിക്കുന്ന അയ്യപ്പൻ മേശപ്പുറത്തു എഴുതി വച്ച ലിസ്റ്റു വിളിച്ചു കഴിഞ്ഞ മുറക്ക് വെട്ടിക്കൊണ്ടിരിക്കുന്പോൾ അടുത്തിരുന്ന ഈശി പറഞ്ഞു തുടങ്ങി.

ഈശി
മരിക്കണേക്കു മുന്പ് അപ്പൻ ഒറ്റക്കാരിയമാണു പറഞ്ഞത്..ചവടക്ക് കേമോക്കണോന്ന്..ബാന്റുകൊട്ടും കണ്ണാക്കുമെക്കേളള കെമണ്ടനടക്കു കൊട്ടക്കാന്നു ഞാൻ വാക്കു കൊടുക്കേം ചെയ്തു..

അയ്യപ്പൻ
അപ്പ മരിക്കുന്ന് ആശാനൊറപ്പായിരുന്നാ..

ഈശി
അതപ്പൻ എപ്പ കള്ളടിച്ചാലും പറേണകാരിയമാണത്..

അയ്യപ്പൻ
അപ്പപ്പിന്ന നമ്മക്ക് തരക്കേടില്ലാത്ത ശവടക്ക് കൊടുക്കണം

ഈശി
പണ്ടാരംപിടിക്കാനായിട്ട് അഞ്ചിന്റ കാശില്ല കൈയ്യീല് അതറിയാമാ..

അയ്യപ്പൻ
വല്ല പൊന്നിന്റ പൊട്ടും പൊടീമെണ്ടേലെടക്ക് നമ്മക്ക് കുർമ്മൻ ദേവസിയാട് ചോദിക്കാടാ..

ഈശി
കുർമ്മൻ കാഞ്ഞ ബ്ളേഡേല്ലേടാ അവൻ ചില്ലിക്കാശ് തൊടീക്കുല്ല..എനിക്കയാള നന്നായട്ടറിയാം..

അയ്യപ്പൻ
ഞാനില്ലേ കൂടെ നീ വാടാ..

ആയ്യപ്പനെണീറ്റു.ഈശി അകത്തേക്കു തിരക്കിട്ടു നടന്നു പോയി.

CUT TO

25A.INT അകം വാവച്ചന്റെ  വീട്  രാത്രി

കിടപ്പു മുറി

മരപ്പെട്ടിയിൽ നിന്ന് നല്ല വെള്ള മുണ്ടെടുത്തു വട്ടം കീറുന്ന സബേത്ത്. ഈശി വരുന്നു.

ഈശി
ഇതെന്തിനാണ്..

സബേത്ത്
സാറാമ്മ സിസ്റ്ററിനാണ്, അപ്പന്റ താടിക്ക് കെട്ടാൻ

ഈശി
സവേത്തേ നീയാ കഴുത്തേക്കെടക്കണ
മാലയിങ്ങോട്ടെടുക്ക്...

സബേത്ത്
അയ്യോ ആകേള്ള പൊന്നുംതരിയാണത്
അതെടുക്കണ്ട

ഈശി
ചവടക്ക് നടത്താൻ വേറ
വഴീല്ലാത്തോണ്ടല്ലേ..നീയതെടുക്കടീ..

സബേത്ത്
എന്റീശിച്ചേട്ടാ..നാള ശവടക്കത്തിനെന്റ വീട്ട് കാര്
വര്ന്പ ഒഴിഞ്ഞ കഴുത്തുമായട്ട് ഞാൻ നിന്നാ
ആക്കാണ് പോക്കണം കേട്..നിങ്ങക്ക് തന്നേണ്..

ഈശി
അതു ഞാൻ സഹിച്ച്..

ഈശി മാലയിൽ പിടിച്ചൊരു വലി വലിച്ചു. കൊളുത്തകന്ന് മാല അയാളുടെ കൈയ്യിലായതും അയാൾ നടന്നു.

സബേത്ത്
പണ്ടാരക്കാലൻ ...

അറിയാതെ അവളുടെ നാവിലു നിന്നു വീണു പോയി.അയാളൊന്നു നിന്നു. സബേത്ത് വല്ലാതായി.

ഈശി
സവേത്തേ...ഞാൻ മാറിയപ്പ നീയെന്റപ്പന്
വല്ലോം കലക്കിക്കൊടുത്താടീ..

സബേത്ത് തകർന്നുപോയി. അവളത്രയും പ്രതീക്ഷിച്ചില്ല.

സബേത്ത്
എന്റ കർത്താവേ എന്തക്ക ദൂഷ്ടത്തരോണീ മനീഷ്യൻ
പറേണത്..

ഈശി
ഉം..ഞാഞ്ചോയിച്ച്ചെന്നേള്ള്...

ഈശി കടന്നു പോകുന്നു.

CUT TO

25B.INT ഹാൾ രാത്രി

കട്ടിലിൽ കിടത്തിയിരിക്കുന്ന വാവച്ചൻറെ താടിയും തലയും ചേർത്ത് വലിച്ചു കെട്ടുന്ന സാറ. എത്ര കെട്ടിയിട്ടും വായ തുറന്നു തന്നെ. അവര് ദേഷ്യത്തോടെ എന്തോ പിറുപിറുക്കുന്നുണ്ട്. വായ് വലിച്ചടക്കുന്പോൾ തലയിലെ മുറിവു പുറത്തു കാണും. മുറിവടക്കുന്പോൾ താടി തുറന്നു വരും.ഇടക്കാരോ വരുന്പോൾ പെണ്ണമ്മ വാവിട്ടു കരഞ്ഞു സാറയ്ക്കു ദേഷ്യം സഹിക്കാനായില്ല.

സാറ
നിങ്ങളോടല്ലേ മുണ്ടാണ്ടിരിക്കാൻ പറഞ്ഞത്..

പെണ്ണമ്മയടക്കം സർവരും ശങ്കിച്ച നില്ക്കേ സാറ വലിച്ച മുറുക്കി കെട്ടിയ വാവച്ചന്റെ വായ് തുറന്നു പോയി. ഒപ്പം കണ്ണും തുറന്നു.എല്ലാവരും നടുങ്ങി അ നില്ക്കെ വെളിച്ചവുമണഞ്ഞു.

കൂരിരുട്ട്.

CUT TO

26.EXT തോടരികിലെ റോഡ് രാത്രി

കൂരിരുട്ടിലൂടെ തൊപ്പി വച്ച് ചെറിയ ടോർച്ച തെളിച്ച് വെളുത്ത രൂപം നടന്നു വരുന്നു. വികാരിയച്ചനാണെന്ന് തീരെ വ്യക്തമല്ല.

CUT TO

INTERVAL

28.EXT വഴി പോസ്റ്റ് രാത്രി

വഴിയിലെ പോസ്റ്റിന്റെ മുകളിൽ ലൈൻമാൻ ചില്ലറപ്പണി ചെയ്തപ്പോഴേക്കും അവിടമെങ്ങും ലൈറ്റ കത്തി പ്രകാശം പരത്തി. താഴെ അയ്യപ്പനും ഈശിയും നോക്കി നില്ക്കെ ലൈൻമാനിറങ്ങുന്നു. മെംബർ പഴ്സിൽ നിന്ന് 100 രൂപ എടുത്തു നീട്ടി. വിശ്വസിക്കാനാകാതെ അതീവ സന്തോഷത്തോടെ ആ കാശു വാങ്ങി രണ്ടു കണ്ണിലും വച്ച് കീശയിലിട്ട്

ലൈൻമാൻ
പോകാം..

ആ നിമിഷം മെംബർ തന്റ കൈ ആഞ്ഞു വീശി ലൈൻമാന്റെ രണ്ടു കവിളിലും ആഞ്ഞടിക്കുന്നു.

ലൈൻമാൻ
തല്ലൂല്ലാന്നു വാക്കു പറഞ്ഞട്ടല്ലേ വിളിച്ചാണ്ടു വന്നത്..

അയ്യപ്പൻ
മരിച്ചവീട്ടില് കറന്റ് വേണോന്നുന്പറഞ്ഞു വിളിച്ചപ്പ നീയെന്നോടെന്താ പറഞ്ഞത്..പോയി ച്ചാകടാന്ന്..അല്ലേ..

ലൈൻമാൻ
അതു പിന്ന അന്നേരം ഞാനൊറക്കത്തിലായിരുന്നില്ലേ..

അയ്യപ്പൻ
ഒറങ്ങാനാണാ നീ ശന്പളം മേടിക്കണത്..

ലൈൻമാൻ
എന്നാലും ആരക്കൊണ്ടും തല്ലിക്കൂല്ലാന്നുന്പറഞ്ഞതല്ലേ

ക്കുട്ടിക്കൊണ്ടുവന്നത്...

അയ്യപ്പൻ
ങ്ഹാ...ആരക്കൊണ്ടും
തല്ലിച്ചില്ലല്ലാ..ഞാനല്ലേ
തല്ലിയത്...ഇഞ്ഞി നീയാ ചീഞ്ഞ മോറും
പൊത്തിപ്പിടിച്ചാണ്ട് വന്നവഴി കുത്തിപ്പിടിച്ച്
നടന്നോ..തിരിഞ്ഞു നോക്കരുത്..

ലൈൻമാൻ
ഓ..

ലൈൻമാൻ നടന്നു തുടങ്ങുന്പോഴേക്കും സ്കൂട്ടറിലേറി പായുന്ന അയ്യപ്പനും ഈശിയും. അവരുടെ പിന്നാലെ തിരക്കിട്ട നടന്നു വരുന്ന വെളുത്ത രൂപം വെളിച്ചത്തിൽ വ്യക്തമാകുന്നു.വികാരിയച്ചനാണത്.

CUT TO

29.EXT ഇടവഴി രാത്രി

ഇടവഴിയിലേക്കു കയറുന്ന വികാരിയച്ചൻ .പെട്ടെന്നു പാഞ്ഞു വന്ന ഒരു ബൈക്ക് ബ്രേക്കിട്ടു നിർത്തി. സാറാമ്മയും മീങ്കുവുമാണ്.

സാറാമ്മ
അച്ചോ ഈശോമിശ്യായ്ക്കും സുതിയായിരിക്കട്ടേ..

വികാരി
എപ്പഴുമെപ്പോഴും..എന്താണ് മീങ്കു പതിവില്ലാണ്ട്

സാറാമ്മ
അപ്പ അച്ചനറിഞ്ഞില്ലേ...വാവച്ചനാശാൻ
മരിച്ചത്..

വികാരി
ങ്ഹാ..അറിഞ്ഞ്...അയാക്കെന്തു പറ്റിയേണ്

സാറാമ്മ
ഒന്നും പറേണ്ടച്ചോ..അതാകെ കൊഴഞ്ഞു
മറിഞ്ഞുകൊളമായിട്ട് കെടക്കേണ്

വികാരി
ഉം..അതെന്താണ്..

സാറാമ്മ
എന്താണ്ടുമൊരു പന്തികേട്..ഒരു വഹ
ദുർമ്മരണത്തിന്റ സ്മെല്ല് ..ഞങ്ങച്ചന്റട്ത്ത്
വരാന്പോണേയ്ര്ന്ന്..

വികാരി
ഹ..നിങ്ങ കാര്യം പറേന്ന്, എന്താണ്
കൊഴപ്പം..ചുരുക്കത്തീ എണ്ണിയെണ്ണിപ്പറ

സാറാമ്മ
ഒന്നാമത്...ചവത്തിന്റ തല പൊട്ടിയട്ട്ണ്ട്....

മീങ്കു

ശരിക്കും തല്ലുകൊണ്ടപോലെ ..അല്ലേ
സാറാമ്മേ..

സാറാമ്മ മീങ്കുവിനെ രൂക്ഷമായി നോക്കി. താൻ പറഞ്ഞോളാമെന്ന മട്ടിൽ . മീങ്കു തലയാട്ടി അതു വകവച്ചു.

സാറാമ്മ
പിന്ന തിണ്ണേല് ചാരായം ഒഴുകീയട്ടുണ്ട്.അതിന്റ കുപ്പീം...മോൻ കുടിച്ചതു റം..അപ്പൻ കുടിച്ചത് ചാരായം...ചവത്തിന്റ മൊഖത്തിനൊരു നീലിപ്പെണ്ടാന്ന് സംശ്യോമെണ്ട്..അച്ചനൊന്ന് ശരിക്കും നോക്ക്യേക്ക്...

വികാരി
വേറേന്തെങ്കിലും...

സാറാമ്മ
വേറേന്ന് ചോദിച്ചാല്...മൊത്തം കൊഴപ്പമാണച്ചോ..ഇനീള്ളത് അച്ചൻ തന്ന കണ്ട്പിടിക്ക്

പറഞ്ഞു തീരും മുന്പ് തിരക്കിട്ടു നടക്കുന്ന വികാരിയച്ചൻ

സാറാമ്മ
ങ്ഹാ, പോയാ..

ബൈക്ക് സ്റ്റാർട്ട് ചെയ്യുന്ന സാറാമ്മ.

CUT TO

30.EXT വാവച്ചൻ വീട് രാത്രി

വീട്ടിലേക്കു പതുക്കെ നടന്നടുക്കുന്ന ശിവനപ്പൻ .മരിച്ചവീടിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശിവനപ്പൻ പാത്തും പതുങ്ങിയും നോക്കി നില്ക്കുന്നു. അകത്തു നിന്ന് കൊന്ത ചൊല്ലുന്നതു കേൾക്കാംശിവനപ്പന് നിസയെ ശരിക്കു കാണാനാകുന്നില്ല. അവന്റെ മുന്നിലൂടെ വാവച്ചന്റെ അടികൊണ്ട ചൌരോ വരുന്നു. മുഖത്തെ മുറിവിൽ ബാൻഡ് എയ്ഡ് ഒട്ടിച്ചിട്ടുണ്ട്.അയാളാടിയാടി അകത്തേക്കു കയറുന്നു.

CUT TO

31.INT ഹാൾ രാത്രി

വാവച്ചന്റെ ശവം താടിയും തലയും ചേർത്ത് കെട്ടിയ നിലയിൽ . ചുറ്റിനുമിരുന്നു കരയുന്ന പെണ്ണമ്മ,നിസ,സബേത്ത്,തേത്തോ,തുടങ്ങിയവർ .കറുത്ത മോളി പ്രാർത്ഥന പുസ്തകം നിവർത്തി പുത്തൻ പാന പാടുകയാണ്.

കറുത്തമോളി
അമ്മകന്യാ മണി തന്റെ നിർമ്മല ദുഖങ്ങളിപ്പോൾ .നന്മയാലേ മനസ്സുറ്റു കേട്ടു കൊണ്ടാലും..ദുഖമൊക്കെ പറവാനോ വാക്കു പോരാ മാനുഷർക്ക്...

മനീക്ക് അടക്കമുള്ള ആണുങ്ങൾ വരാന്തയിലുണ്ട്. ചൌരോ നല്ല ഫിറ്റാണ്. അയാളാടിയാടി ഹാളിലെത്തുന്നു. മനീക്ക് പിന്നാലെ ചെന്നു. ശവത്തിനെ നോക്കി

നില്ക്കുന്ന ചൌരോ ഊറിക്കൂടിയ ചിരിയടക്കി അതീവ ദുഖം ഭാവിച്ച് താടിക്ക് കൈ കൊടുത്തു നിന്നു.മനീക്ക് അടുത്തു നില്ക്കുന്നതു കണ്ട് പാട്ടിനേയും മറികടക്കുന്ന സ്വരത്തിൽ ചൌരോ പറഞ്ഞു.

ചൌരോ
ങ്ഹാ മനീക്കേ, പാവത്തിന്റ കെടപ്പ
കണ്ടാടാ..ഇങ്ങനേക്ക വരോന്നാരാണറിഞ്ഞത്..എട
മാനേ മനീക്കേ.. വൈയ്യീട്ട്നടന്നത് വല്ലതും
നീയറിഞ്ഞാടാ

മനീക്ക് ഇല്ല എന്നാംഗ്യം. സ്വരമടക്കി ചൌരോ പറഞ്ഞു

ചൌരോ
വാവച്ചനിന്നെന്ന തല്ലിയെടാ..

മനീക്ക് വല്ലായ്കയോടെ അയാളെ നോക്കിയിട്ട്, പുറത്തേക്കു പോകാമെന്ന് ആംഗ്യം കാണിച്ചുവെങ്കിലും

ചൌരോ
പക്ഷേങ്കില് നമ്മക്ക് വൈരാഗ്യോന്നൂല്ലട്ടാ...പാവം
കെടക്കണ കെടപ്പ കണ്ടില്ലേ..

മനീക്ക്
വാ ചേട്ടാ പൊറത്തു നിന്നട്ട് പറയാം..

കറുത്തമോളിയുടെ പാട്ട് ദുഖമുണർത്തുന്ന മട്ടിൽ തുടരുന്നു.

കറുത്തമോളി
എൻ മനോവാക്കിൻ വശം പോൽ
..പറഞ്ഞാലൊക്കയുമില്ലാ..അമ്മകന്നീ
തുണയെങ്കിൽ ..പറയാമല്പം

മനീക്ക് അയാളെ പുറത്തേക്കു നടക്കുന്നു പെണ്ണമ്മ വാവച്ചന്റെ അപദാനങ്ങൾ പാടിത്തുടങ്ങുന്നു.ഈ സമയത്ത് വരാന്തയിലേക്ക് പതുങ്ങി വന്ന ശിവനപ്പൻ പ്രണയപാരവശ്യത്തോടെ ശവത്തിൽ നിന്ന് നോട്ടം ഉയർത്തി നിസയിലെത്തുന്നു. മെഴുതിരികളുടെ പ്രഭയിൽ നിസ അർദ്ധ നഗ്നയായ പുണ്യാളത്തി രൂപ കൂട്ടില് നില്ക്കുന്നതു പോലെ.കറുത്തമോളിയുടെ പാന തുടരുന്നു.

CUT TO

32.EXT കുർമ്മൻ ദേവസ്സി വീട് രാത്രി

മോടിയുള്ള സമ്പന്ന വീട്. വാതിൽ തുറന്നു പുറത്തേക്കു തലയിട്ടു നോക്കുന്ന കുർമ്മൻ ദേവസ്സി 55. കൊഴുപ്പടിഞ്ഞ ദേഹം. കൈലി മാത്രമാണു വേഷം.

കുർമ്മൻ
ഇവന്റപ്പൻ ചത്തതിന് ഞാനെന്തു വേണം..

അയ്യപ്പൻ
നേരേ പറയാം..ശവടക്കു നടത്താനക്ക കാശു
വേണോല്ലാ..മൂലധനം കുർമ്മൻ
ചേട്ടന്റടുത്തായതോണ്ട്...

കുർമ്മൻ
പച്ചക്കു പറയാല്ലാ..അഞ്ചു കാശെന്റ കൈയ്യീന്ന്
കിട്ടുന്ന് വിചാരിക്കണ്ട..തരുല്ല..വിട്ടോ..

അയ്യപ്പൻ
അതെന്താ ചേട്ടാ ഞങ്ങ പലിശ തരാന്ന്..

കുർമ്മൻ
വാവച്ചനാശാന്റ മോന്റ കൈയ്യീ ക്റ കുത്താൻ
കാശില്ലന്നക്ക എനിക്കറിയാം..ഇനീപ്പ സലം
മെംബറായ നീ ഈട്ം പലിശേം തരുമാ.. എങ്കി
നമ്മക്ക് നോക്കാം..ഇനീപ്പ വേറ വല്ല
പരിപാടീമായട്ടാണ് വന്നതെങ്കില് സലം
വിട്ടോ..ഞാങ്കെടക്കാന്പോണ്..

കുർമ്മൻ വാതിലടക്കാനായി തുനിഞ്ഞപ്പോൾ അയ്യപ്പൻ തടുത്തു.

അയ്യപ്പൻ
ഈട്ം പലിശേം തരാം...എന്താ..

കുർമ്മൻ
എങ്കി ചെക്കെട്..

അയ്യപ്പൻ
ചെക്കല്ല..പണ്ടമാണ്..

കുർമ്മൻ
ഓ..പണിയായല്ലാ..

അയ്യപ്പൻ
കുർമ്മഞ്ചേട്ടൻ ഒന്നുകൊണ്ടും
വെഷമിക്കണ്ട.ഞാനല്ലേ ഒറപ്പ തരണത്
പിന്നെന്താണ്...ഡാ..ഈശി നീയാ
മാലയിങ്ങാട്ടെട്ക്കടാ..

ഈശി മാലയെടുത്ത് അയ്യപ്പന്റെ കൈയ്യിൽ വച്ചു കൊടുക്കുന്നു. അയ്യപ്പനത്
ദേവസ്സിയുടെ കൈയ്യിലേക്കും വയ്ക്കുന്നു.കൈകൊണ്ട് തൂക്കി നോക്കിയപ്പോൾ

ഈശി
നാലു പവനെണ്ടാകും..

കുർമ്മൻ
ഓ..അതൊന്നും പറഞ്ഞട്ട് കാരിയമില്ല...നീയിത്
തിരിച്ചെടുക്കാനൊന്നും പോണില്ലന്ന്
എനിക്കറിയാം. ഇതിന് ഞാനൊരു തൊക ഇടും.
അതു പണ്ടത്തിന്റ വെലേയ്ട്ട് കണ്ട് അതങ്ങ്
മേടിച്ചട്ട് സലം വിടണം ..നടക്ക്വോ..

ഈശി
അല്ല ചേട്ടാ കടമായിട്ട്..പലിശ തരാന്പറ്റൂല്ലേ.

കുർമ്മൻ
നീയാക്കട എവടന്നെട്ത്തട്ട് പലിശ
തരാനാടാ..നടക്കാത്ത
കാരിയമാണെന്നറിയാല്ലാ..ദേ പെട്ടന്നു
പറേണം..ഞാന്പറഞ്ഞതിന് നടക്ക്വോ ഇല്ലേ..

ഈശി
ശേരി...കാശെട്..

അയ്യപ്പൻ
മൊതലും പലിശേം തന്നാല് സാധനം തിരിച്ചു തരുവല്ലാല്ലേ..

കുർമ്മൻ
ഓ..പിന്നെന്താണ്...നടക്കാത്ത കാരിയം പറഞ്ഞ് നേരം കളേണാ..

കുർമ്മൻ വാതിലു വലിച്ചടച്ച് അകത്തേക്ക്.വ്യസനിച്ചു നില്ക്കുന്ന ഈശി.

CUT TO

33.EXT വാവച്ചന്റെ വീട് രാത്രി

കറുത്തമോളിയുടെ പുത്തൻ പാനയ്ക്കിടയിൽ ആളുകൾ വരികയും പോകയും ചെയ്യുന്നു.ചിലർ പാനയ്ക്കിടയിൽ കൊന്തയെത്തിക്കുന്ന സ്വരം കേൾക്കാം. ശിവനപ്പൻ നിസയെ മുഖം കാണിക്കാനായി മാറി മാറി പല ആംഗിളിലായി നിന്നു നോക്കുന്നുണ്ട്. അവളവനെ കാണുന്നില്ല.അവൻ തിക്കിക്കൂട്ടി മുന്നിലേക്കു പോയപ്പോൾ അതു കാണാതെ നിസ എണീറ്റ് വീടിനകത്തേക്കു നടന്നു. ഈ തക്കത്തിന് ശിവനപ്പൻ വീടിന്റെ പിന്നാന്പുറത്തേക്ക് ഓടി.പുത്തൻപാന തുടരുന്ന കറുത്തമോളി.

കറുത്തമോളി
കാരണം കൂടാതെ നിന്നെ കൊല ചെയ്യാൻ വൈരിവൃന്ദം കാരിയക്കാരുടെ പക്കൽ കൊടുത്തോ പുത്രാ..

പറന്പ്

ഈ സമയത്ത് പാഞ്ചിയും ലാസറും ബൈക്കിനു വന്നിറങ്ങി. പറന്പിലിട്ടിരുന്ന ഇരുന്പു കസേരയിൽ വലക്കാരൻ നാണു, മനീക്ക് അടക്കമുള്ള അയലത്തുകാർ ബീഡി വലിച്ചും സൊറ പറഞ്ഞുമിരിക്കുന്നു. ബൈക്കിൽ നിന്നുമിറങ്ങിയ ലാസറ് മനീക്കിനെ നോക്കി ചോദിച്ചു.

ലാസർ
മനീക്കേട്ടാ.. ഈശിയെവടേ...

മനീക്ക്
അയ്യപ്പന്റൊപ്പം എലക്ട്രിസിറ്റിയാപ്പീസീപ്പോയേണ് പിന്നക്കണ്ടില്ല

ലാസർ പാഞ്ചിയെ ആംഗ്യം കാണിച്ച് പുരയിടത്തിന്റെ സൈഡിലുള്ള കുറ്റിക്കാട്ടിലേക്കു നടക്കുന്നു.

33A.INT വാവച്ചൻ വീട്, അടുക്കള രാത്രി

നിസ ക്ഷീണത്തോടെ വരുന്നു. അവൾ കലം പൊക്കി വെള്ളം കുടിക്കുന്നു. അടുക്കള വാതില്ക്കൽ നിന്ന് ശിവനപ്പനതു കാണുന്നു. അവളും അവനെ കണ്ടു. അവൾക്കവനെ കണ്ടതും സങ്കടം വന്നു.

നിസ
ശിവനപ്പഞ്ചേട്ടാ ഞങ്ങടപ്പൻ പോയട്ടാ..

ആ തക്കത്തന് ശിവനപ്പൻ അകത്തേക്കു കയറി ആശ്വസിപ്പിക്കാനെന്ന മട്ടിൽ അവളെ ചേർത്തു പിടിക്കുന്നു. ഒരു നൊടി സങ്കടം ഇറക്കിവയ്ക്കാനെന്നവണ്ണം

അവളവന്റെ നെഞ്ചിലമർന്നു കരയാൻ തുടങ്ങി. ശിവനപ്പനിലെ കാമുകനുണർന്നു അവൻ ആസക്തിയോടെ അവളെ ചേർത്തണച്ചു. വലിച്ചു മുറുക്കി. അവന്റെ കൈകൾ അവളുടെ ശരീരത്തിലൂടെ അലയാൻ തുടങ്ങി. പൊടുന്നനെ അവന്റെ ആസക്തി തിരിച്ചറിഞ്ഞ നിസ അടിയേറ്റതു പോലെ കുതറി മാറി

നിസ
എന്താണീ കാണിക്കണത്

ശിവനപ്പൻ
അതിനിപ്പെന്താണ്..നീയിങ്ങോട്ടടുത്തേക്ക് വാ..

അവന്റെ ഉദ്ദേശ്യം തിരിച്ചറിഞ്ഞ നിസ അകത്തേക്ക് ഓടി മറയുന്നു. ഇളിഭ്യനായ ശിവനപ്പൻ ഒരു നൊടി പ്രതീക്ഷയോടെ നിന്നു. അവൾ വരില്ലെന്നുറപ്പായപ്പോൾ അവൻ പുറത്തേക്കു നടന്നു.നിസയ്ക്കു കരച്ചിൽ വരുന്നു.

33B.INT വരാന്ത രാത്രി

വരാന്തയിലു നിന്നാൽ മെഴുതിരി പ്രകാശത്തിൽ അഭൌമമായിത്തീർന്ന ശവവും ശവത്തിനു ചുറ്റും കൂടിയിരിക്കുന്ന പല പ്രായത്തിലുള്ള സ്ത്രീകളേയും കാണാം.അകത്തു നിന്നു നിരാശയോടും സങ്കടത്തോടും കൂടി വരുന്ന നിസ. അവളപ്പന്റെ അരികിലിരുന്നു. സ്വന്തം ഭാവിയേക്കുറിച്ചോർത്തിട്ടാകണം അവളുടെ കണ്ണുകൾ നിറഞ്ഞു. അപ്പോഴാണ് വരാന്തയിൽ വന്നു നില്ക്കുന്ന ശിവനപ്പനെ അവൾ കണ്ടത്. ആ നിമിഷം എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ട മട്ടിൽ അവൾക്കു സങ്കടം തടുക്കാനാകാതെ വരികയും വാവിട്ടു കരഞ്ഞു പോകുകയും ചെയ്തു.

നിസ
അപ്പാ..എന്നെയിട്ടേച്ച്
പോയതെന്തിനാണപ്പാ..എനിക്കാരുല്ലാണ്ടായല്ലാപ്പാ...

അവളുടെ പെട്ടെന്നുള്ള നിലവിളി ശദ്ധിച്ച സബേത്ത് കാരണം തേടി വരാന്തയിലേക്കു നോക്കിയപ്പോൾ അവളെ നോക്കി അസ്വസ്ഥതയോടെ നില്ക്കുന്ന ശിവനപ്പനെ കണ്ടു. സബേത്ത് തന്നെ ശ്രദ്ധിക്കുന്നുണ്ടെന്നു കണ്ട ശിവനപ്പൻ ഉടനടി അവിടന്നു പിന്നോക്കം മാറി ഇരുട്ടിൽ മറയുന്നു.

തേത്തോ താത്തി ട്രേയിൽ നിരത്തിയ ഗ്ളാസുകളിൽ കട്ടം ചായയുമായി വരുന്നു. ശിവനപ്പൻ മാറി നില്ക്കുന്നതു കണ്ട്

തേത്തോ
മോനേ ശിവനപ്പാ..ഈ കട്ടഞ്ചായ
അവടിരിക്കണോരിക്ക് കൊട്ക്ക്..

ശിവനപ്പൻ കട്ടം ചായയുമായി നടക്കുന്നു. വാതില്ക്കൽ വികാരിയച്ചൻ ആരുടേയും ശ്രദ്ധയിൽപെടാതെ പതുങ്ങി നില്ക്കുന്നത് കണ്ട് ശിവനപ്പൻ കട്ടംചായയുമായി ചെല്ലുന്നു.

ശിവനപ്പൻ
അച്ചോ ചായ

അച്ചൻ ഈർഷ്യയോടെ വേണ്ടെന്ന് ആംഗ്യം കാണിച്ച് അകത്തേക്കു കയറുന്നു.

CUT TO

33C.EXT പറമ്പ് രാത്രി

വേലിക്കരികിലെ പൊന്തയ്ക്കടുത്തുള്ള അലക്കു കല്ലിലിരുന്നു പ്ളാസ്റ്റിക് ഗ്ളാസിൽ മദ്യമൊഴിച്ചു കുടിക്കുന്ന പാഞ്ചി,ലാസർ . കുപ്പി നല്ല ഭാഗം തീർന്നിരിക്കുന്നു. പാഞ്ചി നല്ല ഫിറ്റിലുമാണ്.

പാഞ്ചി
പള്ളിയൾത്താരേല ക്രൂപക്കൂടൊണ്ടാക്കിയ
പുണ്യപ്പെട്ട മനിഷേനേണ് നീ
കൊലപ്പുള്ളിയാക്കിയത്... നീയാള് പരമനാറിയാടാ
ലാസറേ

ലാസർ
കൊലപ്പുള്ളീന്നല്ല പാഞ്ചി ഞാന്പറഞ്ഞത്
..അങ്ങേര ആരാണ്ടും കൊലപ്പെടുത്തി
എന്നാണ്...

പാഞ്ചി
അങ്ങന പറയാനും പറയാനും പാടില്ലാരുന്നു

ലാസർ
അതിപ്പ നമ്മക്കു ഒറപ്പിക്കാറായട്ടില്ലട്ടാ..സങ്ങതി
പോലീസിലറിഞ്ഞാ കുലുമാലാകും ഒറപ്പ്..

ചൌരോ കേട്ടുകൊണ്ട് അവിടേക്കു വരുന്നു.

ചൌരോ
അതു കൊന്നതു തന്നേണ്ന്ന്..ഒറപ്പ്...മോക്ക്
വയറ്റിലെണ്ടായതും കേട്ടാണല്ലാ അവൻ
വീട്ടീപ്പോയത്..പാവം സങ്കടം കൊണ്ടെന്തങ്കിലും
കടുപ്പത്തീ പറഞ്ഞുകാണും..അവറ്റകളെല്ലാം കൂടി
കൊന്നും കാണും..

പാഞ്ചി
ചുമ്മാണ്ട് ഇല്ലാവചനം പറേല്ലേ
ചൌരോച്ചേട്ടാ..

ചൌരോ
പറഞ്ഞ് തീർന്നട്ടില്ലട പുല്ലേ..വാവച്ചനെന്ന
തല്ലുന്പ അവന്റ കൈയ്യീന്ന് കെട്ട് കണക്കിന്
നോട്ടാണടാ താഴത്ത് വീണത്...ചെലപ്പ ആ
കാശായിരിക്കും ഇതിനക്കെ കാരണം

പാഞ്ചി
എന്റ ചൌരോച്ചേട്ടാ..എന്തിനാണിങ്ങന നൊണേം
നൊണ്ണാച്ചീം പറേണത്..

ലാസർ
പിന്നെങ്ങനേണ് വാവച്ചനാശാൻ ചത്തത് അത്
പറേടാ

ഇരുട്ടിൽ ആഞ്ഞിലിയുടെ മറ പറ്റി എല്ലാം കേട്ടു നില്ക്കുന്ന വികാരിയച്ചന്റെ മുഖം കാണാം.

പാഞ്ചി
ഹാർട്ടറ്റാക്കായിരിക്കും..

ലാസർ

അതൊറപ്പിക്കണേല് ഡോക്ടറ് പറേണം..അതിന്
പോസ്റ്റ് മാട്ടം തന്നെ നടത്തണം..

വികാരിയച്ചൻ അവിടെ നിന്ന് നടന്നകലുന്നു.ചൌരോ പ്ളാസ്റ്റിക് കപ്പു നീട്ടി

ചൌരോ
ഇച്ചിരി ഇതിനാത്തൊഴിക്ക്

പാഞ്ചി ചിരിച്ചു കാലിക്കുപ്പി കാണിച്ച്

പാഞ്ചി
ഇഞ്ഞിയിത് പിഴിഞ്ഞൊഴിക്കാട്ടാ..

പാഞ്ചി കാലിക്കുപ്പി എടുത്തു പിഴിയുന്നു.

CUT TO

33D.INT ഹാൾ രാത്രി

എല്ലാവരും കൂടി വിഷാദത്തോടെ ആലപിക്കുന്നു. വാവച്ചന്റെ മുഖം.അതിൽ തലോടുന്ന നിസ.

സംഘഗാനം
അക്കരയ്ക്കു യാത്ര ചെയ്യും സീയോൻ സഞ്ചാരീ
ഒാളങ്ങൾ കണ്ടു നീ ഭയപ്പെടേണ്ടാ..

പാട്ടു തുടരുന്നു. അതിന്റെ ചിത്രീകരണം പോലെ തറയിലൂടെ സഞ്ചരിക്കുന്ന ക്യാമറ. അവിടെ ചോരപ്പാടും അതു തുടച്ചു മാറ്റിയ തോർത്തും കാണാം. ശവത്തിന്റെ മുന്നിൽ പ്രാർത്ഥനയോടെ നില്ക്കുന്ന വികാരിയച്ചന്റെ നോട്ടം ആ ചോരപ്പാടിലാണ്.പ്രാർത്ഥന പുസ്തകം തുറന്നപ്പോൾ പ്രാർത്ഥനയച്ചടിച്ച കാർഡ് അച്ചന്റെ കൈയ്യിൽ നിന്നു താഴെ വീഴുന്നു. കുനിഞ്ഞ് അതെടുക്കാനെന്ന മട്ടിൽ ചോരപ്പാട് സൂക്ഷിച്ചു നോക്കുന്ന അച്ചന്. പിന്നെ എണീറ്റ് വാവച്ചന്റെ ശവത്തെ അടുത്തു നിന്നു നോക്കുന്നു. പ്രാർത്ഥനയും പാട്ടും നടക്കുന്നു.എല്ലാവരും കൂടെ പാടുന്നു. പാട്ടിനിടയിൽ നിസ,പെണ്ണമ്മ, സബേത്ത് തുടങ്ങിയവരെ നോക്കുന്നു. ശിവനപ്പൻ ഇടക്കിടെ വന്നെത്തി നോക്കുന്നതും കാണുന്നു. പിന്നെ ശവത്തിന്റെ മുറിവ്.പാട്ട് അവസാനിക്കുന്നു. അച്ചൻ പിതാവിനും പുത്രനും പറയുന്നു

വികാരി
പിതാവിനും പുത്രനും പരിശുദ്ധാത്മാവിന്റേയും
നാമത്തിൽ

എല്ലാവരും ചേർന്ന്
ആമേൻ

34. EXT/INT ശവപ്പെട്ടിക്കട രാത്രി

നിരപ്പലകകൾ ഒാരോന്നായി ഊരി മാറ്റുന്ന ശവപ്പെപെട്ടി കടക്കാരൻ ലോനി 55. മാറ്റിയ പലകകൾ പാഞ്ചിയും അയ്യപ്പനും ചേർന്ന് അടുക്കി വയ്ക്കുന്നു. മൂന്നാലെണ്ണം മാറ്റിയപ്പോൾ ലോനി പറഞ്ഞു

ലോനി
മതി..ഇഞ്ഞിക്കേറി നോക്ക്..കൊറഞ്ഞതക്ക
മതിയല്ലാ..

അയ്യപ്പൻ
അതുമതി ലോനിച്ചേട്ടാ..ഏററോം ലോക്കല് എന്തു

വെല വരും..

ലോനി
ഒരു നാലായിരത്തഞ്ഞൂറു തൊട്ട്
പെട്ടിയെണ്ട്..ലോക്കല്..

ഈശി
അതു പറ്റ്കേല..ഏറ്റോം വെലകൂടിയ പെട്ടി തന്ന
വേണം..വീട്ടീടേണ്ടങ്കില് അത് മതി..അതിലും
കൂടിയതെണ്ടങ്കി അത്..

ലോനി ഉഷാറായി. അയാൾ അകത്തേക്കു കയറി ഉൾ മുറിയിലെ ലൈറ്റിട്ടു.

അയ്യപ്പൻ
ഈശി എന്തു കാരിയത്തിനാണിത്രേം കാശിതുമ്മ
പൊട്ടിക്കണത്..ചുമ്മാണ്ട് മണ്ണീക്കുഴിച്ചിടാനല്ലേ..

ഈശി
മരിക്കണേക്ക് മുന്പ് ഞാനെന്റപ്പന് കൊടത്ത
വാക്കാണ്..ഈ എടവകേല രാജാവിനപ്പോല
അല്ല മഹാരാജാവിനപ്പോല കുഴിച്ചിടാമെന്നു
ഞാന്പറഞ്ഞത് കേട്ടാണ്ടാണപ്പൻ പോയത്
അറിയാമാ..

ഈശി വികാരഭരിതനാകുന്നതു കണ്ട് ലോനി കൂടുതൽ ഉഷാറായി

ലോനി
മരിച്ചാൾക്ക് ഇഞ്ഞി നമ്മക്കൊന്നും
ചെയ്യാന്പറ്റല്ല..ഈശി പറഞ്ഞതാണ്
ശെരി..ചെയ്യന്പ അതൊരു
ചെയ്ത്തായിരിക്കണം..അല്ലാണ്ട്
ആപ്പഊപ്പകളപ്പോല തന്തേന
കുഴിച്ചിടാന്പറ്റോ..ഈശി ഇങ്ങാട്ട് വാ..

അയ്യപ്പനതത്ര രസിച്ചില്ല. ലോനി നില്ക്കുന്ന ഉൾമുറിയിലേക്ക് കയറുന്ന ഈശി പിന്നാലെ മടിയോടെ അയ്യപ്പൻ

ഉൾമുറി

കരിവീട്ടിയുടെ രാജകീയമായ ശവപ്പെട്ടി കണ്ടതും ഈശി മോഹിച്ചു പോയി.

ഈശി
ദേ..ഇതുതന്നേണ് എന്റപ്പന്റ ശവപ്പെട്ടി..ഇതങ്ങാട്
പേക്ക് ചെയ്തോ ലോനിച്ചേട്ടാ..

ലോനി
ഒന്നാന്തരം സാധനോണ്..അസ്സല് വീട്ടി..അഞ്ചു
വർഷം വരെ സാധനം കെടക്കും

അയ്യപ്പൻ
അത്രേം കാലം ശവം ചീയാതെ കെടക്കോ..

പെട്ടിയുടെ അടിയിലെ തട്ടിൽ കൈ കൊണ്ടു തട്ടിയിട്ട്

ലോനി
അതിനല്ലേ അടീല് പാഴ്ത്തടി കൊണ്ടാണീ തട്ട്

ഒണ്ടാക്കണത്..അത് പെട്ടന്ന് ദഹിക്കും, ഒപ്പം ശവോം..

ഈശി
ഇതു മതി..ഒറപ്പിച്ച്..

അയ്യപ്പൻ
അല്ലാ..കാശെത്രേണന്നറിയാണ്ട്..

ലോനി
അതു കൊഴപ്പല്ലന്ന് നിങ്ങ സാതനം കൊണ്ടണ്ട് പോ..

ഈശി
ഹേയ് കാശ് കൈയ്യോടെ പിടിച്ചോ ഫുള്ളായട്ട് തന്ന തരാം..എത്രേണ് ശരിക്കിനും..

ഈശി കീശയില്ല നിന്ന് 500 ന്റെ ഒരു കെട്ട് നോട്ടു പുറത്തെടുത്തു.

അയ്യപ്പൻ
ഈശി ഇഞ്ഞീം കാര്യങ്ങളെണ്ട്, ഉടുപ്പ് മേടിക്കണം,ഷൂസും കാലുമേസും മേടിക്കണം..പിന്ന പന്തല് പള്ളിക്കാശ്..ബാന്റ് സെറ്റ്..അനാമത്ത് അങ്ങന കെടക്കേണ് കാരിയങ്ങള്

ലോനി
ഈ പെട്ടി എട്ക്കുന്പ ഉടുപ്പും കാലുമേസും കൈയ്യൊറേം കുരിശ്ശും കൊന്തേം വെന്തീഞ്ഞേം ഫ്രീ തരാം..പിന്ന കടലാസിന്റ കപ്പേളേം... ബ്യൂട്ടീഷന വേണേല് അതുമൊപ്പിച്ച് തരാട്ടാ..നമ്മട വാവച്ചനാശാനോട്ള്ള സ്നേഹം കൊണ്ടാണേ....

ഈശി
അപ്പ പെട്ടീല് വെക്കണ പൂക്കളാ...

ലോനി
ഈ പെട്ടിയെട്ത്താല് അതും ഞാനേറ്റ്..വെളുപ്പിനേ ഫ്രഷ് ഫ്ളവവേഴ്സും കൊണ്ട് പാണ്ടിക്കാര് ചന്തമുക്കില്ല വരുന്പത്തന്ന നമ്മട പുള്ളാരവട എത്തിക്കും..പോരേ.

ഈശി
മതീന്നേ..എങ്കിപ്പിന്ന ഈ പെട്ടി തന്നിങ്ങാട്ടെട്ക്ക്..

ലോനി അകത്തേക്കു നോക്കി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

ലോനി
അർജ്ജുൻ ...മനീന്ദർ ഭായോം..ആവോനാ..

അയ്യപ്പൻ
കാശ് പറ ലോനിച്ചേട്ടാ

ലോനി
പറയാന്ന്

അയ്യപ്പൻ
എങ്കിപ്പറ..ദേ..കാശിപ്പക്കിട്ടിയാല് കിട്ടി..അല്ലേല്
കംപ്ളേന്റും കൊണ്ടെന്റട്ത്ത് വന്നേക്കര്ത്ട്ടാ
പറഞ്ഞില്ലന്ന് വേണ്ട

അതു കേട്ട് ലോനി ഒന്നു പകച്ചു. ഈശി അയ്യപ്പനെ പിടിച്ചു പുറത്തേക്കു നടത്തിക്കുന്നു.ലോനിയുടെ മുന്നിലേക്കു വരുന്ന പണിക്കാർ .ലോനി ഈശിയും അയ്യപ്പനും മാറുന്നത് നോക്കി പിന്നെ അരികിൽ കാത്തു നിന്ന ഉത്തരേന്ത്യൻ പണിക്കാർക്ക് ചില നിർദ്ദേശങ്ങളു കൊടുത്തു.തിരക്കിട്ട് അയ്യപ്പന്റേയും ലോനിയുടേയും അരികിലെത്തുന്ന ലോനി.

ലോനി
തൊക പറയാം..ഇഞ്ഞീപ്പ അത് പറയാണ്ട്
ഞാന്പറ്റിച്ചെന്ന് മെംബറ് വിചാരിക്കണ്ട..

അയ്യപ്പൻ
എങ്കിപ്പറ

ലോനി
നാപ്പത്തഞ്ചിന്റ പെട്ടിയാണ്..നാപ്പത് മതി..

ഈശി
വെറും നാപ്പതാ..

ലോനി
നാപ്പതിനായിരം..

ഈശി
അയ്യോ...

ലോനി
പേടിക്കണ്ട ഡിസ്ക്കൌണ്ട് തരാടാ..നമ്മട
വാവച്ചഞ്ചേട്ടനല്ലേ...

അയ്യപ്പൻ
എത്ര ഡിസ്ക്കൌണ്ട് തരും..35000 കൊറക്കോ..

ലോനി
അയ്യോ..സാദാ പെട്ടിക്ക് തന്നേണ്ട് നല്ല വെല
പിന്നേല്ലേ..

അയ്യപ്പൻ
എങ്കിപ്പറ ഫൈനല്..

ലോനി
10 പേർസന്റ് കൊറക്കാം..അതീക്കൂടല്
ചോയിക്കര്ത്..മേടിക്കണ വെലേണത്..ഫോറിൻ
മരോണ്..അകത്ത് വെൽവെറ്റിന്റ
ലൈനിങ്ങക്കേണ്ട്..വേണേ നോക്ക്..പറേണ
കളറില് തുന്നിത്തരാം..

ഈശി
കളറക്ക ഒാകെയാണ് ഒറപ്പിച്ച്..പക്ഷേങ്കില്
കാശിച്ചിരീം കൂടി കൊറക്കണം..

ലോനി

ഇച്ചിരി വല്ലോമാണേല് സമ്മതിക്കാം..

ഈശി
മതി..ഇച്ചിരിയെങ്കി ഇച്ചിരി..ഒറപ്പിച്ച്

അയ്യപ്പൻ
ലോനീ ഇയാള് എത്രേണ് കൊറക്കാന്പോണത് അത്
പറ..

ലോനി
ഞാന്പറഞ്ഞില്ലേ പത്തെന്ന്..

അയ്യപ്പൻ
അത് പോരാ..

ലോനിക്കത് രസിച്ചില്ല. അയ്യപ്പൻ കച്ചവടം മുടക്കാൻ പോകയാണെന്നയാൾക്ക് തോന്നി.

ലോനി
തനിക്കിതിലെന്താണ് കാര്യം നല്ലോരു ശവടക്ക് കൊളമാക്കാന്പോണേണാ...

അയ്യപ്പൻ
കൂടല് വർത്താനിക്കണ്ട പറ, എത്രേണ് കൊറക്കണത്..

ലോനി
സൌകര്യമില്ല പറയാൻ ,താനെന്ത് ചെയ്യും..

അയ്യപ്പൻ
ഈശീ..ഇയാള് ശരിയാകൂല്ലട്ടാ..നമ്മക്ക് വേറ നോക്കാടാ..

ലോനി
ആ ചെല്ല്...പോയട്ട് ഇവടത്തന്ന വരണോട്ടാ..അപ്പ ഞാനൊലത്തിത്തരാ..ഒട്ടക്കം പെട്ടീല്ലാണ്ട് ശവം കുഴിച്ചിടണ്ടി വരും.

ഈശി
അയ്യപ്പാ..നീ വെറുതേ കേറി പ്രശ്നമെണ്ടാക്കല്ലേ..ഇഞ്ഞി കടേപ്പോണോങ്കി എറ്ണാളത്ത് പോണം..അത് ചടങ്ങാണട്ടാ..

അയ്യപ്പൻ
നീ മുണ്ടാണ്ടിരിയടാ..അയാള് മൊതലാക്കേണ്...ചവത്തിന്റ പോക്കറ്റടിക്കണ കാലമാടൻ

ലോനി
ആണാ..എങ്കി മക്ക വിട്ടോ..ഞാൻ കടയടക്കാന്പോണേണ്..ചെല്ല്..

ലോനി രണ്ടു പേരേയും തള്ളി നീക്കി പുറത്താക്കാനൊരുങ്ങുന്പോൾ ഈശി തടഞ്ഞു.

ഈശി
അയ്യപ്പാ നീ കൊറച്ച് നേരം പൊറത്ത് നിന്നേ...

അയ്യപ്പൻ അമാന്തിച്ചു.

ഈശി
ലോനിച്ചേട്ടാ പെട്ടി വേണ്ടതെന്റപ്പനാണ്..അപ്പനീ
കരിവീട്ടീട പെട്ടി തന്ന
വേണം.നമ്മക്കിതങ്ങാടൊറപ്പിക്കാന്നേ

ലോനി മിണ്ടാതെ അയ്യപ്പനെ ദ്വേഷ്യത്തിൽ നോക്കി നിന്നു.

ഈശി
അയ്യപ്പാ..

അയ്യപ്പൻ
ശേരി..നിന്റപ്പനല്ലേ നീയെന്തു പണ്ടാരം
വേണോങ്കില്ലം കാണിക്ക്..എനിക്കെന്താണ്..

അയ്യപ്പൻ പുറത്തേയ്ക്കിറങ്ങുന്നു.ലോനിയും ഈശിയും കൂടി അകത്തേക്ക്.

CUT TO

35.EXT വാവച്ചന്റെ വീട് രാത്രി

ഒരു ഓാട്ടോറിക്ഷ പാഞ്ഞു വന്നു പറമ്പിൽ നില്ക്കുന്നു. അതിൽ നിന്നുമിറങ്ങുന്ന രണ്ടു ഉത്തേരേന്ത്യൻ ചെറുപ്പക്കാർ . ഓാട്ടോയുടെ മേലെ വിലകൂടിയ ശവപ്പെട്ടിയുണ്ട്. അകത്തു നിന്ന് പാക്കറ്റുമായി ഇറങ്ങുന്ന യുവാക്കൾ മനീന്ദർ , അർജ്ജുൻ , അവരെ സഹായിക്കാനായി ഓാടിയെത്തുന്ന മനീക്ക്, ഒപ്പം നല്ല ഫിറ്റിലായ ലാസർ പാഞ്ചി എന്നിവരും.

ലാസർ
വാവച്ചഞ്ചേട്ടന്റ പെട്ടി ചൊങ്കനാണല്ലാ..ഇതു
ഞങ്ങ പിടിച്ചോളാം..നിങ്ങ മാറ്..

യുവാക്കളതു തടഞ്ഞു.

അർജ്ജുൻ
സേട്ടാ..പെട്ടി ചീത്തേകും പിന്ന കുറ്റം പറയണ്ട

ലാസർ
ഒഞ്ഞു പോടാപ്പനേ..പെട്ടി എത്ര കണ്ടവനാണ്
ലാസർ

മനീക്ക് ഇടപെടുന്നു. അയാൾ ലാസറേയും പാഞ്ചിയേയും മാറ്റി നിർത്തി പെട്ടി അഴിക്കുന്നു. അതിലിടപെടാനെത്തിയ ലാസറെ നോക്കി

മനീക്ക്
ലാസറ് മാറി നിക്കടാ..

ലാസർ അനുസരിച്ചു. യുവാക്കളെ പെട്ടിയുമായി വീടിനടുത്തേക്കു നയിക്കുന്ന മനീക്ക്.പെട്ടിയുടെ സൌന്ദര്യം കണ്ട് അന്തം വിട്ട പാഞ്ചി

പാഞ്ചി
ഇതിനു മുടിഞ്ഞ വെലേയിട്ട്ണ്ടാകുല്ലാ..

ലാസർ
പിന്നേ..ഈശിക്ക് ലോട്ടറിയടിച്ചെന്നാണ്
തോന്നണത്..

പെട്ടി വീടിന്റെ അരമതിലിലേക്ക വയ്ക്കുന്ന മനീക്കം യുവാക്കളും. ഉടുപ്പും ഷൂസുമടങ്ങുന്ന പാക്കറ്റും മനീക്കിനെ അവരേല്പിക്കുന്നു.പെട്ടിക്ക ചുറ്റും ആള്ള കൂടുന്നു. അവരതു നോക്കി നില്ക്കുന്നു.മനീക്ക് പാക്കറ്റ് ആരെയെങ്കിലും ഏല്പിക്കാനായി അകത്തേക്കു നോക്കുന്നു. ഇറങ്ങി വരുന്ന് കറുത്ത മോളിയെ കണ്ട്.

മനീക്ക്
കറുത്ത മോളീ ഇത് അകത്താരേങ്കിലൊന്ന്
ഏപ്പിച്ചേക്ക്..ഉടുപ്പും കൈയ്യൊറേമെക്കേണ്..

മോളി പാക്കറ്റ് വാങ്ങി അകത്തേക്കു നടക്കുന്നു.

CUT TO

35A.INT ഹാൾ രാത്രി

ഹാളിലെ ശവത്തിന്റെ അരികിലിരിക്കുന്ന സബേത്തിനെ  പാക്കറ്റ് ചൂണ്ടി കാണിക്കുന്ന കറുത്തമോളി. സബേത്ത് അവളുടെ അരികിലേക്കു വരുന്നു.

കറുത്തമോളി
സവേത്തേ, വാവഞ്ചേട്ടനിടണ്ട ഉടുപ്പക്കേണ്
സൂക്ഷിച്ച് വച്ചേ്ചര്..

അതു വാങ്ങുന്ന സബേത്ത് മോളിയെ അകത്തേക്കു മാറ്റി നിർത്തിയിട്ട് ചോദിച്ചു

സബേത്ത്
മോളീ, നിന്റ കഴ്ത്തേക്കെടക്കണ കരിമണിമാല
എനിക്കൊന്നിടാന്തര്വോടീ..

കറുത്തമോളി
അപ്പ നിന്റ മാലേന്തേയ്..

സബേത്ത്
അതുരിക്കൊണ്ടോയ്ട്ടാണീ പെട്ടീമുടുപ്പാക്ക
മേടിച്ചത്...നീയാ മാല ഒന്നൂരിത്താ..

കറുത്തമോളി
അതിപ്പ ഇവട ആള്ള കൂടുന്പ എന്റ കഴുത്ത് ഒഴിഞ്ഞ്
കെടക്കൂല്ലേ....

സബേത്ത്
ഈ ചടങ്ങിന്റ മുന്പില് നിക്കണത്
ഞങ്ങേല്ലേ...ആളുകള് നോക്കണത്
നിന്നേല്ല,ഞങ്ങളേയിരിക്കും.   ഇങ്ങാട്ടൂരിത്താന്ന്..

മനസ്സിലില്ലാ മനസ്സോടെ കഴുത്തിൽ കിടക്കുന്ന നേരിയ കരിമണി മാല ഊരിക്കൊടുക്കുന്ന കറുത്തമോളി. കിട്ടിയതും അതു വാങ്ങി കഴുത്തിലണിയുന്ന സബേത്ത്. കറുത്ത മുഖത്തോടെ കടന്നുപോകുന്ന മോളി.

CUT TO

36.EXT ആൽബി വീട്  രാത്രി

വണ്ടി നിർത്തി ഇറങ്ങുന്ന ഈശിയും അയ്യപ്പനും.

ഈശി
അയ്യപ്പാ..കൊച്ചാൽബീട ബാന്റ്
ശെരിയാകുല്ലട്ടാ..അവന് ശെരിക്കും ടീമില്ലന്നേ..

അയ്യപ്പൻ
എല്ലാ കാശും കൂടി പെട്ടി മേടിക്കുന്പ
ഓർക്കണോയിര്ന്ന്...ദേ എന്നക്കൊണ്ടൊന്നും
പറേപ്പിക്കണ്ടട്ടാ

ഈശി
അതല്ലടാ വേറൊരു കൊഴപ്പോണ്ട്..ഈ
ആൽബി കൊറച്ചു നാളു മുന്പ് നിസേന പെണ്ണു
ചോദിച്ച് വന്നായിര്ന്ന്..

അയ്യപ്പൻ
എന്നട്ട്

ഈശി
അതു നടക്കുല്ലന്ന് പറഞ്ഞപ്പ..അവന് വെല്ല്യ
സങ്കടോയി..പാവം കൊറേ
ആശിച്ച്ചെട്ട്ണ്ടായിര്ന്ന്നാ തോന്നണത്

അയ്യപ്പൻ
അത്രേള്ളാ..അതൊന്നും സാര്വല്ല..അവനൊരു
പാവത്താനാണ്..വിളിച്ചാ മതി വന്നോളും

ഈശി അടങ്ങി. അവർ നടന്നു പടി തുറന്നു ഇരുട്ടിൽ മുങ്ങിയ വീട്ടിലെ ബെല്ലടിച്ചു. ഇരുട്ടു വീണ വരാന്തയിൽ പൊട്ടിയ ക്ളാരിനറ്റ് ഒട്ടിച്ചുകൊണ്ടിരിക്കുന്ന ആൽബിയെ കണ്ടത് കുറച്ചു കഴിഞ്ഞാണ്. അയ്യപ്പൻ ആൽബിയുടെ അരികിലേക്കു ചെന്നു.

അയ്യപ്പൻ
ആൽബീ..കൊച്ചാൽബീ..

ആൽബി നിർവ്വികാരം അവരെ നോക്കി.

അയ്യപ്പൻ
ആൽബീ..നമ്മട വാവച്ചനാശാന്ണ്ടല്ലാ..ദേ ഈ
നിക്കണ ഈശീടപ്പൻ .... മരിച്ച് പോയടാ

വല്ലായ്മയോടെ, ഒട്ടിച്ചു വച്ച വികലാംഗനായ ക്ളാരനറ്റിലേക്കയാളുടെ നോട്ടം പതിഞ്ഞു

അയ്യപ്പൻ
വാവച്ചനാശാന് ഒരാശേണ്ടായിരുന്നു..ചാകുന്പ
ആൽബീട ബാന്റു കൊട്ടു വേണോന്ന് നിങ്ങ ഫുൾ
ടീമായട്ട് നാള വരുമാ..

ആൽബി ഒന്നും മിണ്ടാതെ കുറച്ചു നേരം ആലോചിച്ചിരുന്നു. പതുക്കെ

ആൽബി
എപ്പളാണ് ശവടക്ക്..

അയ്യപ്പൻ
വൈയ്യീട്ടായിരിക്കും..ടൈം നാളപ്പറയാം..

ആൽബി കൂടുതലൊന്നും പറയാതെ ഇരുന്നു.ആശങ്കയോടെ ഈശി

ഈശി
വരോ ഇല്ലേന്ന് ഒറപ്പിച്ച് പറഞ്ഞില്ലല്ലാ..

ആൽബി
ക്ളാരനറ്റ് പൊട്ടിയിരിക്കേണ്..

അയ്യപ്പൻ
അതൊന്നും സാരൂല്ലടോ..ഉള്ളതു കൊണ്ട് ഒ◌ാണം
പോലെ..

ആൽബി
അതിപ്പ..

അയ്യപ്പൻ
ആൽബി ആളേം കൂട്ടിയങ്ങാട്ട് പോര് ബാക്കിയക്ക
വരണോടത്തു വച്ച് കാണാന്ന്..

ആൽബി മിണ്ടിയില്ല.

അയ്യപ്പൻ
ഈശി വാടാ..

ഈശി
അല്ലാ ഒറപ്പു പറഞ്ഞില്ലല്ലാ..

അയ്യപ്പൻ
നീയിങ്ങാട്ട് വന്നണ്ടേ..

ഈശിയെ പിടിച്ചു വലിച്ച് വണ്ടിയിലിരുത്തുന്ന അയ്യപ്പൻ .വണ്ടി പായുന്നു.

CUT TO

37.EXT വാവച്ചന്റെ വീട് രാത്രി

സ്കൂട്ടർ പടിക്കൽ നിർത്തി ഈശി ഇറങ്ങുന്നു. വണ്ടിയുടെ ഡ്രൈവിംഗ് സീറ്റിലിരുന്ന് പോകാനൊരുങ്ങുന്ന അയ്യപ്പനോട്

ഈശി
അയ്യപ്പാ..നിനക്ക് രൂപതേല് വല്ല
പിടീമെണ്ടാ..നിന്റ മണ്ടലോല്ലേ..

അയ്യപ്പൻ
എന്താണ് വേണ്ടത്

ഈശി
അല്ല...ചവടക്കിന് മെത്രനക്കിട്ടുവാന്ന്
നോക്കാനാണ്

അയ്യപ്പൻ
ബെസ്റ്റ്..നെറ്റിയേ പോറാൻ
നയാപ്പൈസേല്ലാത്തോനാണ്, മെത്രാന
വേണോത്രേ..അവരക്ക കാശുകാര്ട വീട്ടിലേ
വരോള്ള്..അറിയാല്ലാ..

ഈശി
അപ്പത് നടക്കുല്ലല്ലേ..

അയ്യപ്പൻ
അതങ്ങാട് മറന്നേക്ക്..ദേ..ഞാന്പോണ്..വണ്ടീം
കൊണ്ട് പൊലച്ചക്കെത്തിയേക്കാട്ടാ..

ഈശി
വികാരിയച്ചനാടൊന്ന് പറഞ്ഞുനോക്കിയാലാ..

മറുപടി പറയാതെ അയ്യപ്പൻ സ്കൂട്ടറിൽ പായുന്നു. ഈശി വിഷമത്തോടെ വീട്ടിലേക്ക്.

CUT TO

38.INT പള്ളിമേട രാത്രി

ആലോചനയോടെ വികാരിയച്ചൻ . മുന്നിലെ കടലാസ്സിലെന്തൊക്കെയോ കുത്തിക്കുറിച്ചിട്ടുണ്ട്. അച്ചൻ ഫോണെടുത്തു ഡയലു ചെയ്യുന്നു.

വികാരി
ഹലോ..സീഐ മാത്തൻ സാറല്ലേ..ഇതു പള്ളി
വികാരി പാറപ്പുറത്ത് സക്കറിയാസച്ചനാണ്

സി.ഐ. (ഫോണിൽ )
അയ്യോ ഈശോമിശ്ശ്യാക്കും സുതിയായിരിക്കട്ടേ
അച്ചാ..എന്താണീ രാത്രി..

വികാരി
അതേയ് നമ്മുട ഇടവകേല മേസ്തിരി വാവച്ചൻ
മരിച്ചട്ട്ണ്ട് .ആ മരണമത്ര ശരിയായട്ട്
തോന്നീല്ല.. ചില്ലറ പന്തികേടുണ്ട്.ചില്ലറയല്ല
മൊത്തത്തീ പന്തികേടാണ്..സാറാമ്മ സിസ്റ്ററ് ചെന്നു
നോക്കിയട്ട് പറഞ്ഞാര്ന്നു.സാറ് ഒടനടി ഒന്നവട
ചെന്ന് നോക്കണം..അതു പറയാനാണു ഞാൻ

സിഐ.
ഇപ്പത്തന്നെ നേരം കൊറേ വൈകിയല്ലാ
അച്ചാ..ഇഞ്ഞീപ്പ നാളേയാകട്ട

വികാരി
സാറങ്ങന പറേല്ലേ..സങ്ങതി
സീരിയസ്സാണ്..അമാന്തം വിചാരിക്കരുത്..
ഇപ്പത്തന്ന പോണം..നമ്മട ശ്രദ്ധക്കൊറവ് കൊണ്ട്
ഈയെടവകക്കാരിക്ക് ഭാവീലൊരു കൊഴപ്പം
വരര്ത്..എനിക്കത്രേള്ള്

സി.ഐ. (ഫോണിൽ )
ശരി..ശരി..അച്ചൻ ഫോൺ വക്ക്,നോക്കട്ടേ..

വികാരി
ഒം..

അതൃപ്തിയോടെ ഫോൺ കട്ടു ചെയ്യുന്ന വികാരിയച്ചൻ . ഈർഷ്യയോടെ പിറുപിറുത്തു

വികാരി
ഇയാളേക്കാരാണ് പോലീസിലെടുത്തത്..പോഴച്ചാര്..

CUT TO

39.INT വാവച്ചൻ വീട്, ഹാൾ രാത്രി

ശവത്തിനരികിലിരുന്നു ഉറക്കം തൂങ്ങി സബേത്തിന്റെ ദേഹത്തേക്കു വീഴുന്ന പെണ്ണമ്മ. സബേത്ത് ഞെട്ടിയുണരുന്നു.കൺമുന്നിൽ ഈശി. സബേത്ത് പെട്ടെന്ന് പ്രാർത്ഥന ചൊല്ലുന്നു.

സബേത്ത്
നന്മാർഞ്ഞ മറിയമേ നെനക്ക് സ്വസ്തി..

ഈശി
നിർത്തടീ..

അവന്റെ ഒച്ച കേട്ട് നിസയും ഉറക്കമുണർന്നു കണ്ണു തിരുമി നോക്കുന്നു. അയല്ക്കാരെല്ലാം പോയിക്കഴിഞ്ഞു.

ഈശി
പോയ്ക്കെടക്കടീ നീയക്ക..എന്റപ്പന്
ഞാങ്കൂട്ടിരുന്നോളാം...

അതു കേട്ടപാടെ ക്ഷീണത്തോടെ കോട്ടുവായിട്ട് സബേത്ത് അകത്തേക്കു പോയി. നിസയും അവളെ പിന്തുടർന്നപ്പോൾ

പെണ്ണമ്മ
മോളേ അമ്മക്ക് പരവേശമെട്ത്തട്ട്
പാടില്ലടീ..ഇച്ചരി വെള്ളമെട്..

നിസ അകത്തേക്കു പോകുന്നു. പെണ്ണമ്മ ശവത്തിന്റെ മുഖം തുടച്ച് മനസ്സിൽ ദുഖമാവാഹിക്കുന്നു. ഈ സമയത്ത് ഈശി അപ്പന്റെ അരികിൽ വന്നിരുന്ന് മുഖത്തേക്കു നോക്കുന്നു.പശ്ചാത്തലത്തിൽ പെണ്ണമ്മയുടെ നിലവിളി.

പെണ്ണമ്മ
ഞങ്ങക്കിനി ആരാണ്ള്ളതപ്പാ..എന്റ മോനീശുട്ടീ
നീയിഞ്ഞിയാരേണപ്പാന്നു
വിളിക്കണേ..പോയില്ലേടാ മോനേ..നമ്മട ചങ്കും
കരളുമാണ് പൊന്നേയീ കെടക്കണേ..

നിസ പെണ്ണമ്മയ്ക്കു വെള്ളം കൊണ്ടുവന്നു കൊടുക്കുന്നു. അവർ അതു വലിച്ചു കുടിക്കുന്നു. കാലിക്കോപ്പ വാങ്ങി കടന്നു പോകുന്ന നിസ കോട്ടുവായിടുന്നു.നിലവിളി പൂർവ്വാധികം ശക്തിയോടെ തുടരുന്ന പെണ്ണമ്മ. ഈശി താടിക്കു കൈ കൊടുത്ത് ആലോചനയിൽ മുഴുകിയങ്ങനെ.

CUT TO

40.EXT കടപ്പുറം പുലരി

കടപ്പുറം വിശാലമായ കാഴ്ചയിൽ കടൽ ശാന്തമാണ്. പക്ഷെ ആകാശത്ത് ഇരുളിമ നിറഞ്ഞ് അതിലൂടെ ദൈവസാന്നിദ്ധ്യമെന്ന പോലെ വെള്ളി പ്രകാശം തൂണു പോലെ ഇറങ്ങി മണലിലേക്കു പതിക്കുന്നുണ്ടായിരുന്നു. ആ പ്രകാശത്തിൽ അവിടെ കിടന്നിരുന്ന ഒരു വൃദ്ധൻ ( കുഴിവെട്ടി സൈമണ്ചേട്ടൻ ), ഉറക്കമുണർന്നു.അയാൾക്കരികിൽ കിടന്നിരുന്ന നാടൻ പട്ടിയും ഉറക്കമുണർന്ന് ലോകത്തെ നോക്കുന്നു. അയാളുടെ ആദ്യ നോട്ടം ആകാശത്തു നിന്ന് ഒലിച്ചു വരുന്ന

ആ വെള്ളിവെളിച്ചത്തിലായിരുന്നു.അയാൾ സൂക്ഷിച്ചു നോക്കിയപ്പോൾ കാഹളം മുഴക്കുന്ന മാലാഖമാരുടെ ആകൃതി മേഘങ്ങളിൽ . ദൈവസാന്നിദ്ധ്യം കണ്ടിട്ടാകണം അയാൾ മുട്ടുകുത്തി നിന്നു പ്രാർത്ഥിക്കാൻ തുടങ്ങി.

ഈ സമയം അകലെ നിന്നു കൊച്ചച്ചനും കപ്യാരും നടന്നു വരുന്നുണ്ടായിരുന്നു. .കപ്യാരുടെ കൈയ്യിൽ ഈ.മ.യൌ.എഴുതിയ കൊടിയും കുരിശുമുണ്ട്. അവർ മുട്ടു കുത്തിനില്ക്കുന്ന മനുഷ്യനെ കണ്ടു.

കപ്യാർ
കർത്താവേ..നമ്മട സൈമഞ്ചേട്ടന് വെളിപാട് കിട്ടിയാ..

കൊച്ചച്ചൻ
ഇതു നമ്മട കുഴിവെട്ടിയല്ലേ..

കപ്യാര്
ഉം. കൈയ്യിലിരിപ്പു കൊണ്ട് മോൻ വീട്ടീക്കേറ്റല്ല..ഇവ്ടാ കെടപ്പ്

കൊച്ചച്ചൻ
എന്താടോ നമ്മട കുഴിവെട്ടികളെല്ലാം കുടിയമ്മാരായത്..

കപ്യാര്
ആക്കറിയാം അതിപ്പ കർത്താവിനാട് തന്ന ചോദിക്കണം...

അവർ നടന്ന് കുഴിവെട്ടിയുടെ അരികിലെത്തി

കപ്യാര്
ഡോ സൈമഞ്ചേട്ടാ..ദരിശനം വല്ലതും കിട്ടിയാടോ..

കുഴിവെട്ടി അഗാധമായ പുഞ്ചിരിയോടെ ആകാശത്തേക്കു കൈ ചൂണ്ടി.

കുഴിവെട്ടി
മാലാഹയാണാ റൂഹാദ്ക്കുദാശയാണാന്നാ സംശയം...

കപ്യാര്
ഉം..പറ്റെറങ്ങ്യിട്ടില്ല..എടോ..വെക്കം ചെന്ന് ഒരു കുഴി വെട്ടിയിട്ടേക്ക്..ചിംത്താരീടെ തെക്കേ അറ്റത്ത് മൂന്നാമത്തതായട്ട്

കുഴിവെട്ടി
റൊസാരിയോന്റട്ത്തല്ലേ..ഏറ്റ്..ആരാണാള്..

കപ്യാര്
പറയാം..ഞങ്ങ പോയട്ട് വരട്ടെ..

കുഴിവെട്ടി
ഒാ..

കുഴിവെട്ടി പതുക്കെ എണീക്കുന്നു. ഇപ്പോൾ ആകാശത്തെ വെളിച്ചം ഇല്ല.കടപ്പുറത്ത് അലഞ്ഞു തിരിയുന്ന നാടൻ പട്ടി ഒാരിയിടുന്നു.

CUT TO

41.EXT വാവച്ചന്റെ വീട് പ്രഭാതം

പടിക്കൽത്തന്നെ മരണ അറിയിപ്പായി കറുത്ത കൊടി സ്ഥാപിക്കുന്ന കപ്യാർ .അതിൽ ഈ.മ.യൌ എന്നു വായിക്കാം. കൊച്ചച്ചൻ ആദ്യമേ നടന്നു വീട്ടിൽ കയറി.

CUT TO

41A.INT വാവച്ചന്റെ വീട് ഹാൾ പ്രഭാതം

കൊച്ചച്ചൻ പ്രാർത്ഥനയ്ക്കു മുന്പായി ശവത്തെ ഒന്നു നോക്കി. കണ്ടകാഴ്ച വിശ്വസിക്കാനാകാത്ത അന്പരപ്പ് മുഖത്ത്. കട്ടിലിൽ മൂടിപ്പുതപ്പിച്ചു കിടത്തിയ വാവച്ചനു പുറമെ രണ്ടു ശവങ്ങൾ കൂടി കിടക്കുന്നു. കപ്യാർ ഈ സമയത്തവിടെ എത്തുന്നു. കാഴ്ച കണ്ട് ചിരിയോടെ കൊച്ചച്ചനെ നോക്കി. അച്ചനും കപ്യാരെ നോക്കി. അച്ചൻ ഹാനാൻ വെള്ളം തളിച്ച് ശവത്തെ ആശിർവ്വദിച്ചു.വാവച്ചന്റെ അടുത്തു കിടന്നുറങ്ങിപ്പോയ ഈശി വെള്ളത്തുള്ളി വീണതും ചാടിയെണീറ്റു. വാവച്ചന്റെ മറ്റെ അരികിൽ കിടന്നിരുന്ന പെണ്ണമ്മയേയും അവൻ കുത്തിപ്പൊക്കുന്നു. അവരും വല്ലാത്ത ചമ്മലിൽ ഇരുന്നുവെങ്കിലും അടുത്ത ക്ഷണം കുറേ നേരത്തേക്കു മറന്നു പോയ നിലവിളി പുറത്തെടുത്തു. അച്ചനതു ശ്രദ്ധിക്കാതെ പ്രാർത്ഥന തുടങ്ങുന്നു.

കൊച്ചച്ചൻ
പിതാവിനും പുത്രനും സ്തുതിയായിരിക്കട്ടെ..

പെട്ടെന്ന് കീശയിൽ കിടന്ന ഈശിയുടെ ഫോൺ ബെല്ലടിക്കുന്നു. ഞെട്ടിപ്പിടിച്ച് അവനതെടുക്കുന്നു.കൊച്ചച്ചനും കപ്യാരും കൌതുകത്തോടെ നോക്കി നില്ക്കുന്നു. മാറി നിന്ന് ഫോൺ അറ്റന്റ് ചെയ്യുന്ന ഈശി.

ഈശി
ഹലോ ആരാ

പ്രദീപ് (ഫോണിൽ )
എന്തു പരിപാടിയാണിത് ..ശവടക്കിന്റെ ടൈം പറേടോ

ഈശി
ആരാണിത്

പ്രദീപ് (ഫോണിൽ )
പ്രസ്സീന്നാടോ..നോട്ടീസടിക്കണ്ടേ..

ഈശി
ഓാ...അതു ഞാന്പറയാട്ടാ..

പ്രദീപ് (ഫോണിൽ )
വെക്കം പറേണം എനിക്കു വേറ
പണീള്ളതാണ്..ഇത് തീർത്തട്ട് വേണം
സുവനീറിന്റേം കല്യാണക്കുറീടേം പണി തൊടങ്ങാൻ

ഈശി ഈർഷ്യയോടെ ഫോൺ കട്ട് ചെയ്യുന്നു.പശ്ചാത്തലത്തിൽ അച്ചന്റെ പാട്ട്

അച്ചൻ
കരുണയെഴും മമ നാഥാ,എന്നെ
കനിവോടോർക്കണമേ..മാമക ജീവിതമൊരു നിഴൽ

പോലെ മായുകയാണീ മന്നിൽ

CUT TO

42.INT സെമിത്തേരി  പ്രഭാതം

പാട്ട് സെമിത്തേരിയിലേക്ക് ഓവർലാപ്പ് ചെയ്യുന്പോൾ കുഴിവെട്ടി സൈമഞ്ചേട്ടൻ തെക്കേ അതിരിലായി കുഴിവെട്ടുന്നു. അവിടേക്ക് വരുന്ന ചൌരോ. ആഹ്ളാദത്തിലാണയാൾ

കുഴിവെട്ടി
ചൌരോച്ചേട്ടനെന്താണ് പതിവില്ലാണ്ടീവഴി

ചൌരോ ഷർട്ടിനകത്തു നിന്ന് ഒരു കിറ്റ് എടുത്തു തുറന്നു. വാറ്റും പുഴുങ്ങിയ മുട്ടയും

ചൌരോ
വാട സൈമാ..ഇഞ്ഞിയിത് മുണുങ്ങിയട്ട് വെട്ടിയാ
മതി

ആഹ്ളാദത്തോടെ പാഞ്ഞു വരുന്ന സൈമൺ .ഒരു കല്ലറയിലിരുന്ന് മുട്ടത്തോടു പൊട്ടിച്ച് അതീവ താല്പര്യത്തോടെ

കുഴിവെട്ടി
ഇതെന്തു പറ്റി..മൻസിലാകാഞ്ഞട്ട് ചോദിക്കേണ്..

ചൌരോ
ഈ കുഴി അടിപൊളിയായിട്ട് നീ വെട്ടണം..ഇന്നേ
വരെ വെട്ടിയതിലും വെച്ച് ഏറ്റോം ബെസ്റ്റ്
കുഴി..ഇഞ്ഞി ഈ കുഴീട പേരിലാണ് നീയീ
എടവകേല് അറിയപ്ൊന്പോണത്..

കുഴിവെട്ടി
അതക്കേറ്റ്..ആര്ടേണിത്..

ചൌരോ
വാവച്ചൻ
മേശിരീട..പള്ളീലൾത്താരേണ്ടാക്കിയവനിലേല..വാവച്ചനാശാൻ
അവന്റ

കുഴിവെട്ടി
ഇതു നമ്മക്ക് കലക്കാന്നേ
ചൌരോച്ചേട്ടാ..ഞാനേറ്റ്ന്ന്..

മുട്ടയും വാറ്റും ആഹ്ളാദത്തോടെ കുടിച്ചുകൊണ്ട് കുഴിവെട്ടി

കുഴിവെട്ടി
ചാവണോങ്കി ദാ ഇങ്ങന തന്ന
ചാകണം..ആണുങ്ങളപ്പോല..

കുഴിവെട്ടി ചാരായം മോന്തുന്നു. ഒരു ഇടിമുഴക്കം. അയാളാകാശത്തേക്കു നോക്കി. കാർമേഘം ഉരുണ്ടു കൂടുന്നു.ചൌരോ പോകാനായി എണീറ്റു.

ചൌരോ
അപ്പ നീയതേറ്റല്ലാ..

കുഴിവെട്ടി
അതേറ്റ്..പക്ഷേങ്കില് കൂര കെട്ടണം..ഇന്നു മഴ
അലനപ്പെണ്ടാക്കും ഒറപ്പാ..

ചൌരോ
കൂരേല്ലാ..ഒരു പൊര തന്നെ
കെട്ടിക്കോ..ഞാനേറ്റ്..

ചിരിച്ച് കടന്നു പോകുന്ന ചൌരോ.കുഴിവെട്ടി മണ്ണിൽ ആഞ്ഞുവെട്ടുന്നു.

CUT TO

43.INT വാവച്ചന്റെ വീട് അടുക്കള പകൽ

തേത്തോ താത്തി ഒരു വലിയ കോപ്പയിൽ കട്ടൻ ചായ കൊണ്ടു വരുന്നു. അവർ തന്നെ അതു മൂന്നു ഗ്ളാസ്സുകളിലേക്ക പകർന്നു കൊരണ്ടിപ്പലകയിലിരിക്കുന്ന പെണ്ണമ്മയ്ക്കും സ്റ്റവ്വിനരികിലിരിക്കുന്ന സബേത്തിനും നിസയ്ക്കും കൊടുക്കുന്നു. എല്ലാം മറന്ന് അവരത് ആർത്തിയോടെ ഊതിയാറ്റിക്കുടിക്കുന്നു.

തേത്തോ
എടി സവേത്തേ, നീയാണാ ഇന്നലത്ത താറാവു
കറി വെച്ചത്

തേത്തോയുടെ ചോദ്യത്തിൽത്തന്നെ ഒരു കുനുഷ്ടുണ്ടായിരുന്നു.കറിക്ക് ഒരു രുചിയുമുണ്ടായിരുന്നില്ലെന്നു വ്യക്തം.

സബേത്ത്
ഹേയ്..ഞാനല്ല..അമ്മേണ്..

എങ്കിപ്പിന്നെ പറഞ്ഞിട്ടു കാര്യമില്ലെന്ന മട്ടിൽ തേത്തോ മുഖം ചുളിച്ചു.പെണ്ണമ്മ അതു കേട്ടില്ലെന്നു നടിച്ചു.

ആ നേരത്ത് അകത്തു നിന്ന് കറുത്തമോളി ഇറങ്ങി വന്നു.

സബേത്ത്
കർത്ത മോളീ ചായ വേണാടീ..

വേണ്ട എന്നാംഗ്യം കാണിച്ച് മോളി പറഞ്ഞു

മോളി
സവേത്തേ..നിന്റെ വീട്ടുകാരു വന്നേക്കണെടീ..

ആ നിമിഷത്തിനായി കാത്തു വച്ചതുപോലുള്ള ഒരു നിലവിളിയുമായി സബേത്ത് വരാന്തയിലേക്ക പാഞ്ഞു. തൊട്ടു പിന്നാലെ മറ്റൊരു നിലവിളിയായി പെണ്ണമ്മയും അവളെ പിന്തുടർന്നു. തേത്തോ വളരെ കൂളാണ്. നിസയും അവരെ പിന്തുടരുന്നില്ലേ എന്ന മട്ടിലൊരു നോട്ടം നോക്കിയെങ്കിലും നിസ കുലുങ്ങിയില്ല. അവൾ അവിടിരുന്ന് ആസ്വദിച്ച് കട്ടൻ കുടിക്കുന്നു.

CUT TO

43A.INT വാവച്ചൻ വീട്, ഹാൾ  പകൽ

ശവത്തിനു മുന്നിൽ കൈകൂപ്പി ഭക്തിയോടെ നിന്നു പ്രാർത്ഥിക്കുന്ന സബേത്തിന്റെ അമ്മയും 50 മൂത്തമകൻ ജെറോപ്പൻ 30 ഭാര്യയും 25. സബേത്തിന്റെ അപ്പൻ 60 ഇത്തിരി പിന്നോക്കം മാറി നിന്ന് പിതാവിനും പുത്രനും പറയുന്നു.സബേത്ത് കരഞ്ഞു കൊണ്ട് വന്ന് ശവത്തിനരികിലിരുന്നു.

സബേത്ത്
അപ്പച്ചാ അമ്മിച്ചീ
ജെറോപ്പഞ്ചേട്ടാ..ഞങ്ങടപ്പൻപോയട്ടാ..ഇഞ്ഞിക്കാണാന്പറ്റൂല്ലട്ടാ..ഞങ്ങടപ്പന് വേണ്ടി ശെരിക്കിനും പ്രാർത്ഥിക്കണേട്ടാ..

പെണ്ണമ്മ ശവത്തെ കെട്ടിപ്പിടിച്ച് കരയുന്നു.കണ്ണോക്കു പാടുന്നു.

പെണ്ണമ്മ
ജീവിച്ചിരിക്കുന്പ തിരിഞ്ഞുനോക്കാത്തോരക്കെ വന്നേക്കണ കണ്ടാ..ഇപ്പഴെങ്കിലും നിങ്ങക്കക്കെ വരാന്തോന്നിയല്ലാ..നിങ്ങട കാരിയമപ്പനെപ്പോഴും പറയ്വായിരുന്നട്ടാ..

സബേത്ത് കലിപ്പോടെ പെണ്ണമ്മയെ നോക്കി. അവർക്ക് ഒരു കുലുക്കവുമില്ല. ഒന്നും അറിയാത്ത മട്ടിലവർ തുടരുന്നു.

പെണ്ണമ്മ
സ്ത്രീധനത്തിന്റ കാരിയത്തിലപ്പന് ഒരു സങ്കടോമെണ്ടായിര്ന്നില്ലട്ടാ..അവര്ട മോക്കവര് കൊട്ക്കണതു മതീന്നെപ്പഴും പറഞ്ഞതല്ലേ..പിന്നെന്തിനാണു നിങ്ങ മുണ്ടാണ്ടിരുന്നത്..

ഇനി നിന്നാൽ കൂടുതൽ മോശമാകുമെന്നു കണ്ടിട്ടാകണം സബത്തവിടെ നിന്നുമെണീറ്റ് പുറത്തേയ്ക്കിറങ്ങി.നിലവിളിയും അലമുറയും ഉഷാറാക്കുന്ന പെണ്ണമ്മ.

CUT TO

43B.EXT വാവച്ചന്റെ വീട് പറന്പ് പകൽ

പന്തലു പണിക്കാർ ടർപ്പായ പന്തലിന്റെ പണി ചെയ്തു കൊണ്ടിരിക്കുന്നു. അയ്യപ്പനാണ് നിന്നു കെട്ടിക്കുന്നത്. ആളൊഴിഞ്ഞ വശത്ത് സബേത്തും അമ്മ റീത്തയും ആങ്ങള ജെറോപ്പനും നാത്തൂനും നില്ക്കുന്നു.

സബേത്ത്
തന്ത ചത്തു കെടക്കുന്പഴാണ് തള്ള പോരെടുക്കണത്..

ജെറോപ്പൻ
വിട്ടു കളേടീ..ഇതക്കപ്പതിവെള്ളതല്ലേ..

സബേത്തിന്റെ കഴുത്തിൽ നേരിയ കരിമണി മാല മാത്രമാണുള്ളതെന്നു കണ്ടു റീത്ത

റീത്ത
സബേത്തേ മോളേ നിന്റ താലിമാലേവ്ടേടീ..

സബേത്ത്
അതു തന്തക്ക് പെട്ടീം ഉടുപ്പും മേടിക്കാനുരിയതാണ്

റീത്ത
എന്നട്ടാണാ തള്ളമ്മ പോര് പറഞ്ഞത്

സബേത്ത്
അവര് പടിച്ചതല്ലേ പാടണത്..പാടട്ടു നിങ്ങ കാരിയമാക്കണ്ട

ജെറോപ്പൻ
കാശിന് നല്ല ബുദ്ധിമുട്ടുണ്ടല്ലേ..

സബേത്ത് മിണ്ടിയില്ല. അയാൾ കീശയിൽ നിന്ന് 2500 രൂപ എടുത്ത് സബേത്തിനെ ഏല്പിച്ചു.

സബേത്ത്
ഈശിച്ചേട്ടന്റെ കൈയ്യില് കൊടുത്താ മതി

ജെറോപ്പൻ
അതിപ്പ നീ കൊടുത്താ മതി..

സബേത്ത് അതു വാങ്ങുന്നു.

CUT TO

43C.EXT വാവച്ചൻ വീട് പിന്നിലെ മുറ്റം  പകൽ

ഈശി അലക്കുകല്ലിലിരിക്കുന്നു. സബേത്തു കാശുമായി വരുന്നു. അവളത് ഈശിക്കു നേരെ നീട്ടി.

സബേത്ത്
ജെറോപ്പഞ്ചേട്ടൻ തന്നതാണ്...

ഈശി
അപ്പനുമമ്മേം വന്നില്ലേ..

സബേത്ത്
ചെല്ല്, അവരവട കാത്തുനിക്കേണ്..

ഈശി
ഉം..

സബേത്ത്
ഈശിച്ചേട്ടന് ഒരുളാസ് കട്ടനെടുക്കട്ടേ..

ഈശി
വേണ്ടടീ..

സബേത്ത്
വൈകാണ്ട് വികാരിയച്ചനക്കണ്ട് ചവടക്കിന്റെ സമേനക്ക ഒറപ്പിക്കണ്ടേട്ടാ..

ഈശി തലയാട്ടി ആ കാശ് വാങ്ങി കീശേലിട്ട് പതുക്കെ എണീക്കുന്നു.ആ നേരത്ത് വീണ്ടും ഫോണടിക്കുന്നു ഈശി ഈർഷ്യയോടെ എടുക്കുന്നു.

ഈശി
ഹലോ..

പ്രദീപ് (ഫോണിൽ )
നിങ്ങേന്ത് പണിയാണീ കാണിക്കണത്..ചവടക്കിന്റെ ടൈം പറേട്ടാ..അല്ലേ പണി പാളും..പറഞ്ഞില്ലന്ന് വേണ്ട..

ഈശി
ശെരി..ഇപ്പപ്പറയാട്ടാ..

ഈർഷ്യയോടെ ഫോൺ കീശയിലിടുന്ന ഈശി കടന്നു പോകുന്നു.

CUT TO

44.INT പള്ളിമേട, ഊണുമുറി  പകൽ

വികാരിയച്ചന് വെള്ളേപ്പവും സ്റ്റ്യൂവും വിളമ്പിക്കൊടുക്കുന്ന കുശിനിക്കാൻ . അവിടേക്കു വരുന്ന ഈശി.ആ സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റം തീരെ രസിക്കാതെ.

വികാരി
നീയെന്തിനാണിപ്പിങ്ങോട്ടു വന്നത്..

ഈശി
അപ്പന്റെ ചവടക്കിന്റെ കാര്യന്പറയാൻ ...

വികാരി
അതാ കപ്യാരോട് പറഞ്ഞാമതി..

ഈശി പോകുന്നതു കണ്ട്

വികാരി
വാവച്ചനെങ്ങനേടോ മരിച്ചത്..

ഈശി
ഇച്ചിരി കുടിച്ചട്ട്ണ്ടായിര്ന്ന്..ഞാഞ്ചെല്ലുമ്പ
ഹാളില് വീണ് കെടക്കേയിര്ന്ന്
..ഹാർട്ടറ്റാക്കാണ്ന്നാ തോന്നണത്..

വികാരിക്ക് അതും തീരെ രസിച്ചില്ല.

വികാരി
ഹാർട്ടറ്റാക്കാണ്ന്ന് ഡാക്ടറ് പറഞ്ഞാ..

ഈശി
ഡോക്ടറല്ല..അത് സാറാമ്മ സിസ്റ്ററ്..

വികാരി
എന്നട്ടവര് അങ്ങനേല്ലല്ലാ എന്നാട് പറഞ്ഞത്..

ഈശി
അത്..അവര് ഗറ്വാസീസ് ഡോക്ടറ
കണ്ടട്ട്..വരും..

വികാരി
ങ്ഹാ ചെല്ല്..ചിമിത്തേരീട തേക്കേയറ്റത്ത്
കുഴിവെട്ടണോടത്ത് കപ്യാരെണ്ടാകും..ചെന്ന്
കണ്ടോ..

തലയാട്ടി കടന്നു പോകുന്ന ഈശി.അയാൾ പോയതും അച്ചൻസെൽ ഫോൺ ഡയലു ചെയ്യുന്നു.

വികാരി
മാത്തൻ സാറേ വാവച്ചൻ മേശിരീട വീട്ടീ
പോയന്വേഷിച്ചാ..

സി.ഐ. (ഫോണിൽ )
ദേ ഒടനെ പോണേണച്ചോ..

വികാരി
അപ്പ ഇന്നലപ്പോയില്ലേ..എന്തു പരിപാടിയാണ്
സാറേ ഞാൻ രാത്രി തന്ന വിളിച്ച് പറഞ്ഞതല്ലേ.

സി.ഐ. (ഫോണിൽ )
ദേ പോണേണ്ന്ന്..എറങ്ങിക്കഴിഞ്ഞന്നേ..

സിഐ ഫോൺ വച്ചു കഴിഞ്ഞു. വികാരിക്ക് ഈർഷ്യ.

വികാരി
ശ്ശേ...പാതിരീനപ്പിടിച്ച്
പോലീസാക്ക്യപോലേണ്ട്..കഷ്ടം

CUT TO

45.INT സെമിത്തേരി പകൽ

ഈശി കടന്നു വരുന്നു. അവിടെ ആരേയും കാണുന്നില്ല. തെക്കേയറ്റത്ത് കുഴിതോണ്ടിയിട്ടത് കാണുന്നു. അയാളവിടേക്കു ചെല്ലുന്നു. കുഴിയിൽ നിന്നെടുത്ത മണ്ണിന്റെ കൂനയിൽ മൺവെട്ടി വച്ചിട്ടുണ്ട്. അയാൾ കുഴിയിലേക്കു നോക്കി. അതിൽ വീണു കിടക്കുന്ന കുഴിവെട്ടിയെ കാണുന്നു.

ഈശി
കർത്താവേ..

ഈശി നടുക്കത്തോടെ പായുകയായി. മഴ പൊടിഞ്ഞു തുടങ്ങുന്നു.

CUT TO

46.INT വാവച്ചൻ വീട്, വരാന്ത പകൽ

നേരിയതായി മഴ പൊടിയുന്നുണ്ട്. നനഞ്ഞ റീത്തുമായി സഹകരണസംഘക്കാർ വരുന്നു, അയ്യപ്പനും അവരോടൊപ്പം കൂടുന്നു. അവർ ഹാളിലേക്കു കയറുന്നു. പന്തലിൽ നിറയെ ഇരുമ്പു കസേരകൾ . നടുവിൽ വെള്ള വിരിച്ച മേശ. പന്തൽ വെള്ളത്തുണിയും കറുത്ത റേന്തയും കൊണ്ടലങ്കരിച്ചിട്ടുണ്ട്. ആൾക്കൂട്ടം അകത്തുകയറിയപ്പോൾ പെണ്ണമ്മയും കൂട്ടരും വാവിട്ടു കരയുന്ന സ്വരം കേൾക്കാം.മനീക്കിന്റെ നേതൃത്വത്തിൽ ലാസർ പാഞ്ചി,ചൌരോ എന്നിവർ കൂടി നില്ക്കുന്നുണ്ട്.

ചൌരോ
ചവം കുളിപ്പിച്ച് പന്തലീക്കെടത്തണ്ടേ..

മനീക്ക്
സാധാരണ ചവം കുളിപ്പിക്കണത് കാനാത്ത
മണവേളല്ലേ അയാളത്തന്ന വിളിച്ചാലാ..

വേലായി
മണവേള് ചിക്കനടിച്ചു കെടക്കേണ്..വേറാരേങ്കിലും
നോക്കേണ് നല്ലത്..

ചൌരോ
നിങ്ങക്കെതിരില്ലേല് ഞാൻ റെഡി..

മനീക്ക്
എന്തെതിര്...വാ...

അവരെല്ലാവരും അകത്തേക്കു കയറി.

ചൌരോ
പെണ്ണുങ്ങേല്ലാമൊന്ന് വരാന്തേലോട്ട്
നിന്നോ..ഞങ്ങ ചവം കുളിപ്പിക്കട്ടെ

പെണ്ണുങ്ങളെല്ലാം പതുക്കെ വരാന്തയിലേക്ക്. മനീക്കും ചൌരോയും മറ്റും ചേർന്ന് ശവം പൊക്കിയെടുത്ത് അകത്തേക്കു കൊണ്ടു ചെല്ലുന്നു.

CUT TO

46A.EXT വാവച്ചൻ വീട് മുറ്റം പകൽ

ആൽബിയും സംഘവും നിരയായി വരുന്നു. ആൽബി വീടിനകത്തേക്കു നോക്കുന്നു.വരാന്തയിൽ നിസയുടെ മുഖം കാണുന്നു. അയാളവളെ നോക്കി നിന്നു പോകുന്നു. അവളയാളുടെ നോട്ടം ശ്രദ്ധിക്കുന്നു. ഡ്രം കഴുത്തിലണിഞ്ഞ മദ്ധ്യവയസ്കൻ ആൽബിയെ കോലു കൊണ്ടു തോണ്ടി. അയാൾ തിരിഞ്ഞു. സംഘത്തെ നോക്കി. എല്ലാവരും ദാരിദ്ര്യാവസ്ഥയിലാണ്. അവർ ആ പൊടിമഴ കൂട്ടാക്കാതെ വട്ടത്തിൽ നിന്നു. വളരെ കുറച്ച് ഉപകരണങ്ങളോടെ ദയനീയമായ ഒരു ബാന്റ് സെറ്റാണത് . ഒള്ളതു കൊണ്ടെന്തു ചെയ്യാന്പറ്റുമെന്ന് അവർ ആലോചിക്കുന്നു. അവരുടെ സംസാരം വ്യക്തമല്ല. ക്ളാരനറ്റ് വായിക്കാൻ ശ്രമിക്കുന്ന ആൽബി. അതിൽ നിന്നും അപസ്വരമാണുണ്ടാകുന്നത്. കേട്ടവർ ഊറിയ ചെറു ചിരി അടക്കി നോക്കുന്നു.

CUT TO

46B.INT വാവച്ചന്റെ വീട് മുറി പകൽ

വാവച്ചനെ ചൌരോയുടെ നേതൃത്വത്തിൽ കുളിപ്പിക്കുന്നതിന്റെ വിശദാംശങ്ങൾ . വളരെ ഗൌരവത്തിലുള്ള കർമ്മമായാണ് ചൌരോ അതു ചെയ്യുന്നത്. കൂടെ മനീക്കും മറ്റു രണ്ടു പേരും. ചൂടു വെള്ളത്തിൽ തുണി മുക്കി ശരീരത്തിന്റെ എല്ലാ അവയവങ്ങളും തുടപ്പിക്കുന്നു. തലയിലെ മുറിവു കാണുന്ന ചൌരോ സൂക്ഷിച്ചു നിരീക്ഷിക്കുന്നു. മനീക്കിനേയും കൂടെയുള്ളവരേയും നോക്കുന്നു. പുറത്ത് ബാന്റു വാദ്യം മുഴങ്ങുന്നു.

CUT TO

47.INT സെമിത്തേരി പകൽ

മഴ. കുഴിക്കു ചുറ്റും വികാരിയച്ചൻ കപ്യാർ , കൈക്കാരന്മാർ എന്നിവർ കുട ചൂടി നില്ക്കുന്നു. മഴയുടെ ഈർഷ്യ എല്ലാവർക്കുമുണ്ട്. കുഴിയിൽ വീണു കിടക്കുന്ന കുഴിവെട്ടി സൈമനെ പൊക്കി പുറത്തെടുത്ത് പരിശോധിച്ച യുവാവു പറഞ്ഞു

യുവാവ്
തീർന്നു..മരിച്ചട്ട് കൊറേ നേരോയി

വികാരിയച്ചൻ ചെറിയതായി വാഴ്ത്തുന്നു. എന്നിട്ട് കപ്യാരെ നോക്കി

വികാരി
കുഴിവെട്ടീട വീട്ടിലറീച്ച്ചോ..വെക്കം

കപ്യാര

അയാള് വീട്ടീപ്പോകാറില്ലച്ചോ..മോനുമായട്ട്
വഴക്കാണ്..

വികാരി
അതു നോക്കണ്ട..

വികാരിയച്ചൻ തിരക്കിട്ടു നടന്നു. മൊബൈലും ഡയലു ചെയ്തുകൊണ്ട് പിന്നാലെ കപ്യാരും.

വികാരി
വാ..നമ്മക്ക് വാവച്ചന്റ വീട്ടിലാട്ട് പോകാം

കപ്യാർ
ശേരി..

തിരക്കിട്ടു നടക്കുന്ന വികാരിയുടെ പിന്നാലെ പായുന്ന കപ്യാര്.

CUT TO

48.EXT വാവച്ചന്റെ വീട് പന്തൽ  പകൽ

കുളിപ്പിച്ച് ഉടുപ്പിടീച്ച വാവച്ചന്റെ ശവം പെട്ടിയിലാക്കി അകത്തു നിന്നു കൊണ്ടു വരുന്ന മനീക്ക്,ലാസർ ,പാഞ്ചി, തുടങ്ങിയവർ .പെട്ടെന്ന് ഒരു ഫ്ളാഷ് മിന്നി. അവർ നോക്കുന്പോൾ ഫോട്ടോഗ്രാഫർ കൈകൊണ്ട് ആംഗ്യം കാണിച്ച് അവരെ നിശ്ചലരായി നിർത്തിയിട്ട് ഒരു ഫോട്ടോ കൂടി എടുക്കുന്നു. എല്ലാവരും ഫോട്ടോയ്ക്കായി തയ്യാറെടുത്ത മൂഡിലാണ്. അവർ ശവപ്പെട്ടി പന്തലിനു നടുക്കിട്ട വെള്ളത്തുണി വിരിച്ച മേശയിൽ കിടത്തുന്നു.ഈ സമയത്ത് പെട്ടിയുടെ അടിയിലെ പാഴ്ത്തടി വിട്ട് ശവം ചോർന്നു വീഴുന്നു.അപ്പോഴും ഫ്ളാഷ് മിന്നി.

പാഞ്ചി
അയ്യോ..പെട്ടി ചതിച്ചല്ലാ കർത്താവേ..

പെണ്ണമ്മ
മോനേ ഈശീ..ഒ◌ാടിവാടാ..അപ്പൻ വീണടാ
മോനേ..

ഒരു നൊടി എല്ലാവരും പകച്ചു നില്ക്കെ ഈശി പാഞ്ഞു വരുന്നു.തക്കസമയത്ത് ശവം ഈശിയും മനീക്കും ചേർന്ന് പൊക്കിയെടുത്ത് താങ്ങിപ്പിടിക്കുന്നു. ചൌരോയും ലാസറും ചേർന്ന് പെട്ടി മേശയിൽ വച്ച് ശവം   പെട്ടിക്കുള്ളിലാക്കി വയ്ക്കുന്നു.

ചൌരോ
ഈ പെട്ടി ശരിയാകൂല്ലട്ടാ..ഇത് ലോനീട കടേന്ന്
തന്ന മേടിച്ചതല്ലേ ഈശി

ഈശി തലയാട്ടി.

ചൌരോ
സാധനം മോശമാണ്കേട്ടാ..നിന്നവൻ പറ്റിച്ചതാടാ..

ഇതു കേട്ടതും ശവത്തിന്റെ പിന്നാലെ നിസയുടെ ദേഹത്തു തളർന്ന മട്ടിൽ ചാഞ്ഞ് നടന്നു വന്നു കൊണ്ടിരുന്ന പെണ്ണമ്മ നിലവിളിപ്പാട്ടിനു തുടക്കമിട്ടു

പെണ്ണമ്മ
അപ്പന് നല്ലൊരു പെട്ടി മേടിക്കാന്പോലും നമ്മട
മോന്റ കൈയ്യീ കാശില്ലായിരുന്നു പൊന്നേ..

ഫ്ളാഷ് മിന്നുന്നു. ഈശി ദ്വേഷ്യത്തോടെ തള്ളയെ നോക്കിയ നേരത്തവന്റെ ഫോണടിച്ചു. അവൻ അതുമായി വീട്ടിനുള്ളിലേക്കു പോകുന്നു.ശവപ്പെട്ടി പ്രതിഷ്ഠിച്ചതിന്റെ പിന്നാലെ പെണ്ണമ്മ, സബേത്ത്, നിസ, തോത്തോ, കറുത്ത മോളി തുടങ്ങി പെണ്ണുങ്ങൾ മേശയ്ക്കിരുവശവുമിട്ട ബെഞ്ചുകളിൽ ഇരിപ്പുറപ്പിച്ചു.താഴെ കുടയിൽ വചിചിരുന്ന പൂക്കളെടുത്തു ശവപ്പെട്ടിയെ മോടിപിടിപ്പിക്കുന്ന കറുത്തമോളിയും സബേത്തും. ഫ്രഷ് ഫ്ളവറിന്റെ കിരീടം എടുത്ത് ചൌരോ ശവത്തിന്റെ തലക്കു ചുറ്റും വച്ച് സൌന്ദര്യം നോക്കുന്നു. പിന്നെയും ശവത്തിന് എന്തൊക്കെയോ മിനുക്കുപണികൾ ചെയ്തിട്ട് അയാൾ കടന്നുപോകുന്നു. പെണ്ണുങ്ങൾ നിലവിളി തുടരുന്നു. ഈ സമയത്ത് ഷേളിയും കൂടെ നീണ്ട തടിച്ച ഗർബാസീസ് ഡോക്ടറും വരുന്നു. അവർ ശവത്തിനരികിൽ കൈകൂപ്പി നില്ക്കുന്നു.പെണ്ണമ്മ വിലാപ ഗീതം തുടരുന്നു.ഫോട്ടോഗ്രാഫർ ഒരോ നിമിഷവും ക്യാമറയിലേക്കു പകർത്തുന്നു. കരയുന്നവരും അതേക്കുറിച്ച് ബോധവതികളാണ്.

പെണ്ണമ്മ
അപ്പാ..അപ്പന നോക്കീര്ന്ന ഗറുവാസ്ഡോക്ടറ് വന്നത് കണ്ടോപ്പാ..രാവിലേം വന്നു നോക്കിയട്ട് പോയേല്ലേള്ളൂ..ഇഞ്ഞിയെന്റാള രക്ഷിക്കാൻ പറ്റൂമാ ഡോക്ടറേ...

ഫോട്ടോഗ്രാഫർ പടമെടുക്കുന്നു.ഡോക്ടറും ഷേളിയും പിതാവിനും പുത്രനും കാണിച്ച് പതുക്കെ ദൃശ്യപഥത്തിൽ നിന്നകലുന്നു.

48A.EXT വാവച്ചന്റെ വീട് പകൽ

രണ്ട് ഒാട്ടോറിക്ഷകൾ വന്നു നില്ക്കുന്നു. അതിൽ നിന്നു വാവിട്ടു കരഞ്ഞുകൊണ്ട് ബാർബര 48 പാഞ്ഞു വരുന്നു. പിന്നാലെ പീയുസ് 19 കനത്ത മുഖവുമായി വരുന്നു. അടുത്ത ഒാട്ടോയിൽ നിന്ന് ബാർബരയുടെ തടിമാടന്മാരായ 2 ആങ്ങളമാർ ജെറമിയാസും 39 ഔദക്കുട്ടിയും 50 ഇറങ്ങുന്നു.അവർ മഴയത്ത് ചെറുതായി നനഞ്ഞ് പറമ്പിലേക്കു കയറുന്നു.

ബാർബര
എന്റ പൊന്നിനെന്തു പറ്റി ദൈവമേ..എന്റ ചങ്കിന കൊലക്കു കൊടുത്താ കർത്താവേ...

പീയുസ്
അമ്മിച്ചീ നിക്കവട..

ബാർബര മകന്റെ താക്കീതു കേൾക്കാതെ അകത്തേക്കു കൊടുങ്കാറ്റു പോലെ പായുന്നു. പിന്നാലെ മകനും ആങ്ങളമാരും

ചൌരോ അടക്കമുള്ള സംഘം കൌതുകത്തോടും ആസ്വാദ്യതയോടും ആകാംക്ഷയോടും കൂടി പരസ്പരം നോക്കി.

CUT TO

48B.INT വാവച്ചൻ വീട് പന്തൽ പകൽ

മരിച്ചു കിടത്തിയ വാവച്ചന്റെ നെഞ്ചിലേക്കു വീണു മുഖത്തും നെഞ്ചിലുമൊക്കെ ഉമ്മ വച്ചു വാവിട്ടു കരയുന്ന ബാർബരയെ കണ്ട് പെണ്ണമ്മയും സബേത്തും നിസയും നടുങ്ങി. പെണ്ണമ്മ ബാർബരയുടെ കൈകൾ വാവച്ചന്റെ ദേഹത്തു നിന്നു പിടിച്ചു മാറ്റി അലറി.ഫ്ളാഷ് മിന്നുന്നു.

പെണ്ണമ്മ
നീയാരാടി അറുവാണിച്ചീ.... ചത്ത് കെടക്കണ എന്റ ആന്പ്രന്നോന്റ നെഞ്ചത്തേക്കു മെക്കിട്ട്കേറണതെന്തിനാടീ ശവമേ.

ബാർബര
ഭ്ഫാ... തന്തയില്ലാത്ത
കഴ്വേർടമോളേ...അന്നംപുന്നാരോയ്ട്ട് ഞാൻ
ചങ്കീക്കൊണ്ടടന്ന എന്റ ആന്പ്രന്നോനാടീ
ഇത്..ചത്ത തടിപോല നടക്കണ നിന്ന ഇതിയാനു
വെറുപ്പായിര്ന്നു... അറിമാ....തൊടീക്കാണ്ട്
കൊണ്ടനടക്കേയിര്ന്നില്ലേ..നീയക്ക
പെണ്ണാണാടീ...കൊന്നു കളഞ്ഞില്ലേടീ നീ..

ബാർബര വാവച്ചനെ ചേർത്തു പിടിച്ച് വാവവിട്ടു കരയുന്നു.പെണ്ണമ്മയും സബേത്തും നിസയും പരസ്പരം നോക്കി. ഈ സമയത്ത് ബാർബര കരച്ചില്ല തുടങ്ങി. ഫോട്ടോഗ്രാഫർ തുടർച്ചയായി ഫോട്ടോ എടുത്തുകൊണ്ടിരിക്കുന്നു.

ബാർബര
പോകണ്ടാ പോകണ്ടാന്ന് ഞാനന്നിന്നലേംകൂടി
പറഞ്ഞതല്ലേ എന്റ പൊന്നേ...ഇവക്കടേക്ക
കൈയ്യീക്കെടന്നു ചാകാനാണാ ഇങ്ങാട്ട്
വന്നത്..എന്റ പൊന്നേ..

ആ നിലവിളിയുടെ ഊക്കിൽ മനീക്ക് ചൌരോ അടക്കമുള്ള നാട്ടുകാരെല്ലാം കൂടി നിന്നു. പുറത്ത് മഴ പിന്നെയും കനത്തു. ടാർപ്പായക്കു കീഴിലിടം തേടിയ ആൽബിയും സംഘവും ബാന്റമേളം തുടരുന്നു.ഈ സാഹചര്യത്തിൽ ദയനീയമായ ആ പ്രകടനം അസ്വാസ്ഥ്യം ഇരട്ടിപ്പിക്കുന്നുണ്ട്.ക്ളാരനെറ്റിൽ നിന്നു വരുന്ന സ്വരം വളരെ ദയനീയവും പരിഹാസ്യവുമാണ്.ആളുകൾ തെല്ല് പരിഹാസത്തോടെ അതു കാണുന്നു.പെണ്ണമ്മ ബാർബരയെ തള്ളി നീക്കുന്നു.

പെണ്ണമ്മ
മാറിനിക്കടീ..തൊട്ടുപോകരുതെന്റാന്പ്രന്നോന്റ
മേത്ത്..

ബാർബര
നീ പോടി പരനാറി..ഇതെന്റ സ്വന്തം ചങ്കാണ്
അറിയാമാ..നീയക്കക്കൂടി
കൊന്നുകളഞ്ഞതല്ലേടീ..പണ്ടാരക്കാലത്തീ..

നിലവിട്ടു പോയ പെണ്ണമ്മ നിലവിളിച്ച് അലറുന്നു.

പെണ്ണമ്മ
മോനേ ഈശി ഓ◌ാടി വാടാ... നമ്മടപ്പന
തട്ടിക്കൊണ്ടോകാൻ വന്നേക്കണടാ..മോനേ..

48C.INT വാവച്ചന്റെ വീട്, അടുക്കള പകൽ

കലത്തിൽ നിന്ന് വെള്ളം കുടിക്കാനായി എടുക്കുന്ന ഈശി. ആ നേരത്താണ് പുറത്തു നിന്ന് പെണ്ണമ്മയുടെ അലർച്ച കേട്ടത്.അവൻ കലം താഴെ വച്ചു. പുറത്തേയ്ക്കിറങ്ങുമ്പോൾ വീണ്ടും ഫോൺ അടിച്ചു. അവനതു അറ്റന്റ് ചെയ്യുന്നു.

ഈശി
ആരാണിത്..

പ്രദീപ് (ഫോണിൽ )
എന്തു പരിപാടിയാടാപ്പാ മരിച്ചറീപ്പടിക്കാന്പറഞ്ഞിട്ട്
ആള മക്കാറാക്കേണാ..

ഈശി
വച്ചട്ട് പോടാ പന്നീ..

ഈശി ഫോൺ കീശയിലിട്ട് പുറത്തേക്ക് നടക്കുന്നു.

CUT TO

48D. INT വാവച്ചന്റെ വീട് പന്തൽ

ബാർബര പെണ്ണമ്മയുടെ തള്ളിനെ മറികടന്ന് വാവച്ചന്റെ മുഖം തലോടുന്നു. അവൾ തലയിലെ മുറിവ് കാണുന്നു. ബാർബര അലറുന്നു.

ബാർബര
ഔദക്കുട്ടിച്ചേട്ടാ ജെറമിയാസ് ചേട്ടാ ഓടി
വായേ..എന്റ പൊന്നിന തലക്കടിച്ചാണ്
കൊന്നിട്ടേക്കണത്..ഓടിവായോ..

ഔദക്കുട്ടിയും ജെറമിയാസും പീയുസും കൂടി അടുത്തേക്കു വരുന്നു അവരും പരിശോധിക്കുന്നു.ഈ സമയത്ത് ആളുകളെ തള്ളിമാറ്റി ഈശി കടന്നു വരുന്നു

ഈശി
എന്താണ്..ആരാണ് എന്താണ് വേണ്ടത്..

പെണ്ണമ്മ
മോനേ നമ്മടപ്പന തട്ടിയെട്ക്കാൻ വന്നേക്കേണ്
മോനേ ഈ ചവത്താലി മോറി..പിടിച്ച് മാറ്റടാ
അവളേക്കു..

ഈശിക്കു കാര്യമെല്ലാം കൈവിട്ടുവെന്നു ബോധ്യപ്പെട്ടു.ബാർബര സർവ്വശേഷിയുമെടുത്തു വാവിട്ടു കരഞ്ഞു.

ബാർബര
ദുഷ്ടാ എന്തിനാടാ നീയക്കുട്ടി
കൊന്നുകളഞ്ഞത്..

ഈശിയുടെ സമനില തെറ്റി. അവനെ പിടിച്ചുമാറ്റാൻ വന്നവരെ തള്ളി നീക്കിക്കൊണ്ടവൻ മുന്നോട്ടു കയറി വന്നു

ഈശി
എറങ്ങിപ്പോടീ പുല്ലേ..എന്റപ്പന തൊട്ടാല്
വെട്ടിയറുക്കും ഞാൻ

ഈശി മുന്നോട്ടു നീങ്ങിയപ്പോൾ പിന്നില്നു നിന്ന് പീയൂസ് ചാടിവീണു.

പീയുസ്
അതേയ്..ഇതെന്റപ്പനമമ്മേമാണ് തൊട്ടാ നിന്ന
ഞാൻ കൊല്ലും.

ഈശി അവനെ തല്ലാൻ മുന്നോട്ടു ചെന്നതും ഔതക്കുട്ടിയും ജെറമിയാസും വട്ടം നിന്നു.ഫ്ളാഷ് മിന്നുന്നു.

ജെറമിയാസ്
കാര്യം നിങ്ങട വീടായിരിക്കും..ചത്ത് കെടക്കണൊള്
ഇവിരിടേം കൂടീയാണ്..എടങ്ങേറണ്ടാക്ക്യാ പണ്ടം
പൊറത്തിട്ടട്ടേ എറങ്ങോള്ളൂ..

മുന്നോട്ടു കുതിച്ച ഈശിയെ അയ്യപ്പനും പാഞ്ചിയും മനീക്കും ചേർന്നു തടുത്തു പുറത്തേക്കു മാറ്റുന്നു.

അയ്യപ്പൻ

ഈശി വേണ്ട ഒടക്കണ്ട..നമ്മക്ക് പറഞ്ഞ്
തീർക്കാടാ..

ഈശിയെ പന്തലിന്റെ അതിരിലേക്കവർ കൊണ്ടു പോകുന്നു.അയ്യപ്പനവനെ വട്ടം പിടിച്ചിരിക്കുകയാണ്. മഴ അതിശക്തമായി പെയ്യുന്നുണ്ട്.ഈ സമയത്ത് നാട്ടുകാരുടെ പിന്തുണയ്ക്കു വേണ്ടി കൂടി നില്ക്കുന്നവരെ നോക്കി ഔദക്കുട്ടി പ്രഖ്യാപിച്ചു

ഔദക്കുട്ടി
അതേ..നാട്ടുകാരറിഞ്ഞോട്ടാ..വാവച്ചനെ
കൊന്നതാണ്..അയാക്കട തല അടിച്ചു
പൊളിച്ചിട്ടേക്കേണ്..

എല്ലാവരും നടുങ്ങി നില്ക്കെ വാവിട്ട് നെഞ്ചത്തടിച്ചു കരഞ്ഞുകൊണ്ട് ബാർബര പാഞ്ഞു വരുന്നു.

ബാർബര
നിങ്ങള് കണ്ടില്ലേ നാട്ടാരേ..എന്റെ പൊന്നിനെ ഈ
ദുഷ്ടമ്മാര് കൊന്നു കളഞ്ഞത് കണ്ടില്ലേ..

പെണ്ണമ്മയ്ക്കതു കേട്ടിട്ട് ദ്വേഷ്യം സഹിക്കാനായില്ല.

പെണ്ണമ്മ
ഇവള് പറതേ്തവ്ടിച്ചിയാടാ..മ്വാനേ ഈശി ഈ
തെണ്ടിച്ചീനെ അടിച്ചു പൊറത്തു കളേടാ..

എവിടെ നിന്നല്ലാതെ ഈശി പാഞ്ഞടുത്തു. ആ സമയത്ത് ബാർബര അലറിക്കരഞ്ഞു

ബാർബര
ദേ ഇവനാണ് എന്റെ കൊച്ചിന്റപ്പനെ
കൊന്നത്..പറേടാ..നീയല്ലേടാ നാറീ..

ഈശി
എറങ്ങടി പൊറത്ത്...അല്ലേ കൊന്നു
പള്ളേത്തള്ളും ഞാൻ

ബാർബരയെ വലിച്ചിഴച്ചു പുറത്തേക്കു നയിക്കുന്ന ഈശി. പിന്നാലെ പാഞ്ഞടുക്കുന്ന ജെറമിയാസ്, പിയുസ് ഔദക്കുട്ടി എന്നിവർ . അവർ കൂട്ടയടി തുടങ്ങിയ നേരത്താണ് കുടയും ചൂടി വികാരിയും കപ്യാരും കൂടി എത്തിയത്.

വികാരി
എന്തോടാ ഇവട നടക്കണത്..ഇത് മരിച്ചവീടാണൊ
അതോ ചന്തേണാ..

പാതിരിയുടെ സ്വരം കേട്ട് എല്ലാവരും ഒന്നു ചൂളി പിന്മാറി. പെട്ടെന്ന് ബാർബര വാവിട്ടു കരഞ്ഞ് അച്ചന്റെ കാലക്കലേക്കു വീണു.

ബാർബര
അച്ചോ..എന്നെ പൊന്നുപോലെ നോക്കീർന്ന
മനിഷ്യനെ കൊന്നു കളഞ്ഞച്ചോ....

വികാരി അന്തം വിട്ടു നോക്കി നില്ക്കെ ഔദക്കുട്ടിയും ജെറമിയാസും മുന്നോട്ടു വന്നു.

ഔദക്കുട്ടി
അതേച്ചോ...കൊന്നതാണ്, ആ മനിഷ്യന്റെ
തല വെട്ടിപ്പൊളിച്ചിട്ടേക്കേണ്

വികാരി
നിങ്ങാരാണ്ന്ന് മനസ്സിലായില്ലല്ലാ..

ജെറമിയാസ്
ഞങ്ങ പട്ടാണിത്തുരത്തുകാരാണച്ചോ..ഞങ്ങട
പെങ്ങള് വാർവരേട കെട്ടിയോനാണീ
ചത്തുകെടക്കണെ വാവച്ചൻ ..ദേ ഈ നിക്കണെ
പീയുസാണ് മോൻ

ബാർബര
ഇന്നല ഒരു കൊഴപ്പ്പോമില്ലാണ്ട്
വീട്ടീന്നിറങ്ങിപ്പോയ മനിഷേനേണച്ചാ
കൊന്നിട്ടേക്കണത്

ഈശി ദേഷ്യം സഹിക്ക വയ്യാതെ മുന്നോട്ടു വന്നു

ഈശി
എങ്ങാണ്ടും കെടക്കണ തേവിടിച്ചികള് പറേണതച്ചൻ
കേക്കണ്ട കാര്യമില്ലട്ടാ..എവറ്റകള ഞാനിപ്പ
അടിച്ച് പൊറത്ത് കളയും..

ഈശി കൈ തെറുത്തു കേറ്റി ബാർബരയെ വലിച്ചിഴക്കുന്നതു കണ്ട് വികാരി തടഞ്ഞു

വികാരി
നിർത്തടാ..പെണ്ണുങ്ങടട്ത്താണാടാ മെക്കിട്ട്
കേറണത്..

ഈശി
ഈശി ഈ ശവത്താലിമോറി പറേണതച്ചൻ
കേട്ടതല്ലേ..

വികാരി
സൂക്ഷിച്ച് സംസാരിക്കടാ..

ഈശി
എനിക്കൊരു പുല്ലും നോക്കാനില്ല..ചത്ത്
കെടക്കണ അപ്പന വീതം വെക്കാൻ ഞാൻ
സമ്മതിക്കേല..

ബാർബര
ഈ മനിഷ്യനെങ്ങനേടാ ചത്തത്..നീ
കൊന്നതല്ലേടാ..

ഈശി അവൾക്കു നേരെ കൈയ്യുയർത്തി പാഞ്ഞടുത്തു.

ഈശി
നിന്നയാടീ ഞാങ്കൊല്ലാന്പോണത്..

വികാരി മുന്നോട്ടു നീങ്ങി അവനെ തടുത്തു ദേഷ്യം കൊണ്ട് ഭ്രാന്തെടുത്ത ഈശി അച്ചനെ തള്ളിത്തെറിപ്പിച്ചു. അച്ചൻ ഉരുണ്ടു വീണു. ബാർബര ഇറങ്ങിയോടി. ജെറമിയാസ് വന്നു ഈശിയുടെ കുത്തിനു പിടിച്ചു നിർത്തി.നാട്ടുകാരിടപെടുന്നു. എല്ലാവരും കൂടി അവരെ പിടിച്ചു മാറ്റുന്നു.ഫോട്ടോഗ്രാഫർ പടമെടുപ്പു തുടരുന്നു. വികാരിയെ താങ്ങിപ്പിടിച്ച്ചെണീപ്പിക്കുന്നു കപ്യാരും ലാസറും.അച്ചൻ കനത്ത മുഖത്തോടെ നേരെ ശവത്തിന്റടുത്തേക്കു ചെന്നു. അച്ചനെ കണ്ടതും പെണ്ണമ്മയും കുട്ടരും വാവിട്ടു കരയാൻ തുടങ്ങി

വികാരി

മുണ്ടാണ്ടിരിയടീ..

അച്ചന്റെ മുഖത്തെ ദ്വേഷ്യം കണ്ടവർ നിശ്ശബ്ദരായി. വാവച്ചന്റെ താടിക്കെട്ട് സൂക്ഷിച്ചു നോക്കുന്ന വികാരി.

വികാരി
ആ താടിക്കെട്ടഴിക്ക്..

ആരും അനങ്ങിയില്ല.

വികാരി
അഴിക്കാനാണ് പറഞ്ഞത്..

മനീക്ക് മുന്നോട്ടു വന്ന് വാവച്ചന്റെ താടിക്കെട്ടഴിക്കുന്നു. വായ് തുറന്നു വന്നുവെന്നു മാത്രമല്ല തലയിലെ മുറിവു വെളിപ്പെടുകയും ചെയ്തു.

വികാരി
ഇതിങ്ങന കുഴിച്ചിടാന്പറ്റല്ല..പോലീസിന
വിളിക്ക്. പോസ്റ്റ് മോട്ടം നടത്തണം..

അയ്യപ്പൻ ഈശിയേയും കൂട്ടി മുന്നോട്ടു വന്ന് യാചനയോടെ

അയ്യപ്പൻ
അച്ചാ..അത് കള്ളു കുടിച്ച് വീണട്ട്ണ്ടായ
മുറിവാണ്..

വികാരി
തെളീക്കാന്പറ്വോ...പിന്നക്കേസു വന്നാ മെംബറ്
കൂട്ടിയാ കൂടൂല്ല..ഇവട പരാതിക്കാരെണ്ട്..

ഈശി
ആരിക്കാണ് പരാതി..ഈ വന്ന വെടിക്കാളി
പറേണേം കേട്ട് എന്റപ്പന
വെട്ടിമുറിക്കാന്പോകേണ്ടാ..നടക്കൂല്ലച്ചാ..

വികാരി
എങ്കി ഇതിവിടിരിക്കും..പള്ളീക്കുഴിച്ചിടൂല്ല..

അതോടെ ഈശിയുടെ പിടിവിട്ടുപോയി.

ഈശി
ചിംത്തേരി തന്റ
കുടുമസൊത്തൊന്നുമല്ലല്ലാ..ഞങ്ങ കുഴിച്ചിടും

വികാരി
നീ വിചാരിച്ചാ പള്ളീലൊരു പുല്ലും നടക്കൂല്ലടാ..

കേട്ടപാടെ അച്ചന്റെ കരണക്കുറ്റിക്കിട്ട് ആഞ്ഞൊരടി കൊടുക്കുന്ന ഈശി.ഫ്ളാഷ് മിന്നുന്നു.

വികാരി
നീ പള്ളിവികാരീന തല്ലിയല്ലേ..ഇനിയീ ശവം
പള്ളിസെമിത്തേരീ കുഴിച്ചിടണോങ്കി ഞാൻ വേറെ
ജനിക്കണം..കപ്യാരേ എറങ്ങ്..

പാഞ്ഞു പോകുന്ന പാതിരിയുടെയും കപ്യാരുടേയും പിന്നാലെ ഒ◌ാടുന്ന അയ്യപ്പനും

മനീക്കും. അതു കണ്ട് ഉല്ലാസത്തിലൊരു ചിരി പാസ്സാക്കുന്ന ചൌരോ.ബാന്റ് മേളം അതിഗംഭീരമായി നടക്കുന്നു. നടന്നതൊന്നുമറിയാതെ തകർക്കുകയാണ് ആൽബി.

CUT TO

49.EXT പള്ളി പകൽ

മഴ. പുറത്ത് കുടയും ചൂടി കാത്തു നില്ക്കുന്ന 2 യുവാക്കൾ . കപ്യാരും വികാരിയും കൂടി വരുന്നു.വികാരി ഫോണിലാണ്.

വികാരി
മാത്തൻ സാറേ പള്ളിവികാരി പാറപ്പുറത്ത്
സക്കറിയാസാണ്...

സി.ഐ. (ഫോണിൽ )
അയ്യോ അച്ചാ പോകാന്പറ്റീല്ല
തെരക്കായിപ്പോയി..

വികാരി
ങ്ഹാ ഇഞ്ഞിപ്പോകണ്ട..സംഗതി മൊത്തം
കൊളമായട്ടാ..എല്ലാം സാറിന്റെ കൊഴപ്പം
കൊണ്ടാണ്..ഇന്നല രാത്രി തന്ന പോയേച്ചെങ്കി
ഇങ്ങനൊന്നുമൊണ്ടാകുല്ലായിരുന്നു..ഇനീപ്പ
വരണതെല്ലാം സാറ് തന്നെ അനുഭവിച്ചോട്ടാ..

സി.ഐ. (ഫോണിൽ )
അല്ലച്ചോ ഇപ്പെന്താണെണ്ടായത്..

വികാരി
ചെന്ന് നോക്ക്..അല്ല പിന്ന..

വികാരി ഫോൺ കട്ടു ചെയ്യുന്നു. കൂടി നില്ക്കുന്നവരുടെ അരികിലേക്കെത്തുന്നു

കപ്യാർ
കുഴിവെട്ടി സൈമണ്ചേട്ടന്റെ മോനാണ് സേവി

വികാരി
ഉം...

സേവി
അപ്പന്റെ ശവടക്കണ കാരിയം പറയാനാണ്..

വികാരി
നാലു മണിക്ക് വച്ചോ..

കപ്യാർ
അച്ചോ അപ്പ വാവച്ചന്റെ..

വികാരി രൂക്ഷമായി നോക്കി. ഭയന്ന് കപ്യാർ പിന്നോക്കം മാറി.അച്ചൻ പള്ളിയ്ക്കകത്തേക്കു നടന്നു.

കപ്യാര്
അച്ചോ..സൈമണ്ചേട്ടന്റെ ശവം....വേറ
കുഴിയെടുക്കട്ടേ..

വികാരി

വേണ്ട..അയാള് കുഴിച്ച കുഴീലേക്ക് തന്ന പോട്ടേ..

അതിന്റെ കൌതുകം കപ്യാരുടെ മുഖത്ത് ചിരി പടർത്തി.മഴ കനക്കുന്നു. ചൂടിയകുടയുമായി കപ്യാർ തിരക്കിട്ടു നടന്നു.

CUT TO

50.EXT കടപ്പുറം പകൽ

കടൽ ആർത്തലറുന്നു. വള്ളപ്പുരയിൽ വൃദ്ധനും മദ്ധ്യവയസ്കനും ചീട്ടു കളി തുടരുകയാണ്.മഴ അകത്തേക്കും പെയ്യുന്നു. കടലിലെ കലക്കം നോക്കിയ

മദ്ധ്യവയസ്കൻ
മൊത്തം കലങ്ങിയല്ലാ...

വൃദ്ധൻ
കലങ്ങട്ടേന്ന്...കലങ്ങും തെളിയും പിന്നേം കലങ്ങും..പിന്നേം...

ഒരു ചീട്ടിട്ട് ഭീഷണിയോടെ കിഴവനെ നോക്കുന്ന മദ്ധ്യവയസ്കൻ . കിഴവൻ പുഞ്ചിരിയോടെ മറ്റൊരു ചീട്ടിടുന്നു.

മദ്ധ്യവയസ്കൻ
ശ്ശേ..

പട്ടി അനക്കമില്ലാതെ കിടക്കുകയാണ്. ഈച്ചയും മറ്റും പാറുന്ന ഒച്ച

CUT TO

51.INT പള്ളി മേട സായാഹ്നം

അയ്യപ്പൻ ,മനീക്ക്, ലാസർ തുടങ്ങിയവർ വികാരിയച്ചന്റെ മുന്നിൽ .അച്ചൻ കട്ടം ചായ ഊതിയാറ്റിക്കുടിക്കുന്നു. പുറത്ത് കോരിച്ചൊരിയുന്ന മഴ.

വികാരി
നിങ്ങ നിന്നട്ടൊരു കാര്യോമില്ല..ഇനിയിപ്പ മാർപ്പാപ്പ വന്നു പറഞ്ഞാപ്പോലും വാവച്ചന്റെ ശവം ഈ സിമിത്തേരീലടക്കണ പ്രശ്നമില്ല..മക്കള് പോ...

കപ്യാരു വന്ന് തല ചൊറുകി നിന്നിട്ടു പറഞ്ഞു

കപ്യാർ
സൈമഞ്ചേട്ടന്റെ ശവമെട്ക്കാൻ നേരമായച്ചോ..

വികാരിയച്ചൻ എണീറ്റു. അയ്യപ്പനും സംഘവും ഒപ്പം കൂടുന്നു.

വികാരി
അയ്യപ്പാ..എന്ന ചൂടുകേറ്റണ്ടട്ടാ. സിഐ മാത്തന വിളിച്ചു പറയഞ്ഞു കഴിഞ്ഞു..അധികം മൂച്ചെടുത്താ കമ്മീഷണറേം വിളിക്കും ഞാൻ ...പിന്നെന്താണെണ്ടാകാന്പോണേന്നറിയാല്ലാ..

കൂടുതലൊന്നും പറയാതെ അച്ചൻ തിരക്കിട്ടിറങ്ങി. അയ്യപ്പൻ തലമുടി പിച്ചിപ്പറിക്കുന്നു.

ലാസർ
ഇഞ്ഞിയിപ്പ ഒരു കാര്യ ചെയ്യാനൊള്ള്.നേരെ
സിഐെയുട കാലുമ്മലോട്ട് ഒറ്റ വീഴല്...

അയ്യപ്പൻ ആലോചനയിൽ

CUT TO

52.INT പോലീസ് സ്റ്റേഷൻ പകൽ

ചെറിയ ഹാളിൽ കസേരകളടുപ്പിച്ചിട്ട് സ്റ്റാഫും പോലീസുകാരും ഇരിക്കുന്നു. വേദിയിൽ നിന്നു പ്രസംഗിക്കുന്ന സിഐയിൽ നിന്നു ദൃശ്യമാരംഭിക്കുന്നു. അരികിൽ ബൊക്കെ പിടിച്ച് പെൻഷനാകുന്ന റൈട്ടർ ഇരിക്കുന്നു. യാത്രയയപ്പു യോഗത്തിൽ സംസാരിക്കുന്ന സി ഐ മാത്തൻ

സിഐ.
ഒരു ജീവനക്കാരനല്ല ഇവിടന്നു പോകുന്നത്..ഈ
സ്റ്റേഷന്റെ തലച്ചോറാണ്..ഇത്രയും പഴുതടച്ച്
എഫ്ഐആറെഴുതണ ഉദ്യോഗസ്ഥനെ എന്റിത്രേം
കാലത്തെ സർവ്വീസിനിടേല് ഞാൻ
കണ്ടിട്ടില്ല..രാജപ്പൻ സാറേ, നിങ്ങളിവടന്നു
പോയാല് കുറേ കേസില് സർക്കാര് തോക്കും
അതുറപ്പാണ്..

ഈ നേരത്ത് മഴ നനഞ്ഞ് കുളിച്ച് അയ്യപ്പൻ പ്രത്യക്ഷപ്പെട്ടു.

സി.ഐ.
നമ്മുട പ്രീയങ്കരനായ മെംബറ് കൃത്യ സമേത്ത്
തന്നെ എത്തി..അദ്ദേഹത്തിനും രാജപ്പൻ
സാറിനേക്കുറിച്ച് രണ്ടു വാക്കു പറയാനുണ്ടാകും..

അയ്യപ്പൻ സിഐയുടെ അരികിലേക്കു ചെന്ന് കാതിൽ രഹസ്യമായി പറഞ്ഞു

അയ്യപ്പൻ
സാറേ ഒരു മരണത്തിന്റെടേലാണ് ഞാൻ ഒന്നു
വന്നേ..

സി.ഐ.
ഒരു നിമിഷം

സി.ഐ അയ്യപ്പനേയും കൂട്ടി മാറി നില്ക്കുന്നു. അവർ സ്വരം താഴ്ത്തി സംസാരിക്കുന്നു.

അയ്യപ്പൻ
വാവച്ചനാശാൻ മരിച്ചതറിഞ്ഞല്ലാ. കുടിച്ച് വീണ്
തലേല് മുറിവെണ്ടായോണ്ട് അച്ചനും രണ്ടാംഭാര്യേം
ഇത്തിരി ഒടക്കിലാണ്..സാറൊന്ന് എടപെട്ട്
ശരിയാക്കിത്തരണം

സി.ഐ.
അതക്ക അച്ചൻ പറഞ്ഞട്ട്ണ്ട്...എന്തായാലും താനീ
യോഗത്തില് രണ്ട് വാക്ക് പറ എന്നട്ട് ബാക്കി
കാര്യം..

അയ്യപ്പൻ മനസ്സില്ലാ മനസ്സോടെ നില്ക്കുന്നതു കണ്ട് സി. ഐ മുഖം കറുപ്പിച്ചു.

സി.ഐ.
പറ്റങ്കി ചെയ്യ്..അല്ലേപ്പിന്ന ശവടക്ക്
നീളം..മൊത്തം കൊളമാകും...

അയ്യപ്പൻ
വേണ്ട ഞാൻ പ്രസംഗിച്ചോളാം..

സി ഐ അയ്യപ്പനെ പ്രസംഗിക്കാനായി തള്ളിവിടുന്നു. അയ്യപ്പൻ പെൻഷനാകാന്പോകുന്ന റൈട്ടറെ ഒന്നു നോക്കി. പിന്നെ കൂടിയിരിക്കുന്ന ആളുകളേയും.

അയ്യപ്പൻ
രാജപ്പൻ സാറേ..പ്രിയമുള്ളവരേ...ഞാനിപ്പ..

അയ്യപ്പന് പറയാൻ വാക്കുകൾ കിട്ടുന്നില്ല. അയാളുടെ കണ്ണുകൾ നിറഞ്ഞു പോയി. അതു കാണുന്ന പെൻഷനാകുന്ന രാജപ്പൻസാർ അയ്യപ്പനെ തട്ടി ആശ്വസിപ്പിച്ചു.

രാജപ്പൻ
വെഷമിക്കണ്ട മെംബറേ പെൻഷനായാലും
ഞാനിവടേക്കത്തന്നേണ്ടാകുന്നേ..

അയ്യപ്പൻ
എല്ലാരും പോകും ഒരുദിസം..അപ്പ നമ്മേക്കക്കൂടി
യാത്രേപ്പ് കൊടുക്കും..അതെങ്കിലും
ചെയ്യണ്ടേ....അല്ലങ്കിപ്പിന്ന നമ്മേക്ക
മനിഷ്യമ്മാരാണാ..അതും
കൂടിക്കൊടുക്കാന്പറ്റീല്ലങ്കി....വാക്കൊന്നും
കിട്ടണില്ല..

കണ്ണു തുടക്കുന്ന മെംബർ അയ്യപ്പൻ പുറത്തെ മഴയിലേക്കു നോക്കുന്നു.

CUT TO

53.EXT വാവച്ചൻ വീട് പകൽ

കോരിച്ചൊരിയുന്ന മഴ. മണ്ണിൽ വെള്ളം തളം കെട്ടാൻ തുടങ്ങി. ശവം ഏറെക്കുറെ അനാഥമാണ്. പന്തല് നന്നായി ചോരുന്നുണ്ട്. ശവം നനഞ്ഞു കുതിർന്നു. ഈശി ഈർഷ്യയോടെ തോർത്തു കൊണ്ട് ശവം തുടക്കുന്നു. മനീക്ക്, ചൌരോ,തേത്തോ, കറുത്തമോളി,ശിവനപ്പൻ തുടങ്ങിയ അയലത്തുകാരെല്ലാം തെല്ലു ഭയത്തോടെ മഴ നോക്കി നിൽക്കുന്നു.ശിവനപ്പന്റെ നോട്ടം നിസയിലാണ്.

ഭ്രാന്തു പിടിച്ചതു പോലെ സ്വയം സംസാരിക്കുന്ന ഈശി

ഈശി
പണ്ടാറംപിടിക്കാൻ ...

മഴയെ തോല്പിക്കാൻ കൂടുതലുച്ചത്തിൽ ബാന്റ് വായിക്കുന്ന ആൽബി. അത് കൂടിനില്ക്കുന്നവരിൽ കൂടുതൽ ഈർഷ്യയുണ്ടാക്കുന്നുണ്ട്.

ചൌരോ
ഈ കാലമാടനിതൊന്നു നിർത്താന്പാടില്ലേ..

പെട്ടെന്ന് വീശിയടിച്ച കാറ്റിൽ പന്തലിടിഞ്ഞു പാതിയും നിലം പൊത്തി. വാവച്ചന്റെ ജഡം പൂർണ്ണമായും നനഞ്ഞു കുളിച്ചു.പെണ്ണമ്മ നിസ സബേത്ത്

തേത്തോ തുടങ്ങിയ പെണ്ണുങ്ങളുതു കണ്ടു പേടിച്ചു നിലവിളിച്ചു. പന്തലിൽ മാറിനില്ക്കുന്ന ബാർബര നെഞ്ചിലിടിച്ച് കരയാൻ തുടങ്ങി. മനിക്ക്, ശിവനപ്പൻ തുടങ്ങിയവർ ചേർന്ന് പന്തല് പൊക്കിക്കെട്ടാൻ തുടങ്ങി. ഈശി ശവം നനയാതിരിക്കാനായി കരഞ്ഞുകൊണ്ടു തന്നെ ടാർപ്പായ വലിച്ചു പിടിക്കുന്നു.വെള്ളക്കെട്ട് കാല്പാദം കവിഞ്ഞും ഉയരുകയാണ്. ആ നേരത്ത് ഈശിയുടെ കൈവിട്ട് ടർപ്പായയിലെ വെള്ളം വാവച്ചന്റെ ദേഹത്തേക്കു വീണു. ബാർബര ഒാടിയടുക്കുന്നു.

ബാർബര
എന്റ പൊന്നിന കെടത്തിയേക്കണ കണ്ടാ കർത്താവേ..

ഒാടി ശവത്തിലേക്കു വീഴാനൊരുന്പെട്ട ബാർബരയ്ക്കു നേരെ തല്ലാനായി കൈ പൊക്കി അലറുന്ന ഈശി

ഈശി
തന്തയില്ലാത്ത നായിന്റമോളേ..എറങ്ങിപ്പോടീ ഇവടന്ന്..

പാഞ്ഞടുത്ത നാട്ടുകാർ ഈശിയെ വട്ടം പിടിച്ചതും ടർപ്പായ മുഴവനായി വാവച്ചന്റെ ദേഹത്തേക്കു വീണു ശവത്തെ മറച്ചുകളയുന്നു.

CUT TO

54.INT സെമിത്തേരി  പകൽ

മഴ. കുഴിവെട്ടി സൈമന്റെ സംസ്കാരം നടക്കുന്നു. കപ്യാർ വികാരിയച്ചനെ കുട ചൂടിച്ചിരിക്കുന്നു.അന്ത്യ വാഴ്വ് കഴിഞ്ഞതും കുഴിവെട്ടി വെട്ടിയ കുഴിയിലേക്ക് ശവം കയറുകെട്ടി ഇറക്കുന്നു.വെള്ളം വന്നു മൂടുന്നു.അച്ചൻ കടന്നു പോയി

കപ്യാർ
പെട്ടെന്ന് മണ്ണ് വെട്ടീട് അല്ലേല് വെള്ളം നെറയും കേട്ടാ

കൂലിപ്പണിക്കാരൻ പാടുപെട്ട് മണ്ണു വെട്ടിക്കൊണ്ടിരിക്കുന്നു.പക്ഷെ വെള്ളം ശമിക്കുന്നില്ല.

ഒരാൾ
എത്രപേര കുഴിവെട്ടി മണ്ണിട്ടു മൂടിയ മനിഷ്യേനാണ്..അങ്ങേരട കുഴീലപ്പടി വെള്ളോം

മറ്റൊരാൾ
വിധി..

നിമിഷം കൊണ്ട് എല്ലാ കുടകളും ഒഴിഞ്ഞു പോകുന്നു. ഒരു കൂലിപ്പണിക്കാരൻ മാത്രം നിന്ന് കുന്താലി കൊണ്ട് കുഴി മുടുന്നു. മഴ ശക്തമായി അയാളെ മറച്ചു കളയുന്നു.

CUT TO

55.EXT പോലീസ് സ്റ്റേഷൻ പകൽ

പുറത്തേയ്ക്കിറങ്ങുന്ന അയ്യപ്പന്റെ പിന്നാലെ വരുന്ന സിഐ

സി.ഐ.
മെംബറ് മരിച്ച വീട്ടീലേക്കല്ലേ..മഴേത്ത് പോണ്ട

ഞാൻ വണ്ടീലാക്കിത്തരാം..

അയ്യപ്പൻ
അതു വേണ്ട..ഞാന്‍പൊക്കോളാം സാറേ..

സി.ഐ.
വികാരിയച്ചൻ ഇന്നല മൊതല് പറേണേണ്
എന്തായാലും ഒന്നു കണ്ടുകളയാം..എന്താ..

അയ്യപ്പൻ
അത് വേണോ..

സി.ഐ.
വേണം..താനിങ്ങു വാടോ..

അയ്യപ്പനെ തോളിൽ പിടിച്ച് മുന്നില്ല വന്നു നിന്ന പോലീസു വണ്ടിയിലേക്കു കയറ്റുന്ന സിഐ. വണ്ടി പുറത്തേക്ക് മഴയിലൂടെ പായുന്നു.

CUT TO

56.EXT വാവച്ചന്‌റെ വീട് പകൽ

മഴ കനത്തതോടെ പന്തൽ തീർത്തും കൈവിട്ടുപോയി. ശവത്തിന്‌റെ മേൽ വെള്ളം വീഴാതെ കഷ്ടി താങ്ങിപ്പിടിച്ചിരിക്കുകയാണ് ഈശി.ആൽബിയും സംഘവും നനഞ്ഞു കുളിച്ചു ബാന്റു കൊട്ടു തുടരുന്നതു കണ്ട് ഭ്രാന്തു പിടിച്ച ഈശി അലറി

ഈശി
ആൽബീ ആ പണ്ടാറം ഒന്നു നിർത്തടാ..

വിശ്വസിക്കാനാകാതെ ആൽബി തന്‌റെ സംഘത്തെ നോക്കി. എല്ലാവരും നനഞ്ഞ കോഴികളേപ്പോലെ ദയനീയാവസ്ഥയിലാണ്. പന്തലിടിഞ്ഞപ്പോൾ വരാന്തയിലേക്കു കയറിയ ആളുകൾക്കിടയിൽ നിന്ന് ചൌരോ പരിഹാസത്തോടെ ചിരിക്കുന്നത് ആൽബി കണ്ടു.ആൽബി വേദനയോടെ നിസയെ നോക്കി. മരവിച്ചിരിക്കുന്ന അവളും ആ നോട്ടം കണ്ടു. ആൽബി തന്‌റെ സംഘത്തെ ആ മഴയത്തു തന്നെ പുറത്തേക്കു നയിക്കുന്നു.ടർപ്പായ കൈകൊണ്ടു പിടിച്ച് ക്ഷീണിച്ച ഈശിയെ സഹായിക്കാൻ മനീക്ക് വന്നു. ആശ്വാസത്തോടെ അയാളെ നോക്കുന്ന ഈശി.

മനീക്ക്
ഇനിയെന്താണ് ചെയ്യണേടാ...പള്ളീ കുഴിച്ചിടല്
നടക്കുല്ല..അച്ചൻ വാശീലാണ്

മറുപടി പറയാതെ തകർന്ന മനസ്സോടെ മഴയത്തേക്കു നടക്കുന്ന ഈശി. ആനേരത്താണ് അയാളുടെ മുന്നിലേക്ക് പോലീസ് ജീപ്പു വന്നതും അതിൽ നിന്ന് അയ്യപ്പനും സിഐയും ഇറങ്ങിയതും. പകച്ചു നില്ലുന്ന ഈശിയെ നോക്കുന്ന സിഐ.അയ്യപ്പൻ നിസ്സഹായാവസ്ഥയിൽ ഈശിയെ നോക്കി.

അയ്യപ്പൻ
പള്ളീലച്ചൻ വിളിച്ച് പറഞ്ഞട്ട് വന്നേണ്
സാറ്..സാറേ ഇതാണ് ഞാന്‍പറഞ്ഞ ഈശി..

സി.ഐ.
ബാ..ശവം കാണണം..

അയ്യപ്പൻ
വാ സാറേ...

അയ്യപ്പനയാളെ ശവത്തിനരികിലേക്കു നയിച്ചിട്ട് ഓടി ഈശിയുടെ അരികിലെത്തുന്നു.സ്വകാര്യമായി പറയുന്നു

അയ്യപ്പൻ
ഈശി നിന്റെ കൈയ്യീ കാശ് ബാക്കി
വല്ലോമൊണ്ടോ..എങ്ങനേങ്കിലുമൊന്ന്
ഒതുക്കാന്പറ്റ്വോന്ന് നോക്കട്ടെ

തകർന്നു പോയ ഈശി കീശയിലുണ്ടായിരുന്ന മുഴുവൻ കാശും ചില്ലറയടക്കം അയ്യപ്പന്റെ കൈയ്യിലേക്കു ചൊരിഞ്ഞിട്ടു. പശ്ചാത്തലത്തിൽ സിഐ ശവത്തിന്റെ തല മുറിഞ്ഞത് പരിശോധിക്കുന്നതു കാണാം.

സി.ഐ.
അതേ..ഇതെങ്ങനേണീ മുറിവൊണ്ടായത്...

അതു കേട്ടപാടെ പൊട്ടിമുളച്ചമട്ടിൽ ബാർബര അലറിക്കരഞ്ഞുകൊണ്ട് ഓടിയെത്തി.പെണ്ണമ്മ അവളെ തള്ളി മാറ്റി

പെണ്ണമ്മ
കുടിച്ച് ചവിട്ട് നാടകം കളിച്ചപ്പ വീണ്
പൊട്ടിയതാണ് സാറേ..

സിഐ സൂക്ഷ്മമായി പരിശോധിക്കുന്നു. ബാർബര വിലപിക്കുന്നു.

ബാർബര
കൊന്നതാണ് സാറേ തല്ലിക്കൊന്നതാണ്..

സി.ഐ
നിങ്ങ കണ്ടതാണാ..

തക്കസമയത്ത് ബാർബരയെ മറികടന്ന് അയ്യപ്പൻ സിഐയെ വിളിച്ചു മാറ്റിക്കൊണ്ടുപോകുന്നു.പുറത്ത് ഭാര്യ ഷേളി ചൂടിച്ച വലിയ കുടയ്ക്കു കീഴില് നില്ക്കുന്ന ഗർവ്വാസീസു ഡോക്ടർ

ഗർവ്വാസീസ്
എന്താ കേസ്സെടുക്കാന്പോണേണാ..

സി.ഐ
ഡോക്ടറ് ശവം നോക്കിയാര്ന്നാ..

ഗർവ്വാസീസ്
പിന്നേ.. വാവച്ചനെന്റെ പേഷ്യന്റല്ലേ..വെളുപ്പിനേ
വന്നു നോക്കിയാര്ന്നു...ഒടനെ ബൈപ്പാസു
ചെയ്യില്ലേല് കൊഴപ്പമാണെന്നു 2 മാസം
മുന്പുപറഞ്ഞതാണ്..കേട്ടില്ല..പറഞ്ഞട്ടെന്താണ്
കാരിയം..അയാക്ക് നേരമായി..

സി.ഐ
തലേല മുറിവ്..

ഗർവ്വാസീസ്
ഓ..അതു തറേല് വീണതല്ലേ..ആഴമില്ലന്നേ..

സിഐ.
കാലത്ത് എസ്ഐ വന്നു നോക്കി
പറഞ്ഞാരുന്നു..ഞാനിപ്പ നോക്ക്യപ്പ അതു

ശരീമാണ്..ഇതു കൊലക്കേസാക്കാൻ
വികാരിയച്ചനാണ് തെരക്ക്..ഇന്നല
തൊടങ്ങിയതാണ്..

ഡോക്ടർ ചിരിച്ചു

ഗർവ്വാസീസ്
അച്ചനും താനും കുപ്പായം വെച്ച് മാറണേണ്
നല്ലത്..

ചിരിച്ച് ഗർവ്വാസീസ് കടന്നു പോകുന്നു. പിന്നാലെ സിഐയും അതിനു പിന്നിലായി അയ്യപ്പനും. അയ്യപൻ പിന്നാലെ ചെന്ന് സിഐയെ തോണ്ടി വിളിച്ചു.

അയ്യപ്പൻ
ഇനിയീശവടക്കു നടക്കൂല്ല സാറേ..അതു വലിയ
പ്രശ്നമാണ്..എന്താണിപ്പ ചെയ്യണത്..

സിഐ.
അതിപ്പ ഞാൻ വിചാരിച്ചാ കൂടണ കാര്യമല്ല,
താനിങ്ങോട്ടു വന്നേ..

അവർ അല്പം മാറി കുടക്കീഴില്പ നിന്നു സംസാരിക്കുന്നു. ഈ സമയം ഇതൊന്നുമറിയാതെ ഭ്രാന്തു പിടിച്ച മട്ടിൽ തല മാന്തിപ്പറിക്കുന്ന ഈശി. ഔട്ട് ഒഫ് ഫോക്കസിൽ അയ്യപ്പനും സിഐയും ധാരണയിലെത്തിയ മട്ടിൽ ചലിക്കുന്നതു കാണാം. വീട്ടു പടിക്കലെത്തിയ സിഐ പോലീസു വണ്ടിയിൽ പോകുന്നു. അകത്ത് സർവ്വ നിയന്ത്രണങ്ങളും വിട്ടു പോയ മട്ടിൽ ഈശി.

ഈ നേരത്തു തന്നെ അവന്റെ ഫോൺ അടിക്കാൻ തുടങ്ങി അവനാ ഫോണെടുത്ത് മഴയിലേക്ക് ആഞ്ഞെറിയുന്നു.മഴ കോരിച്ചൊരിയുകയാണ്. അവൻ ആ മഴയും നോക്കി അങ്ങനെ നിന്നു.മഴ മങ്ങി മങ്ങി ഔട്ട് ഒാഫ് ഫോക്കസ്സാകുന്നു.

CUT TO

57.INT വാവച്ചൻ വീട് രാത്രി ഫ്ളാഷ്ബാക്ക്

തലേ രാത്രി ഈശിയോട് തനിക്ക് നല്ലൊരു ശവമടക്കു തരണമെന്ന് പറയുന്ന വാവച്ചൻ . എല്ലാം ചെയ്തു കൊടുക്കാമെന്നു വാക്കു കൊടുക്കാമെന്നു പറയുന്ന വാവച്ചൻ .പിന്നാലെ ഈശോ മറിയം ഔസേപ്പേ ഈയാത്മാവിന് കൂട്ടായിരിക്കണേ..എന്ന കൂട്ട വിലാപം നിറയുന്നു.

CUT TO

58.EXT വാവച്ചൻ വീട് പകൽ

ചെവിട്ടോർമ്മയുടെ ഈശോമറിയം യൌസേപ്പേ വിലാപം തുടരുന്നു.ഈശിയുടെ സമനില തെറ്റി. ഭ്രാന്തു പിടിച്ച മട്ടിൽ മഴയത്തേക്കോടുന്ന ഈശി. അയാൾ വേലിപ്പത്തൽ വലിച്ചൂരിയെടുക്കുന്നു. അലർച്ചയോടെ തിരിച്ചു വരുന്നു. ആദ്യം മുന്നിൽ വന്നു പെട്ട ജെറമിയാസിനെ തല്ലിപ്പരുവമാക്കുന്നു. അവനെ രക്ഷിക്കാൻ വന്ന ഔദക്കുട്ടിയേയും പിന്നാലെ കരഞ്ഞു വന്ന ബാർബരയേയും തടക്കാൻ വന്ന സർവ്വരേയും തല്ലുന്നു. ബാർബരയേയും കൂട്ടരേയും ഔദക്കുട്ടി പിടിച്ചു വലിച്ചു പുറത്തേക്കിറക്കുന്നു.

ഔദക്കുട്ടി
അവനു നട്ടപ്രാന്തായേക്കേണ് ഇങ്ങോട്ട് വന്നണ്ടേ

ഈശി അവിടെക്കൂടിയിരിക്കുന്ന എല്ലാവരേയും വേലി പത്തലു കൊണ്ട്

അടിച്ചോടിക്കുന്നു. തടുക്കാൻ ചെന്ന അയ്യപ്പനും ചൌരോസ്സും മനീക്കിനും ഫോട്ടോഗ്രാഫർക്കും ശിവനപ്പനുമെല്ലാം കിട്ടി അടി. സബേത്ത് തടയാൻ വന്നപ്പോൾ അവൾക്കും കിട്ടി അടി. എല്ലാവരും പടിക്കു പുറത്തേക്കിറങ്ങുന്നു. ഈശി വൻഭീതി അഴിച്ചു വിടുന്നു.കോരിച്ചൊരിയുന്ന മഴയിൽ അയലത്തുകാരെ പോലും പുറത്തു കളയുന്ന ഈശി.അവൻ വീടിനു നേരെ ഓ◌ാടുന്നു.

58A.INT വരാന്ത സായാഹ്നം

ആർത്തലറുന്ന അമ്മയേയും പെങ്ങളേയും ഭാര്യയേയും തള്ളി വീട്ടിനകത്താക്കാൻ പാടുപെടുന്ന ഈശി. അവർ വാവിട്ടു കരയുന്നു.

ഈശി
കേറടിയകത്ത്..കേറാനാണ് പറഞ്ഞത്

അവരെ ബലം പ്രയോഗിച്ചകത്തു കയറ്റി വാതിൽ വലിച്ചടച്ച് ഓ◌ാടാന്പലിടുന്ന ഈശി.

58B EXT പറന്പ് സായാഹ്നം

ഈശി ഭ്രാന്തനേപ്പോലെ പറന്പിലൂടെ ഓ◌ാടുന്നു. കുന്താലി കൊണ്ടു പറന്പിൽ ആഞ്ഞു വെട്ടുന്നു.ഫാസ്റ്റ് മോഷനിൽ വീണ്ടും ഓ◌ാടുന്നു ശവത്തിനരികിലെത്തുന്നു. വാവിട്ടു കരയുന്നു. കെട്ടിപ്പിടിക്കുന്നു. കരയുന്നു.

CUT TO

59.EXT കടൽത്തീരം സന്ധ്യ

തീരത്ത് ചത്തു കിടക്കുന്ന നായ. കാക്കകളുടെ കരച്ചിൽ

CUT TO

60.EXT വാവച്ചന്റെ വീട് സന്ധ്യ

മഴ. ശവപ്പെട്ടിയിൽ നിന്നുമിറക്കിയ വാവച്ചന്റെ ശവം തോളിലേറ്റി പറന്പിലൂടെ നടന്ന് അയാൾ തോണ്ടിയ കുഴിക്കരികിൽ വയ്ക്കുന്നു. പിന്നെ അന്ത്യോപചാരങ്ങളർപ്പിക്കാൻ ഇരു കൈയ്യും കൂപ്പി അവൻ പറഞ്ഞു

ഈശി
അപ്പാ..ഈശോമിശ്യായ്ക്കും സുതിയായിരിക്കട്ടേപ്പാ...

അയാൾ ശവത്തെ കരുതലോടെ കുഴിയിലേക്ക് ഇറക്കുന്നു. മഴ ആർത്തലയ്ക്കുന്നു. മണ്ണിട്ടു മൂടിയശേഷം തലയ്ക്കൽ നാട്ടുകാരെ തല്ലിയിറക്കിയ വേലിപ്പത്തലു കൊണ്ട് ഒരു കുരിശു കുത്തിവയ്ക്കുന്ന ഈശി. മുട്ടു കുത്തി വീണ് വാവിട്ടു കരയുകയാണവന്. മഴ അവനെ മൂടിപ്പുതപ്പിച്ചു.

CUT TO

61.EXT വള്ളപ്പുര സന്ധ്യ

ചീട്ടു കുത്തു താഴെയിട്ട് എണീക്കുന്ന മദ്ധ്യവയസ്സക്കനും വൃദ്ധനും.

മധ്യവയസ്കൻ
ഇതിപ്പ ആരിടേണ്..

വൃദ്ധൻ
ആരുടേമല്ല..

മധ്യവയസ്കൻ
ആരിടേമല്ലാത്തത് ആരിക്കു പോകും

വൃദ്ധൻ
നമ്മക്ക് വീതിക്കാടാ..

അവർ ഇരുവരും ചിരിക്കുന്നു

CUT TO

62.EXT കടപ്പുറം സന്ധ്യ

കടലിൽ നിന്ന് മൂന്നാലു വഞ്ചികൾ വരുന്നു. അതിൽ കറുത്ത അങ്കിയണിഞ്ഞ പുരോഹിതന്മാരേപ്പോലുള്ള ആളുകൾ . തീരത്ത് ചീട്ടുകളിച്ചിരുന്ന വൃദ്ധനുംമദ്ധ്യവയസ്കനും കുഴിവെട്ടി സൈമഞ്ചേട്ടനും ഒപ്പം വാവച്ചനും താറാവും നായയും. അവരെ കാത്തിരിക്കുന്നു.

FADE OUT

***********